Reg· M· No· 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 സെപ്ററംബർ 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 ചിങ്ങം 22 | ലക്കം 5

## ക്രിസ്തീയ സൗഭാഗ്യം

[ജെ. വട്ടങ്കി എസ്. ജെ.]

സൗഭാഗ്യം— അനുധാവനം ചെയ്യുംതോറും അകന്നകന്നുപോകുന്ന ആ അക്കരപ്പച്ച! അതിനെ അന്വേഷിച്ച് എത്രയെത്ര ആളുകൾ ഊണും ഉറക്കവും ഒഴിഞ്ഞ് കഠിനപരിശ്രമങ്ങൾ ചെയ്തിട്ടില്ല! ജീവിതവിഹായസ്സിലെ ആ വെള്ളിനക്ഷത്രത്തിന്റെ മഞ്ജുളമയൂഖങ്ങളിൽ ആത്മനിർവൃതി അടയുവാൻ എത്രയെത്രയാളുകൾ വെമ്പൽകൊണ്ടിട്ടില്ല! നാം ഓരോരുത്തരുടേയും സർവ്വപ്രവർത്തനങ്ങൾക്കും പ്രചോദനം നൽകുന്നതും പരമാനന്ദപ്രാപ്തിക്കായുള്ള ആഗ്രഹമല്ലേ?

മനുഷ്യന്റെ അന്തിമോദ്ദേശ്യം, പരമാവശ്യം, സൗഭാഗ്യമാണെന്നു (അതും പരിപൂർണ്ണസൗഭാഗ്യം) സകല ചിന്തകരും സമ്മതിച്ചിരിക്കുന്നു. ഇതു ക്രിസ്തീയ സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായ വി. അഗസ്റ്റിന്റെ ലിഖിതങ്ങളിൽ കണ്ടെത്തിയിട്ടുള്ള ഒരാശയമാണ്. അരിസ്റ്റോട്ടൽ, ശങ്കരാചാര്യർ ആദിയായ താത്വികപ്രവീണരുടെ പ്രവർത്തനങ്ങളുടെയെല്ലാം ഉദ്ദേശം ഇതുതന്നെയായിരുന്നു. മഹൽസമ്രാട്ടുകളായ സീസർ, നെപ്പോളിയൻ മുതലായവരുടേയും പരമോദ്ദേശ്യം സൗഭാഗ്യസംസിദ്ധിതന്നെയായിരുന്നു. പതിനെട്ടാം നൂററാണ്ടിലെ ഫ്റഞ്ചുവിപ്ലവത്തിന്റെയും, ഇരുപതാം ശതാബ്ദത്തിലെ റഷ്യൻ വിപ്ലവത്തിന്റേയും പ്രധാനകാരണവും ഇതുതന്നെ. കലാപരവും സൃഷ്ടിപരവും ആയ പ്രവർത്തനങ്ങൾക്ക് പ്രചോദനം ലഭിച്ചതും ആനന്ദാഗ്രഹത്തിൽനിന്നാണ്. അനുവാചകർക്കും തനിക്കും വിശിഷ്ടാശയങ്ങൾ മുഖേന സംതൃപ്തി നൽകുവാനായിരിക്കണം ഹോമറിന്റെ "ഇലിയഡും" "ഒഡിസ്സിയും" രൂപമെടുത്തതു്. കാളിദാസന്റെ ശാകുന്തളത്തിനും, രഘുവംശത്തിനും കാരണം അതുതന്നെയായിരിക്കണം. ബീഥോവന്റെ ശ്രുതിമധുരമായ ഒൻപതു സിംഫണികൾക്കും, മൊസാർട്ടിന്റെ വിശ്വോത്തരസംഗീതത്തിനും ഉത്തേജനം നൽകിയതും ആനന്ദാഗ്രഹംതന്നെ.

ചരിത്രകാലം മുതൽ നാളിതുവരെയുള്ള സകല ചിന്തകരോടൊപ്പം കത്തോലിക്കാസഭയും പഠിപ്പിക്കുന്നു, മനുഷ്യന്റെ അന്തിമോദ്ദേശ്യം സൗഭാഗ്യസംസിദ്ധിയാണെന്നു്. പക്ഷേ സഭ തരുന്ന സൗഭാഗ്യം മററു ചിന്തകർ നിർവ്വചിച്ച സൗഭാഗ്യത്തിൽനിന്നു് വളരെ വ്യത്യസ്തമാണ്. സഭയുടെ സൗഭാഗ്യം പ്ലേറേറായുടേതുപോലുള്ള ഒരു വ്യക്തിത്വമില്ലാത്ത അവ്യക്താശയത്തിന്റെ അവലോകനാസ്വാദനത്തിൽ അധിഷ്ഠിതമായിരിക്കുന്നതല്ല. അതു് ഒരു ഹൈന്ദവസന്യാസിയുടെ നിർദ്ദാക്ഷിണ്യശരീര പീഡനത്തിൽനിന്നു് ഉൽഭൂതമാകുന്നതോ അല്ല. അതിൽ നീച്ചേയുടെ (Nietzsche) അധികാരത്തിനുവേണ്ടിയുള്ള മാനുഷേച്ഛക്കോ, ഫ്റോയിഡിന്റെ ലൈംഗികജീവിതതത്വത്തിനോ, ഷോപ്പൻഹവറിന്റെ, സംഗതികൾ ഇതിനേക്കാൾ വഷളാക്കാമെന്ന തീരാഭയത്തിനോ സ്ഥാനമില്ല. അതു് വില്യം ജയിംസിന്റെ പ്രാഗ്മാററിസംകൊണ്ടോ, മാർക്സിന്റെ മററീരിയലിസംകൊണ്ടോ ലഭ്യമാകുന്നതുമല്ല. പ്രത്യുത സഭ നമുക്കു് ആദർശമായി കാണിച്ചുതരുന്ന സൗഭാഗ്യം, സച്ചിദാനന്ദനെ നേരിട്ടു കാണുന്നതിലാണ് അടങ്ങിയിരിക്കുന്നതു്. ഈ തത്വത്തെ നമുക്കു് അല്പം വിശദീകരിക്കാം.

സൗഭാഗ്യത്തെപ്പററിയുള്ള കത്തോലിക്കാ പഠനം ഇപ്രകാരം സംഗ്രഹിക്കാവുന്നതാണ്. നിത്യഭാഗ്യമാണ് ഏററവും മികച്ച ആനന്ദം. ഇതു് മനുഷ്യന്റെ ജീവിതോദ്ദേശ്യം തന്നെയാകയാൽ സകലർക്കും സുപ്രാപ്യമാണ്. ദൈവത്തെ അഭിമുഖമായി കണ്ടാരാധിക്കുന്നതിലാണ് ഇതു് അടങ്ങിയിരിക്കുന്നതു്. അതിന്റെ പൂർത്തീകരണം പരലോകത്തിലാണെങ്കിലും, ഇഹലോകത്തിൽവച്ചുതന്നെ നമുക്കു് അപൂർണ്ണവും, ഭാഗികവുമായ ഒരു സന്തോഷം അനുഭവിക്കുവാൻ സാധിക്കുന്നതാണ്. ഇതിനുള്ള മാർഗ്ഗം ക്രിസ്തീയതത്വസംഹിതയിൽ അടിയുറച്ചു വിശ്വസിക്കുന്നതിലും, അവയെ പരിപൂർണ്ണമായി പരിപാലിക്കുന്നതിലും അടങ്ങിയിരിക്കുന്നു. ക്രിസ്തുവിന്റെ മലയിലെ പ്രസംഗം ഒരാവർത്തി വായിച്ചുനോക്കുക, സൗഭാഗ്യസംസിദ്ധിയും അതിന്റെ മാർഗ്ഗങ്ങളും അതിലുണ്ടു്.

പൗരാണികകാലം മുതൽ ക്ലേശങ്കഷവിചാരങ്ങൾക്കധീനമായ ഒരു വിഷയമാണ് സൗഭാഗ്യമെന്നു് നേരത്തെ സൂചിപ്പിച്ചുവല്ലോ. സോക്രട്ടീസ് ആദ്യമായി ആലോചിക്കുവാനും ചിന്തിക്കുവാനും തുടങ്ങി, സൗഭാഗ്യമെന്നാൽ എന്തെന്നു്. അവസാനം അതു "സൗശീല്യത്തിൽ" ആണെന്നു് അദ്ദേഹം വാദിച്ചു. പ്ലേറേറായാകട്ടെ മനുഷ്യന്റെ അധമ ഉത്തമാംശങ്ങൾ തമ്മിൽ രഞ്ജിച്ചുകഴിയുന്നതിൽ സൗഭാഗ്യദർശനംചെയ്തു. എപ്പിക്യൂറസ്സിന്റെ അനുഗാമികളോ, എന്നാൽ പ്രകൃതിയെ അന്ധമായി അനുസരിച്ച്, ഭോഗസുഖങ്ങളിൽ മുങ്ങിക്കുളിക്കുന്നതിൽ സൗഭാഗ്യം കണ്ടെത്തി.

അരിസ്റ്റോട്ടലായിരുന്നു മററു പല കാര്യങ്ങളിലെന്നവണ്ണം ഈ വിഷയത്തിലും വി. തോമസ് അക്വിനാസിനു് മാർഗ്ഗദർശനം നൽകിയതു്. അരിസ്റ്റോട്ടലിന്റെ അഭിപ്രായപ്രകാരം സൗഭാഗ്യം നേരായ പ്രവൃത്തികളിൽ നിന്നുണ്ടാകുന്ന സംതൃപ്തിയാണ്. പരമസൗഭാഗ്യം ഉൽകൃഷ്ടതമമായ മനുഷ്യശക്തിയുടെ— ബുദ്ധിയുടെ —ശരിയായ പ്രവർത്തനങ്ങളിലും അടങ്ങിയിരിക്കുന്നു. പക്ഷേ അരിസ്റ്റോട്ടലിന്റെ സൗഭാഗ്യനികേതനത്തിലേക്കു് ചുരുക്കം ചില പണ്ഡിതന്മാർക്കേ പ്രവേശനമുള്ളു.

ക്രിസ്തീയവെളിപാടിന്റെ വെളിച്ചത്തിൽ വി. തോമസ് അക്വിനാസ് അരിസ്റ്റോട്ടലിന്റെ തത്വങ്ങളെ നിരീക്ഷിച്ചു. ഫലമോ? യഥാർത്ഥ പരമസൗഭാഗ്യം ബുദ്ധിപരമായ ധ്യാനംകൊണ്ടു് ദൈവത്തിൽ ആനന്ദിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്നു് വിശുദ്ധൻ സ്ഥാപിച്ചു. സ്കോട്ടസ് തുടങ്ങിയ മററു ചില കത്തോലിക്കാ ചിന്തകർ ദൈവത്തെ കണ്ടാനന്ദിക്കുന്നതിൽ മനസ്സിന്റെ (Will) ഭാഗത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയതു്. "നമ്മുടെ ഹൃദയം ദൈവത്തിൽ വിശ്രമം കണ്ടെത്തുന്നതുവരെ അസമാധാനമായിരിക്കു"മെന്നുള്ള വി. അഗസ്റ്റിന്റെ വാക്യവും പ്രകൃതത്തിൽ പ്രസക്തമാണ്. പൊതുവായിപ്പറഞ്ഞാൽ എല്ലാ കത്തോലിക്കാ ചിന്തകരും ബുദ്ധിയുടേയും മനസ്സിന്റേയും പ്രവർത്തനങ്ങൾ ഒന്നിച്ചുചേർന്നു് മനുഷ്യനന്മക്കായി പ്രവർത്തിക്കുന്നുവെന്നു് പഠിപ്പിക്കുന്നു. നാമാരും വെറും ഒരു ബുദ്ധിയോ, വെറും ഒരു മനസ്സോ അല്ല, മറിച്ച് ബുദ്ധിയും മനസ്സും സംയോജിച്ചുള്ള വിശിഷ്ടസൃഷ്ടികളാണ്.

ഇഹലോകജീവിതമാണ് നമുക്കാദ്യമായിട്ടുള്ളതു്. അതിൽനിന്നെപ്രകാരം നമുക്കു് ഏററവും കൂടുതൽ സന്തോഷവും സൗഭാഗ്യവും സമ്പാദിക്കാം? ഇതൊരു മൗലികപ്രശ്നംതന്നെ. ഇതിനു് ഒരേയൊരുത്തരം മാത്രമേയുള്ളു, ക്രിസ്തീയതത്വങ്ങൾ പാലിക്കുക. ത്യാജ്യമായതു ത്യജിക്കുക, നല്ലതു സ്വീകരിക്കുക, പുണ്യം ചെയ്യുക, പാപം വർജ്ജിക്കുക, ഇവ അതിന്റെ സാധാരണനിയമങ്ങളും. സർ ഫിലിപ്പ് സിഡ്നി ഒരിക്കൽ ഇപ്രകാരം പറഞ്ഞു: നല്ലതു ചെയ്യുകയെന്നതുമാത്രം മനുഷ്യജീ



"വിമ്മിക്കരയുന്ന മാടപ്രാവു്"—വ്യാകുലാംബിക

പരിശുദ്ധ കന്യകമറിയത്തിന്റെ വ്യാകുലതകളുടെ വണക്കമാസം

# ചെറുകഥ

## അപ്പനും മകനും

[ജോസഫ് മററം, ബി. എ.]

രണ്ടാംകെട്ടിന് തയാറായിപ്പോകുന്ന ഒരു മണവാളനെപ്പോലെയിരിക്കുന്നു ആ കാപ്പിത്തോട്ടത്തിനു നടുക്കു കാണുന്ന വീട്. അതൊരു പഴഞ്ചൻ വീടാണ്. പഴയ മോഡലിൽ പണ്ടൊരു വീട്. അതിനവിടെയുമിവിടെയും വെള്ളയടിച്ചും ചായംതേച്ചും അല്പമൊരു ചന്തം വരുത്തിയിട്ടുണ്ട് ഈയിടെ. പിന്നെ അതിനോടുചേർന്ന് ഒരു പുത്തൻ ചാവടിയും.

ഒന്നാംതരമൊരു മാളിക പണിയാനുള്ള സ്വത്തുണ്ടവർക്ക്. പക്ഷേ ആ വീടു പൊളിക്കാനോ പുതുക്കിപ്പണിയാനോ കുഞ്ഞേട്ടനു മനസ്സില്ല. കാരണമെന്താണെന്നു ചോദിച്ചാൽ, പത്തുനാല്പതുകൊല്ലം മുമ്പു വച്ച ആ പുര പൊളിക്കരുതെന്ന് ആശാരിയൊരു മുന്നറിയിപ്പു കൊടുത്തിരുന്നു. ആ "ആരൂഢം" പൊളിച്ചാൽ എന്തോ വലിയ ഒരാപത്ത് ആ വീട്ടുകാർക്കുണ്ടാകും. പുതിയ പുര പണിയാനവർക്കു മനസ്സുണ്ട്; കഴിവുണ്ട്; പണവുമുണ്ട്. പക്ഷേ മൂത്താശാരിയുടെ ഈ പ്രവചനം അവരെ ഭയപ്പെടുത്തി.

ഒരുകണക്കിനു പറഞ്ഞാൽ, അതു പൊളിക്കാതിരിക്കുകയല്ലേ നല്ലത്? എന്തിനാ വലിയ ഒരു വീട്, കുഞ്ഞേട്ടനോർക്കും. ആ നാട്ടിലുള്ള ഒട്ടുമിക്ക വീടുകളിലും മേൽത്തരമാണ് തന്റെ ഈ പഴഞ്ചൻ വീട്. അപ്പൻ പണിയിച്ച ആ വീട് അങ്ങനെതന്നെ നിന്നുകൊള്ളട്ടെ.

മാത്തുച്ചേട്ടന്റെ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ പണിയിച്ച വീടാണത്. കേറിപ്പാർത്ത കൊല്ലമുള്ളതാണ് കുഞ്ഞ്; മാത്തുച്ചേട്ടന്റെ മൂത്തതും ഇളയതുമെല്ലാംകൂടിയുള്ള ഏകമോൻ, കുഞ്ഞ്; അല്ലെങ്കിൽ കുഞ്ഞുമാണി. ആ കാപ്പിത്തോട്ടത്തിന്റെ വടക്കേമൂലയ്ക്ക് ഇന്നൊരു പുളിമരം നില്പുണ്ട്. അതാണ് മാത്തുച്ചേട്ടന്റെ ആദ്യത്തെ ആസ്ഥാനം. അവിടെ ഒരേറുമാടത്തിലാരംഭിച്ച കുടുംബമാണ് ഇന്നൊരു വലിയ വീട്ടിലവസാനിക്കുന്നത്.

വളരെക്കൊല്ലങ്ങൾക്കുമുമ്പ്, പീടികക്കോലായിൽ കിടന്നുറങ്ങുകയും, ഹോട്ടൽ പരിസരങ്ങളിൽ ചുറ്റിപ്പറ്റിനടന്നു പശിയടക്കുകയും ചെയ്ത ഒരു കണ്ണുനീരിന്റെ ചരിത്രം ആ കുടുംബനാഥന്റെ പിറകിലുണ്ട്. ഒരു വയറും ഒരു തുണിയുംകൊണ്ട് അടിക്കല്ലിട്ടത് പിന്നീടുയരാനിരുന്ന ഒരു നല്ല ജീവിതത്തിനായിരുന്നു.

ഹോട്ടൽവരിപ്പയിൽനിന്ന്, പടപൊരുതിയ പട്ടാളക്കാരനെപ്പോലെ പുറത്തിറങ്ങിവന്ന ആ തെണ്ടിപ്പയ്യനെ എരപ്പാളിപ്പിള്ളേർ വിളിച്ചു പരിഹസിച്ചു: "പോടാ ഊത്തവയറാ."

"നിന്റെ അവനാടാ ഊത്തവയറൻ; നീ മത്തങ്ങാവയറനും." അവൻ വിട്ടുകൊടുക്കുകയില്ല. അവർ കല്ലുപെറുക്കിയെറിയും; അവൻ കൈചുരുട്ടിക്കാണിക്കും; "ഒറ്റയിടിക്കു ഞാൻ..."

അങ്ങനെ അടിച്ചും അടികൊണ്ടും ഇണങ്ങിയും പിണങ്ങിയും, മാത്തു അവരുടെ നേതാവായി. ആ കൊച്ചുപട്ടണത്തിലെ തെണ്ടിപ്പിള്ളേരുടെ ലീഡറാണവൻ; ഒരു കൊച്ചുറൗഡി.

ചുമട്ടു ചുമക്കുകയും പെട്ടിയെടുക്കുകയും, പാത്രം കഴുകുകയും ഒക്കെച്ചെയ്യുമ്പോൾ അവൻ ഭാവിയെപ്പറ്റി ചിന്തിക്കും. ഒരു ഹൃദയമുള്ള കൊച്ചൻ, ഭാവിയുടെ മൂടൽമഞ്ഞിലൂടെ തുറിച്ചുനോക്കാൻ ശ്രമിച്ചിരുന്ന ഒരു പയ്യനായിരുന്നു മാത്തു. ചില ചില്ലിത്തുട്ടുകളുടെ ഉടമയാണവൻ. ബീഡിതെറുപ്പു പഠിച്ചു; റിക്ഷാവലി ശീലിച്ചു. ഒന്നും അവനു സാരമില്ല.

അവൻ ജോലിചെയ്തു. മടിക്കാതെ, ചുറുചുറുക്കോടെ ജോലിചെയ്തു. അപ്പക്കഷണങ്ങളും, ചതഞ്ഞ ഓറഞ്ചുകളും, പച്ചവെള്ളവും; ഇതൊക്കെയായിരുന്നു ആ കൊച്ചിന്റെ തീൻമേശയിലെ വിഭവങ്ങൾ.

അങ്ങനെ ഒരു മനുഷ്യൻ വളരുകയായിരുന്നു. പട്ടണത്തിലെ ചേടിവേലയെല്ലാം അവസാനിപ്പിച്ച് ഒന്നാംതരമൊരു ബീഡിതെറുപ്പുകാരനായി അവനുയർന്നപ്പോൾ പട്ടണം അവനെ അറിഞ്ഞു.

ഒരു കൊച്ചുമുറത്തിലേക്കു കുനിഞ്ഞിരുന്നുകൊണ്ട് അവനൊരു യന്ത്രത്തെപ്പോലെ ബീഡിതെറുക്കും. അവന്റെ കൊച്ചുതലമുടിച്ചുരുളുകൾ കാറ്റത്താടുകയും അവന്റെ മൂളിപ്പാട്ടിനൊത്തു അവൻ നൃത്തം വെക്കുകയും ചെയ്യും.

അക്കാലത്താണ് പാലുകാരി കൊച്ചുമറിയയുമായി അവൻ പരിചയപ്പെട്ടത്. ഒരു ചെമ്മാന്ത്രമുള്ള പെണ്ണായിരുന്നു അവൾ. അവരുടെ കല്യാണം അധികം താമസിയാതെ നടക്കുകയുംചെയ്തു.

അങ്ങനെ ഒരു കൊച്ചുകുടുംബം ആരംഭിച്ചു. കണ്ണുനീരിലും പൊട്ടിച്ചിരിയിലും, പുഞ്ചിരിയിലും വേദനയിലുംകൂടി അതൊരു കൊതുമ്പുവള്ളംപോലെ നീങ്ങി. അവനായിരുന്നു അതിന്റെ അമരക്കാരൻ. അവന്റെ ബലിഷ്ഠമായ കൈകൾ ആ വള്ളത്തിന്റെ പങ്കായമായിരുന്നു; കൊച്ചുമറിയയുടെ സ്നേഹമുള്ള ഹൃദയം ആ കൊതുമ്പുവള്ളത്തിന്റെ നീക്കത്തിനുള്ള പുന്നാരക്കാറ്റായിരുന്നു.

ബീഡിതെറുപ്പ് കൃഷിയിലേക്കുനീങ്ങി. ആ പുളിമരം നില്ക്കുന്ന സ്ഥലത്ത് വാങ്ങിയ ഒന്നരസെന്റു സ്ഥലത്ത് അവരൊരേറുമാടം വച്ചുകെട്ടി. അതിന്റെ ചുറ്റുമുള്ള കന്യാഭൂമികൾ മനുഷ്യന്റെ വിയർപ്പിനുവേണ്ടി ദാഹിക്കുകയായിരുന്നു.

മാത്തു പണിതു. പുതുമഴയ്ക്കുവേണ്ടി മാനത്തേക്കു നോക്കുന്ന പൊട്ടക്കിണറുപോലെയായിരുന്നു ആ ഒന്നരസെന്റു സ്ഥലം. അവിടെ ആ മനുഷ്യന്റെ രക്തത്തുള്ളികൾ വിയർപ്പുകണങ്ങളായി വീണുകൊണ്ടിരുന്നു... സെന്റുകൾ വർദ്ധിച്ചു.

വാഴകളും തെങ്ങിൻതൈകളും കപ്പയും... അതങ്ങനെ കിഴക്കൻ വനങ്ങൾപോലെ വളർന്നു. മാത്തു മാത്തുച്ചേട്ടനായി, മാത്തുച്ചനായി. ഒന്നാംതരമൊരു കാശുകാരനായി. മറ്റുള്ളവരുടെ പറമ്പുകളും പുരയിടങ്ങളും അല്പാല്പമായി ഈ കൊച്ചുസ്ഥലത്തോടുചേർന്നുവന്നുകൊണ്ടിരുന്നു.

പക്ഷേ, മാത്തുച്ചേട്ടനിന്നും ആ കച്ചമുണ്ടുകാരനാണ്. എവിടെ പോകണം, ആ കച്ചമുണ്ടുമതി അദ്ദേഹത്തിന്. ആ പാളത്തൊപ്പിയുടെ ഉള്ളിൽ രൂപാനോട്ടുകളുണ്ടിന്ന്. രൂപായെല്ലാംകൂടി കടലാസിൽ കെട്ടി, അതങ്ങു പാളപ്പൊതിയിലാക്കി ബാങ്കിൽ പോയിട്ടുള്ള ആളാണദ്ദേഹം. വല്ലവരും ചോദിച്ചാൽ പറയും;

"ഓ! ഞാനിത്രടംവരെ!"

"ഇതെന്നാ പൊതി?"

"കണ്ട കച്ചറാ പിച്ചറാ കക്കെ!"

ഒരു കാശുകാരന്റെ പുത്രനായിട്ടാണ് കുഞ്ഞേട്ടൻ ജനിച്ചത്. കൊച്ചുമറിയ ഒന്നേ പ്രസവിച്ചുള്ളു. ആ ഒറ്റപ്പുരാടനാണ് കുഞ്ഞുമാണി; അല്ലെങ്കിൽ ചുരുക്കിപ്പറഞ്ഞാൽ കുഞ്ഞ്. അവൻ പട്ടണങ്ങളിലെ കില്ലപ്പിള്ളേരെ കണ്ടിട്ടില്ല; ഹോട്ടലുകളുടെ പിറകുവശത്തുള്ള എച്ചിൽകാനകളുടെ കാഴ്ചമേ അവനറിഞ്ഞുകൂടാ. അവനു പാലുണ്ട്; ചോറുണ്ട്; ബിസ്ക്കറ്റുണ്ട്; എല്ലാമുണ്ട്.

പട്ടുടുപ്പുകളണിഞ്ഞാണവൻ പള്ളിക്കൂടത്തിൽ പോകുക. അവൻ പുറത്തേക്കിറങ്ങുമ്പോൾ മാത്തുച്ചേട്ടൻ പഴയ കഥകളോർത്തുപോകും. താൻ "ഹരിശ്രീ" എന്നൊരക്ഷരം പഠിച്ചിട്ടില്ല; ചെറുക്കനെങ്കിലും പഠിക്കട്ടെ!

പക്ഷെ അദ്ദേഹം വലിയൊരു പാഠം പഠിച്ചിട്ടുണ്ട്. ജീവിതത്തിന്റെ ചില പാഠങ്ങൾ. ആ പൂർവ്വകാലത്തിന്റെ വിഷമംപിടിച്ച പാഠങ്ങൾ നിറഞ്ഞ കണ്ണുകളോടെ അദ്ദേഹമിന്നുരുവിട്ടുപോകും. അനുഭവത്തിന്റെ അദ്ധ്യാപകനുണ്ട് അദ്ദേഹത്തിന്റെ മുൻപിൽ.

മകനു പണത്തിന്റെ പൂമെത്ത ഒരുക്കിയശേഷമാണ് അദ്ദേഹം മരിച്ചത്. കുഞ്ഞുമാണിക്ക് ഇട്ടുമൂടാൻ സ്വത്തുണ്ട്. പക്ഷെ അയൽക്കാർ പറയും, "പട്ടിക്കു മീശ വരുന്നതുപോലെയാ."

ഒരിക്കലൊരു ധർമ്മക്കാരൻ വാതിൽക്കൽ വന്നുനിന്നു വിളിച്ചു പറഞ്ഞു: "കഞ്ഞികുടിച്ചിട്ട് മൂന്നായി. ഒരു നിവൃത്തിയില്ല!"

അയാൾ ചാവടിയുടെ അകത്തേ കറങ്ങുന്ന കസേരയിലിരുന്നു നാലുംകൂട്ടി മുറുക്കുകയായിരുന്നു. "എടീ," അയാൾ ഭാര്യയെ വിളിച്ചു. "ഇവിടെ നാരങ്ങാ ഉപ്പിലിട്ടതിരുപ്പില്ലേ?"

"ഉണ്ട്, ഇപ്പമെന്തിനാ നാരങ്ങാ."

"അയാൾക്കു കൊറച്ചു കൊട്. കഞ്ഞികുടിക്കാൻ നിവൃത്തിയില്ലെന്ന്!"

ഒരെണ്ണയും പിടിക്കാത്തവർക്ക്.
നീരിറക്കം.
എണ്ടൽ.
താരൻ.
മൊരിച്ചുണങ്ങ്.
പല്ലുവേദന.
പുഴുക്കടി.
എന്നിവക്കും.
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല. നെല്ലായി.

ആ ഫലിതംകേട്ട് ആ പെൺപിറന്നവരും ചിരിച്ചുപോയി, ഹൃദയം കരയുകയായിരുന്നെങ്കിലും.

"തന്റെ തന്തേ ഞാനറിയുമെടോ! അയാളിതു പറേത്തില്ല. നാരങ്ങാക്കറിക്കു ആവശ്യമുണ്ട്; വെച്ചേരെ." ആ തെണ്ടി ഒന്നു നോക്കിയിട്ട് ഇറങ്ങിപ്പോയി. ആ വീടിനെ മുഴുവൻ ദഹിപ്പിക്കത്തക്ക ഒരു തീമഴയായിരുന്നു ആ നോട്ടം.

ധർമ്മക്കാർക്കൊരു വിലക്കപ്പെട്ട സ്ഥലമായിത്തീർന്നു. അവരങ്ങോട്ടു നോക്കുകപോലുമില്ല. അത്രയ്ക്കവരയാളെ വെറുത്തു.

വലിയൊരു ആനക്കാരൻ മുതലാളിയുടെ നടപ്പിൽ അയാളങ്ങനെ നടക്കും. ഓരോ കാൽവെപ്പിനും പത്തുരൂപായുടെ വിലയുണ്ട്! കൈയിലൊരു വളഞ്ഞ വടി കാണും. അതൊരാവശ്യമല്ല; ഒരാഭരണം. അതുണ്ടെങ്കിൽ ആ നടത്തത്തിനൊരു ഭംഗിയുണ്ട്; ഒരു ചന്തമുണ്ട്.

മുപ്പറക്കൊട്ടപോലെ ഉന്തിനില്ക്കുന്ന ആ വയറിനു മുകളിൽവച്ച് മുണ്ടുടുത്ത്, കോന്തല രണ്ടും ഇടത്തുകൈയിലുയർത്തിപ്പിടിച്ച്, വടിയുംകുത്തിയുള്ള ആ വരവ്! ഒരു പുളിയിലക്കരയൻ നേരിയത് ഒരു മലമ്പാമ്പുപോലെ തോളിലും കൈകളിലും പുറത്തുമെല്ലാമായി വളഞ്ഞുചുറ്റിക്കിടക്കുകയായിരിക്കും.

വീട്ടുകാരി ഒരു മനുഷ്യപ്പറ്റുള്ള കൂട്ടത്തിലാണ്; കാരണമെന്താണെന്നോ; അവരു കുറെ കഷ്ടപ്പെട്ടു ജീവിച്ചതാണ കൊച്ചുന്നാളിൽ. അതുകൊണ്ട് അവർക്കു വിശക്കുന്നവരെ കാണാൻ കണ്ണുണ്ട്. അതിൽ നൊന്തുകരയുന്നൊരു കരളും.

കുഞ്ഞേട്ടനെന്തോ സുഖക്കേടാണ്. പക്ഷെ കണ്ടാലങ്ങനെ തോന്നുകയില്ല. യാതൊരു ചുക്കും ചുളിവുമില്ല; മുറിവോ ചതവോ ഇല്ല. സുഖക്കേടാണെന്നു അയൽക്കാരുതന്നെ മനസ്സിലാക്കിയതെങ്ങനെയാണെന്നോ, ഗോവിന്ദൻ കണിയാർ അവിടെ വരികയും പോകുകയും ചെയ്യുന്നു. എന്തോ പച്ചിലകളും വേരുകളും തോലുകളുമന്വേഷിച്ച് കന്നുകാലികെട്ടുകാരൻ ഓടിനടക്കുന്നു. പിന്നെ, വലിയവരുടെ വീടുകളിൽ, ഒരു മൂക്കിൽപ്പനി വല്ലവർക്കും വന്നാലതും നാലുപേരറിയുന്ന കാലം.

കണിയാരേതോ ഗുളികകളും കഷായങ്ങളുമൊക്കെ പ്രയോഗിച്ചു; ഒന്നുരണ്ടു ശ്ലോകംചൊല്ലി; ഫലമില്ല. കുഞ്ഞുമാണിച്ചേട്ടൻ ഛർദ്ദിക്കുകയാണ്. ചോറിന്റെ മയം അകത്തുചെന്നാലുടനെ എടുത്തുകമഴ്ത്തുകയാണ്. വയററിൽ പരുപരെ ഒരു നോവും. ശരീരമങ്ങനെ ഈന്തുംതടിപോലെ ചീർത്തുവരുന്നു. ഒരു കടലു മുഴുവൻ കുടിച്ചുവററിക്കാനുള്ള ദാഹം.

കണിയാരുപറഞ്ഞു: "മധുരമുള്ളതൊന്നുമുപയോഗിക്കരുത്. ചോറും വർജ്ജ്യം!"

മൂന്നുനാലുമൈലകലെ ഒരാശുപത്രിയുണ്ട്. അങ്ങോട്ടു പോയാലോ എന്നായി ചിലരുടെ ആലോചന. "എന്തിനാ, കുറെ ചുക്കുവെള്ളം കിട്ടും. പിന്നെ ഡാക്കിട്ടർക്കും അവളുമാർക്കും പെറുക്കിപ്പെറുക്കി കൊടുത്തോളുക." അയാൾ പറഞ്ഞു.

കഞ്ഞികുടി നിശ്ശേഷം നിറുത്തി. ചോറിന്റെ ഗന്ധംപോലും അകത്തുചെല്ലത്തില്ല. ചെന്നാൽ നോവിരട്ടിക്കും; ഛർദ്ദിയുണ്ടാകും.

കഞ്ഞി വേണ്ടെന്നുവച്ചപ്പോൾ സുഖക്കേടിനല്പം കുറവുണ്ട്. എന്തായാലും ഡോക്ടർ വന്നു. മൂത്രം പരിശോധിച്ചുകഴിഞ്ഞതിനുശേഷം പറഞ്ഞു:

"ഓറഞ്ചുതിന്നാം; കുറേശ്ശെ പഞ്ഞപ്പുല്ലും പാലും കഴിക്കാം...... പഴകിയതാണ്. സൂക്ഷിക്കണം."

അദ്ദേഹം രണ്ടുമൂന്നു ഇൻജക്ഷൻ നടത്തി. മരുന്നിനും കുറിച്ചുകൊടുത്തു.

മാണിച്ചേട്ടൻ വിഷമിച്ചു. എങ്ങനെ ഇതുംകഴിച്ചുകിടക്കും. മരുന്നുചെന്നപ്പോൾ വിശപ്പുണ്ടായി. നല്ല വിശപ്പ്. ഒരു വാളി ചക്ക മുഴുവൻ പുഴുങ്ങിയടിക്കാനുള്ള മനസ്സുണ്ടയാൾക്കു. അന്നേരമാണ് ഓറഞ്ചുനീരും പഞ്ഞപ്പുല്ലും.

ഒരുകയിൽ കഞ്ഞിവെള്ളം കിട്ടിയിരുന്നെങ്കിൽ! അയാളാഗ്രഹിച്ചു. കഞ്ഞിവെള്ളത്തിന്റെ വില അയാൾക്കു മനസ്സിലായി. സുഖക്കേടു കൂടിയാലും വേണ്ടില്ല. ഒരുകയിൽ കഞ്ഞി... കഞ്ഞി! അയാൾക്കു കൊതിയായി. ആർത്തിയായി. വെറുപ്പും ദേഷ്യവുമാണ് ശുശ്രൂഷിക്കുന്നവരോട്. കാരണം അവർ കഞ്ഞികുടിക്കുന്നവരാണ്.

കഞ്ഞിവെള്ളത്തിനു ഇരന്നുചെന്ന ധർമ്മക്കാരെ ആട്ടിയോടിച്ച കഥകൾ! പാവം! കുഞ്ഞേട്ടൻ പൊട്ടിക്കരഞ്ഞുപോയി! ആ

### ഒരു പരമം

പുത്തൻപള്ളി, തളിയത്തു് ഉറുമീസ് ലോനാക്കഞ്ഞി അവർകളുടെ ഭാര്യയും, ഉറുമീസ് തളിയത്തു് B. Sc, B. Chem. Eng., അവർകളുടെ മാതാവുമായ ശ്രീമതി അന്നം (ചേത്തല മൂലയിൽ കുഴ്ച്ചൻ തരകൻ അവർകളുടെ പുത്രി) ഈ ആഗസ്റ്റ്മാസം 19-ാംനു കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം അന്നു് വൈകുന്നേരം 5 മണിക്കു് പുത്തൻപള്ളി ഇടവക വികാരി റവ. ഫാദർ ഐസക്ക് ചിറയ്ക്കൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

---

വിതത്തിലെ സുനിശ്ചിതസൗഭാഗ്യപ്രദമായ പ്രവൃത്തിയാകുന്നുവെന്ന്.

പക്ഷേ ഇവയെ എങ്ങനെ നമുക്ക് സമ്പാദിക്കുവാൻ കഴിയും? ഇവിടെയാണ് നമ്മുടെ നാഥനായ ക്രിസ്തു നമ്മെ സഹായിക്കുവാനായി, നമ്മുടെ മാർഗ്ഗദർശിയായി പ്രത്യക്ഷപ്പെടുന്നത്. മററു ലോകനേതാക്കന്മാരെപ്പോലെയല്ല ക്രിസ്തു. നമ്മുടെ ഓരോ പ്രവൃത്തികളിലും നമുക്കാവശ്യമായ പ്രസാദവരം തന്ന് സഹായിക്കുവാൻ അവിടുത്തേക്കു സാധിക്കും. നമ്മുടെ പ്രവർത്തനശക്തികൊണ്ടുമാത്രം നമുക്കൊന്നുംചെയ്യുവാൻ സാദ്ധ്യമല്ല. എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ സാധിക്കുകയില്ലെന്ന് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടില്ലേ? കേവലം മനുഷ്യപ്രയത്നങ്ങളുടെ ദുർബലതയെ ന്യൂമൻ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു: "ക്ഷൗരക്കത്തികൊണ്ട് കരിങ്കല്ലു കൊത്തുകയും, ഒരു പട്ടുനൂൽകൊണ്ട് കപ്പൽ ബന്ധിക്കുകയും ചെയ്യുവാൻ കഴിഞ്ഞാൽ, രാഗം, ദർപ്പം എന്നീ രാക്ഷസരെ മാനുഷികജ്ഞാനം, യുക്തി തുടങ്ങിയ ഭൗതികോപകരണങ്ങൾകൊണ്ട് അടിമപ്പെടുത്തുവാൻ കഴിഞ്ഞേക്കും." പക്ഷേ നമ്മുടെ സഹകരണവും—സുശിക്ഷിതമായ ഒരിച്ഛാശക്തി, സുസ്ഥിരമായ ഒരു സ്വഭാവം, അഗാധമായ മതബോധത്തിൽനിന്നുൽഭൂതമാകുന്ന ധാർമ്മികശക്തികൾ ആദിയായവയും—നാം ദൈവസഹായത്തോടുകൂടി ചേർക്കണം.

ഇവയെല്ലാം ഒരൊററവാക്യത്തിൽ ക്രിസ്തുനാഥൻ ഉൾക്കൊള്ളിച്ചു—എന്നെ അനുഗമിക്കുന്നവൻ അവന്റെ ദൈനംദിനകുരിശെടുത്തുകൊണ്ടു എന്റെ പിന്നാലെ വരട്ടെ. ഇതുതന്നെ നിത്യസൗഭാഗ്യത്തിനായുള്ള സുനിശ്ചിതമാർഗ്ഗം. തീർച്ചയായും ക്രിസ്തുവിനോടുകൂടി യുദ്ധംചെയ്യുന്നവൻ ക്രിസ്തുവിന്റെ ഉത്ഥാനമഹിമയിൽ പങ്കാളിയാവുകയും ചെയ്യും. വെറും ദുഃഖസമ്പൂർണ്ണമായ ഒരു ജീവിതമല്ല ക്രിസ്ത്യാനിയുടേത്. ദുഃഖത്തിനപ്പുറം സന്തോഷവും, യാതനകൾക്കപ്പുറം നിത്യസൗഭാഗ്യവും അവനായി അവന്റെ പിതാവ് ഒരുക്കിവച്ചിട്ടുണ്ട്. അല്ല ക്രിസ്തുവിന്റെ സഹായത്താൽ പ്രയാസങ്ങളുടെ തപ്തതയിലും, കഷ്ടാരിഷ്ടതകളുടെ പൊരിവെയിലിലും, ക്രിസ്ത്യാനിക്കു യഥാർത്ഥസൗഭാഗ്യം കണ്ടെത്തുവാൻ കഴിയും. അവന്റെ ഇഹലോകജീവിതംതന്നെ പാരത്രികസൗഭാഗ്യത്തിന്റെ ഒരു നാന്ദിയാക്കിത്തീർക്കുവാൻ അവനു സാധിക്കും.

# നമ്മുടെ വേദപാഠക്ലാസ്സുകൾ

[ജോർജ്ജ് ആലക്കാപ്പിള്ളി]

"ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിവരാ, ശാസ്ത്രാത്ഥസാരം ഗ്രഹിച്ചേ മതിവരൂ." ഈ പദ്യശകലത്തിൻെറ അത്ഥം നാം ശരിയായി ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. മതം ശാസ്ത്രത്തിൽനിന്നും അന്യമായ ഒന്നാണെന്നു ചിലക്കഭിപ്രായമുണ്ടു്. മതവും ശാസ്ത്രവും ഭിന്നകോടികളിൽ നിലനില്ക്കുന്നതായും ചിലർ കരുതുന്നു. വ്യവസ്ഥാപിതമായ വിജ്ഞാനം എന്നത്രെ ശാസ്ത്രത്തിൻെറ വാച്യാത്ഥം. ഈ നിലയ്ക്കു് മതം തീർച്ചയായും ഒരു ശാസ്ത്രമാണു്. വ്യവസ്ഥാപിതമതം തികച്ചും ശാസ്ത്രീയവുമാണു്. ആദ്യംപറഞ്ഞ ചൊല്ലനുസരിച്ചു നോക്കുമ്പോൾ, മതാനുസാരിയാണു് എന്നഭിമാനിച്ചതുകൊണ്ടു് ഫലമില്ല. മതത്തിൻെറ അന്തരാത്ഥം ഗ്രഹിക്കുന്നവനേ സാക്ഷാൽ മതാനുയായിയെന്നു പറയുവാൻ തരമുള്ളു.

മതത്തിൻെറ കാര്യം പറയുമ്പോൾ നെററിചുളിക്കുന്നവർ വിരളമല്ല. മതത്തിൻെറ പേരിൽ ലോകത്തു നടന്നിട്ടുള്ള കലഹങ്ങളുടേയും അസമാധാനങ്ങളുടേയും പട്ടിക എടുത്തുകാട്ടി മതം ആദരണീയമല്ലെന്നു വാദിക്കാൻ ചില ആളുകൾ വളരെ വ്യഗ്രത പ്രദർശിപ്പിക്കുന്നുണ്ടു്. എന്നാൽ മനുഷ്യനെ ഉത്തമമായ മാർഗ്ഗത്തിലൂടെ നയിച്ചു് ശാന്തിയുടേയും സൗഹൃദത്തിൻേറയും, ആത്മസംതൃപ്തിയുടേയും ശൃംഗത്തിൽ എത്തിക്കുന്നതിനു് മതം വിശിഷ്ടമായ ഒരുപാധിയാണെന്നു സൂക്ഷ്മദൃക്കുകൾക്കു് ഗ്രഹിക്കുവാൻ കഴിയും. യഥാത്ഥമതം നൽകുന്ന ആത്മാനന്ദം എത്ര വലുതാണെന്നു് അനുഭവിച്ചറിഞ്ഞവക്കേ മനസ്സിലാകാൻ കഴിയൂ.

മതാദ്ധ്യയനവും, മതബോധനവും ആരെന്തു പറഞ്ഞാലും മനുഷ്യരെ സംസ്കരിക്കാൻ അത്യാവശ്യമാണു്. കത്തോലിക്കാസഭ മതാദ്ധ്യയനത്തിൻെറ അത്യന്താപേക്ഷിതത്വയെപ്പററി സദാ നമ്മെ ഉൽബോധിപ്പിച്ചുവരുന്നു. ഉത്തമനായ ഒരു കത്തോലിക്കൻ മതത്തിൽ തീക്ഷ്ണതനാകാതിരിക്കുക തരമില്ല. ശൈശവപ്രായം മുതൽക്കേ മതബോധനം നൽകാൻ സഭാധികാരികൾ സദാ ശ്രദ്ധാലുക്കളാണു്. എല്ലാ ദേവാലയങ്ങളിലും കത്തോലിക്കാസ്കൂളുകളിലും മതാദ്ധ്യയനം നിർബ്ബന്ധമാക്കിയിട്ടുമുണ്ടു്.

എന്നാൽ നമ്മുടെ വേദാദ്ധ്യയനക്ലാസ്സുകളുടെ ഇന്നത്തെ നില എന്താണെന്നു് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അപവാദങ്ങൾ ഇല്ലെന്നു പറയുന്നില്ല. എങ്കിലും ഉത്സർഗ്ഗമെന്താണെന്നു നാം ചിന്തിക്കുമ്പോളാണു് നാം ലജ്ജിക്കുന്നതു്. തികച്ചും അസമത്ഥമായനിലയിലത്രെ അവ നടന്നുവരുന്നതു്. വിദ്യാഭ്യാസവിദഗ്ദ്ധന്മാരും, മനഃശാസ്ത്രവിചക്ഷണന്മാരും നമ്മുടെയിടയിൽ ധാരാളമുണ്ടു്. എന്നാൽ നമ്മുടെ വേദശാസ്ത്രബോധനത്തെ ശിശുമനഃശാസ്ത്രവുമായി ഘടിപ്പിച്ചു്, അതിനെ മനഃശാസ്ത്രീകരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? ഓരോ ശിശുവിൻേറയും പശ്ചാത്തലം ശരിക്കറിഞ്ഞു്, മനഃശാസ്ത്രതത്വാനുരോധമായി പാഠങ്ങൾ ക്രമീകരിക്കാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ?

വേദപാഠപ്പുസ്തകങ്ങൾ ധാരാളമുണ്ടു്. നിയതമായ ഒരു പാഠക്രമമനുസരിച്ചു് എഴുതിയിട്ടുള്ള ഉത്തമപ്രസിദ്ധീകരണങ്ങളും ഇതിൽ ഉൾപ്പെടുന്നു. പക്ഷെ ശിശുവിൻെറ മാനസികപശ്ചാത്തലത്തെ ശരിക്കറിഞ്ഞു് പ്രായത്തിനനുസൃതമായി പാഠങ്ങൾ ക്രമീകരിച്ചിട്ടുള്ള പുസ്തകങ്ങൾ അധികമൊന്നും കാണാൻ തരപ്പെട്ടിട്ടില്ല. ഓരോ രൂപതയും അതാതുകൾക്കാവശ്യമുള്ള വേദപാഠാവലികൾ പ്രസിദ്ധം ചെയ്യുന്നുണ്ടു്. എന്നാൽ മലയാളത്തിലെ കുട്ടികൾക്കെല്ലാം ഉപയോഗിക്കത്തക്ക വിധം, അഖിലകേരളം എന്ന അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധകമ്മററിയുണ്ടാക്കി എല്ലാവർക്കും സ്വീകാര്യമായ ഒരു പാഠാവലിയുണ്ടാക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ അവ വളരെ കുറഞ്ഞവിലയ്ക്കു് വിതരണം ചെയ്യുവാൻ കഴിയുമായിരുന്നു.

ആ പ്രശ്നം അവിടെ നില്ക്കട്ടെ. വേദാദ്ധ്യയനരീതിയെപ്പററി നമുക്കു ചിന്തിക്കാം. മതകാര്യങ്ങളിൽ വേണ്ടത്ര അറിവും ബോധനപദ്ധതിയിൽ പരിചയവുമുള്ളവരാണോ ഇന്നു് ഈ ചുമതല നിർവ്വഹിക്കുന്നതു്? പള്ളിശുശ്രൂഷയ്ക്കു് സഹായിയാവുക എന്ന ഏകബഹുമതി സമ്പാദിച്ചിട്ടുള്ള കപ്യാരും, കത്തോലിക്കാ പള്ളിക്കൂടത്തിൽ കുറേക്കാലം പഠിച്ചതുകൊണ്ടു് സംസിദ്ധമായ പണ്ഡിതമ്മന്യത്വം ഉൾക്കൊള്ളുന്ന യുവാവും ചുമതലയേറിയ ഈ ഭാരം നിർവ്വഹിക്കാൻ പ്രായേണ അസമത്ഥന്മാരാണു്. മിക്ക സ്കൂളുകളിലേയും വേദാദ്ധ്യയനത്തിൻെറ നിലവാരം വളരെ താഴ്ന്നിട്ടുണ്ടു്. അന്ധൻ അന്ധനെ വഴികാണിക്കുന്ന ഏർപ്പാടത്രെ ഇന്നു നാം പലടത്തും കാണുന്നതു്.

പ്രശ്നോത്തരപദ്ധതിയത്രെ മിക്ക വേദപാഠാവലികളും സ്വീകരിച്ചിരിക്കുന്നതു്. പഴമകൊണ്ടു് പ്രഥിതമായിത്തീന്നിരിക്കുന്ന ഈ ബോധനപദ്ധതിയെ വിട്ടുപേക്ഷിക്കാൻ പലരും മടിക്കുന്നുവെന്നതു ശരിതന്നെ. പക്ഷെ പബ്ളിക്കുപരീക്ഷയ്ക്കുള്ള പാഠങ്ങൾപോലും മനഃപാഠമാക്കാൻ കൂട്ടാക്കാത്ത ഇന്നത്തെ വിദ്യാത്ഥി ഈ പ്രശ്നോത്തരങ്ങൾ ഉരുവിട്ടു പഠിക്കുവാൻ തല്പരനാകുമോ?

എന്നാൽ ഈ ഒരു പദ്ധതിയേ വേദാദ്ധ്യയനത്തിനുള്ളുവെന്നു സമ്മതിക്കാൻ ഞാൻ ഒരുക്കമല്ല. പഴമയുടെ നിസ്തുലപ്രണിധിയെന്നുതന്നെ പറയാവുന്ന ഒരു കമ്മലീത്താവൈദികനാണു് എൻെറ കുട്ടിക്കാലത്തു് ഞങ്ങളെ വേദപാഠം പഠിപ്പിച്ചതു്. പിൽക്കാലത്തു് ഹൈസ്കൂളുകളിലും കോളേജുകളിലുംവച്ചു് വേദവേദാംഗശിക്ഷിതരായ മഹാ വൈദികപണ്ഡിതന്മാരുടെ ക്ലാസ്സുകളിലിരുന്നു് ഞാൻ മതാഭ്യസനം നടത്തിയിട്ടുണ്ടു്. ക്രൈസ്തവധർമ്മശാസ്ത്രപ്രതിപാദകങ്ങളായ ഒട്ടധികം പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ടു്. എന്നാൽ തീത്തും പഴമക്കാരനായ ആ വൈദികൻെറ അധരങ്ങളിൽനിന്നും ലഭിച്ച വേദവിജ്ഞാനത്തെക്കാൾ ഉപരിയായ യാതൊരു ജ്ഞാനവും മതപരമായി എനിക്കു ലഭിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നില്ല. പഴയ ഒരു ചിത്രപ്പുസ്തകവുമായി വന്നുചേരുന്ന അദ്ദേഹം അനവധി കഥകൾമുഖാന്തിരം കത്തോലിക്കാമതത്തിൻെറ സനാതനതത്വങ്ങൾ, പഞ്ചസാരയിൽ പൊതിഞ്ഞു ഞങ്ങൾക്കു വിളമ്പിത്തന്നു. മഹാപണ്ഡിതനായ അദ്ദേഹം പരോക്ഷമായി ഞങ്ങളിൽ വിതച്ച വിത്തുകൾ കാലാന്തരത്തിൽ പൊട്ടിക്കിളിത്തു് ശരിയായ മതവിജ്ഞാനത്തിൻെറ വിത്തുകൾ മനസ്സിൻെറ അടിത്തട്ടിൽ പാവുകതന്നെ ചെയ്തു.

ആനുഷംഗികമായി ഞാനിതു പറയുന്നതു് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണു്. വേദാദ്ധ്യയനം അസമത്ഥന്മാക്കായി വിട്ടുകൊടുക്കരുതു്. ഇടവകവൈദികൻ ബഹുകാര്യപരതന്ത്രനാണെന്നു കരുതി വേദപാഠക്ലാസ്സുകളെ പരിവജ്ജിക്കരുതു്. ഗുരുവിൻെറ മാനനീയതയെ ആശ്രയിച്ചത്രേ ശിഷ്യൻെറ ശ്രദ്ധ നിലകൊള്ളുന്നതു്. ഗൗരവമേറിയ ഈ ചുമതലയിൽനിന്നും ഒഴിഞ്ഞുമാറുന്നതു് ഗുരുതരമായ കൃത്യവിലോപം തന്നെയാണു്. വേദോപദേശത്തിലെ നമസ്കാരങ്ങളോ ചോദ്യോത്തരങ്ങൾതന്നെയോ എങ്ങനെയെങ്കിലും ക്ലേശിച്ചു് മനഃപാഠമാക്കിയതുകൊണ്ടുമാത്രം മതാഭ്യസനം നിർവ്വഹിച്ചുവെന്നു കരുതുന്നതു് അബദ്ധമത്രേ.

ഒരു സംഗതികൂടി പറയാതെ തരമില്ല. ബോധനം ഏതും രസോപേതമായിരുന്നാലേ അദ്ധ്യേതാവിൻെറ ശ്രദ്ധയെ അതിലേക്കാകർഷിക്കാൻ കഴിയൂ. ഒരു ദൈവമേയുള്ളു. ദൈവത്തിൽ മൂന്നാളുകളുണ്ടു്. സ്വർഗ്ഗനരകാദിഭാവങ്ങൾ മുതലായവയുടെ പ്രപഞ്ചനത്തിൽ എന്തു രസം ചെലുത്താനാണു് എന്നു പറയുന്നവരുണ്ടാവാം. കാലേക്കൂട്ടി ചിന്തിച്ചു് മുന്നൊരുക്കത്തോടുകൂടി ക്ലാസ്സു കൈകാര്യം ചെയ്യുന്നപക്ഷം അത്യധികം രസകരമായി ഈ ക്ലാസ്സുകൾ കൈകാര്യംചെയ്തു് ഈ സനാതനതത്വങ്ങൾ കുട്ടികളിൽ രൂഢമൂലമാക്കാൻ വലിയ വിഷമമൊന്നുമില്ല.

വലിയ വലിയ ആദ്ധ്യാത്മികകാര്യങ്ങളെപ്പററി ചിന്തിച്ചു ക്ലേശിക്കുന്നവക്കു് ഈമാതിരി ചില്ലറ സംഗതികളെപ്പററി ആലോചിക്കാൻ സമയമുണ്ടോ? ഇല്ലായിരിക്കാം. പക്ഷെ ഒരു സംഗതി നാം മറക്കരുതു്. കുട്ടിക്കാലത്തു് ശരിയായ അടിസ്ഥാനത്തിൽ മതതത്വങ്ങൾ വേരുറയ്ക്കുകയും, നല്ല വഴക്കങ്ങൾ ശീലിപ്പിക്കുകയും ചെയ്യുന്നപക്ഷം പിന്നീടു് വലിയ വലിയ പ്രബന്ധങ്ങളും വാദപ്രതിവാദങ്ങളും ഒന്നുംതന്നെ ആവശ്യമാവുകയില്ല. ഇന്നത്തെ ഭൗതികത്വത്തിനു് പ്രതിവിധി നാളത്തെ പൗരൻെറ ശരിയായ പരിശീലനമാണെന്നുള്ള കാര്യം മറക്കരുതു്.

ശിശുവിൻെറ ലീലാപ്രകൃതിയെ വേണ്ടവണ്ണം ആദരിച്ചു് ബോധനം നടത്തണം. വേദപാഠക്ലാസ്സുകൾ ശുഷ്കമെന്നു തോന്നാവുന്ന വേദാദ്ധ്യയനത്തിനുള്ളതുമാത്രമാകരുതു്. കുട്ടികൾക്കു ഹിതകരങ്ങളായ കളികൾ ഏർപ്പെടുത്തി അവരെ വേദപാഠക്ലാസ്സുകളിലേക്കാകർഷിക്കണം. മതതത്വങ്ങൾ ഉൾക്കൊള്ളുന്ന പാട്ടുകൾ, അഭിനയങ്ങൾ, കഥനങ്ങൾ മുതലായവ ഇടയ്ക്കിടയ്ക്കു് നൽകി, മതബോധനത്തിലുള്ള വിരസഭാവത്തെ ലഘൂകരിക്കാൻ ശരിയായി ആലോചിച്ചു പ്രവത്തിക്കുന്ന അദ്ധ്യാപകക്കു കഴിയും. ഇവയൊക്കെ സാദ്ധ്യമാകണമെങ്കിൽ ആത്മാത്ഥതയും, താല്പര്യവും, ശുഷ്കാന്തിയുമുള്ളവർ ഈ ബോധനത്തിനു മുന്നിട്ടുനിൽക്കണം.

കുട്ടികൾക്കു മതതത്വങ്ങളിലും, വേദചരിത്രത്തിലും വേണ്ടത്ര വിജ്ഞാനം നൽകത്തക്ക പാട്ടുകൾ എഴുതുന്നതിനു് ആരും മുതിർന്നു കാണുന്നില്ല. നല്ലനല്ല ദ്രാവിഡഗാനങ്ങൾ ഇപ്പോൾ സുലഭമാണു്. കിൻറർഗാർട്ടൻ, കൈകൊട്ടിക്കളി എന്നീ രീതികളിൽ വിദഗ്ദ്ധന്മാരെക്കൊണ്ടു് പാട്ടുകൾ എഴുതിച്ചു് കുട്ടികളെ പരിശീലിപ്പിക്കുന്നതു് വളരെ പ്രയോജനകരമായിരിക്കും.

എന്നുവേണ്ട ശരിയായ ഗവേഷണവും ശാസ്ത്രീയാപേക്ഷയോടുകൂടിയ യത്നവും ഇക്കാര്യത്തിനു് ആവശ്യമത്രേ. വേദപാഠം പഠിക്കണം അല്ലെങ്കിൽ......എന്നൊക്കെ പറഞ്ഞതുകൊണ്ടു് ഫലമില്ല. കുട്ടികൾക്കു രസകരമായ വിധത്തിൽ പാഠങ്ങൾ കൈകാര്യം ചെയ്യണം. വേദപാഠാവലികൾ വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ പ്രസാധനം ചെയ്യണം. ധാരാളം ചിത്രങ്ങൾ അവയിൽ ചേക്കണം. കളർചിത്രങ്ങളായാൽ ഏറ്റവും നന്നു്. മനഃശാസ്ത്രവെളിച്ചത്തിൽ വേദാദ്ധ്യയനത്തെ, ശിശുവിൻെറ പ്രായത്തിനനുസൃതമായി വിഭജിച്ചു് ഓരോ പ്രായത്തിനും ചേന്ന പാഠങ്ങൾ നിശ്ചയിച്ചു് ബോധനംനടത്തണം. ഈ കാര്യത്തിൽ നമ്മുടെ വിദ്യാഭ്യാസവിദഗ്ദ്ധന്മാർ—ധാരാളം മതപണ്ഡിതന്മാർ വിദ്യാഭ്യാസവിഷയത്തിൽ ഉപരിവിജ്ഞാനം സിദ്ധിച്ചവരുണ്ടു്—ഒത്തുചേന്നു് ഒന്നു ശ്രമിച്ചാൽ അടുത്ത തലമുറയെങ്കിലും മതവിശ്വാസത്തിലും ആസ്തികൃബുദ്ധിയിലും, വീഴ്ചപ്പെടാതെ മുന്നേറുവാൻ തരപ്പെട്ടേക്കാം.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കെ. സി. ചാക്കോ
കവളംമാക്കൽ, കുടയത്തൂർ

---

**For favours received**



Mrs. Mary Sebastian
Trichur

---

# പുസ്തകാഭിപ്രായം

## "അദ്ധ്യയനമണ്ഡലം പ്രാത്ഥനാമഞ്ജരി"

(സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. പേജ് 58. വില 5 ണ)

സാമാന്യജനങ്ങളുടെ—പ്രത്യേകിച്ചു് യുവലോകത്തിൻെറ—മതപഠനത്തേയും ഭക്തപരിശീലനത്തേയും കാലോചിതമായി ക്രമീകരിക്കുന്നതിനും ഫലപ്രദമാംവിധം പ്രായോഗികമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണു് "അദ്ധ്യയനമണ്ഡലം" അഥവാ "സ്ലഡിസക്കിൾ." അദ്ധ്യയനമണ്ഡലത്തിൻെറ പ്രവത്തനത്തിൽ വളരെ ഉത്സാഹപൂവ്വം ഏപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു മാന്യവ്യക്തിയാണു് റവ. ഫാദർ മാത്യു നടയ്ക്കൽ അവർകൾ. പഠനം പ്രാത്ഥനയോടിണങ്ങിച്ചേരണമെന്നുള്ള ആദർശത്തെ പ്രായോഗികമാക്കുന്നതിനുവേണ്ടി അദ്ദേഹം ശ്രദ്ധാപൂവ്വം രചിച്ചിട്ടുള്ള ഒരു കൈപ്പുസ്തകമാണു് "പ്രാത്ഥനാമഞ്ജരി". ഈ പ്രസ്ഥാനത്തേയും "പ്രാത്ഥനാമഞ്ജരി"യേയും പററി എറണാകുളം അതിരൂപതാസഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം വളരെ ശ്രദ്ധേയമായിരിക്കുന്നുണ്ടു്:-

"അദ്ധ്യയനമണ്ഡലപ്രസ്ഥാനം അവസരോചിതവും അതിമാത്രം പ്രയോജനപ്രദവുമായ ഒരു കാൽവയ്പാണെന്നു നിസ്സന്ദേഹം പറയാം. പ്രാത്ഥനയാകുന്ന എണ്ണ യഥായോഗ്യം പകന്നുകൊടുത്തെങ്കിലേ വിജ്ഞാനദീപം എരിയുകയുള്ളുവെന്ന വിശിഷ്ടതത്വം മനസ്സിലാക്കി, അദ്ധ്യയനമണ്ഡലത്തിൻെറ ഉപയോഗത്തിനായി അഭിനവമായ ഒരു "പ്രാത്ഥനാമഞ്ജരി" വിരചിക്കുവാൻ ഉദ്യുക്തനായതിൽ അച്ചനെ ഞാൻ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

"പരിശുദ്ധാത്മാവിനോടുള്ള ഭക്തിയെ കേന്ദ്രീകരിച്ചാണു പ്രാത്ഥനാമഞ്ജരി രചിക്കപ്പെട്ടിട്ടുള്ളതു്. അതോടുകൂടി ദൈവശാസ്ത്രത്തിൻെറ അടിസ്ഥാനതത്വങ്ങൾ, ദൈവത്തിൻെറ ഏകത്വം ത്രിത്വം എന്നിവയേയും ദിവ്യകാരുണ്യഭക്തി, ദൈവമാതൃഭക്തി എന്നിവയേയും ഉദാഹരിക്കുന്ന വേദവാക്യങ്ങളും, ഗാനങ്ങളും ഇതിൽ കൂട്ടിച്ചേത്തുകാണുന്നു. ഈ പ്രാത്ഥനാമഞ്ജരി അദ്ധ്യയനമണ്ഡലം അംഗങ്ങൾക്കു മാത്രമല്ല, സകല കത്തോലിക്കക്കും ഉപകാരപ്രദമായിരിക്കും."

ഇതിലുപരി ഈ പുസ്തകത്തെക്കുറിച്ചു ഒരു വിവരണം ആവ

---

## പ്രത്യേക അറിയിപ്പ്

ഏജൻറുമാർ പത്രവില എപ്പോഴും ആപ്പീസിൽ മുൻകൂർ അടയ്ക്കണമെന്നാണല്ലൊ ഏജൻസിനിയമം. എന്നാൽ ചില പത്രവായനക്കാർ സംഖ്യ അടയ്ക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിക്കാത്തതിനാൽ ഏജൻറുമാക്കു ടി. നിയമം പാലിച്ചുകൊണ്ടുപോകുന്നതിനു് വിഷമമായിരിക്കുന്നുവെന്നും, ആകയാൽ അങ്ങിനെയുള്ള പത്രവായനക്കാരുടെ ശ്രദ്ധയ്ക്കായി വിവരം പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടപ്രകാരം ഇതു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. ഏജൻറുമാരിൽനിന്നും പത്രം വാങ്ങുന്ന ആളുകൾ, തങ്ങൾ കൊടുക്കേണ്ട സംഖ്യ യഥാസമയം അടച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം പത്രം യഥാസമയം വിതരണം ചെയ്യാൻ സാദ്ധ്യമാവുന്നതല്ലെന്നും ഉള്ള വിവരം ടി. വരിക്കാരുടെ അറിവിലേക്കായി ഏജൻറുമാരുടെ പേക്കു പൊതുവിൽ അറിയിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

---

വിളറിയ കവിൾത്തടത്തിൽക്കൂടി കണ്ണുനീർച്ചാലുകൾ പൊട്ടിയൊഴുകി. ഓ! വിശപ്പിൻെറ കളി! കഞ്ഞിവെള്ളത്തിൻെറ വില!

വീട്ടുകാരി, ചൂടുപാൽ അയാളുടെ വായിലേക്കു് ഒഴിച്ചുകൊടുത്തു.

കൊഴിഞ്ഞുകൊഴിഞ്ഞു വീഴുന്ന നിമിഷങ്ങളുടെ ചങ്കിടിപ്പുകൾ, ക്ലോക്കിൻെറ നാഡിയടിപ്പുകളായി പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

# ഒരു യാക്കോബായസഹോദരൻെറ സംശയങ്ങൾ

[ഒരു കത്തോലിക്കൻ]

7. നിഖ്യാസൂനഹദോസിൽ പ്രതിമ വച്ചു വന്ദിക്കണമെന്നു പറഞ്ഞിട്ടുണ്ടോ? ഇല്ല എന്നാണു് എൻെറ അറിവു്. ഗ്രീക്കു ഓർത്തഡോക്സു്, അർമ്മീനിയൻ ഓർത്തഡോക്സു്, അബിസീനിയൻ ഓർത്തഡോക്സു്, കോപ്റ്റിക്കു് ഓർത്തഡോക്സു് എന്നീ സഭകളൊന്നും പ്രതിമകൾ വച്ചാരാധിക്കുന്നില്ല. യഹൂദന്മാരും അങ്ങനെ ചെയ്തിരുന്നില്ലല്ലോ. ഇങ്ങനെ ലോകത്തിൽ മററു ക്രിസ്ത്യാനികളാകട്ടെ, ഇസ്രായേൽജനമാകട്ടെ ചെയ്യാത്ത ഈ സംഗതി റോമാസഭമാത്രം ചെയ്യുന്നതു് വേദവിപരീതമല്ലേ?

ഇതേസംബന്ധിച്ചു് ആദ്യമായും ഏററവും ശക്തിയുക്തമായും പറയുവാനുള്ള കാര്യം കത്തോലിക്കർ ഒരുകാലത്തും പ്രതിമകളെ വച്ചാരാധിച്ചിട്ടില്ലെന്നും ഇപ്പോഴും പ്രതിമകളെ വച്ചാരാധിക്കുന്നില്ലെന്നും ആണു്. ആരാധന സ്റ്റു് ദൈവത്തിനു മാത്രമേ അർഹതയുള്ളു. പ്രതിമകളെ ആരാധിക്കുന്ന കാര്യം പഴയനിയമകാലം മുതൽ നിരുപാധികമായി ദൈവം നിരോധിച്ചിട്ടുള്ളതാണു്. പുറപ്പാടുപുസ്തകം 20-ാം അദ്ധ്യായം 5-ാം വാക്യത്തിൽ ഈ അകൃത്യത്തെ ശക്തിയായ ഭാഷയിൽ നിരോധിച്ചിട്ടുള്ളതു് കത്തോലിക്കർക്കു് നല്ലവണ്ണം അറിയാവുന്നതാണു്. അതുകൊണ്ടു് യാതൊരു സുബോധമുള്ള കത്തോലിക്കവിശ്വാസിയും പ്രതിമകളെ വച്ചാരാധിക്കുന്നു എന്നോ, അതിനെ അനുവദിക്കുന്നു എന്നോ, പ്രോത്സാഹിപ്പിക്കുന്നു എന്നോ എൻെറ യാക്കോബായ സഹോദരങ്ങൾ വിശ്വസിക്കേണ്ടതില്ല. 16-ാംശതകത്തിൽ ഒരു മാർപ്പാപ്പാ വിളിച്ചുകൂട്ടിയ ത്രെന്തോസ് സൂനഹദോസിൽ ഈ കാര്യം സംബന്ധിച്ചു് വിശദമായി നിർവചനം ചെയ്തിട്ടുള്ളതു് ഇംഗ്ലീഷിൽ താഴെ ഉദ്ധരിക്കുന്നു.

"The images of Christ and the Virgin Mother of God, and of the other saints are to be had and to be kept especially in Churches, and due honour and veneration are to be given to them; not that any divinity or virtue is believed to be in them, on account of which they are to be worshipped, or that anything is to be asked of them, or that trust is to be reposed in images, as was done of old by the Gentiles, who placed their hopes in idols; but because the honour which is shown them is referred to the prototypes which these images represent."

ഇനിയും ഈ നിർവചനത്തെ മലയാളത്തിൽ ഒന്നു വിശദീകരിച്ചുകൊള്ളട്ടെ. മിശിഹായുടെയും കന്യാസ്ത്രീഅമ്മയുടെയും മററു ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും തിരുസ്വരൂപങ്ങൾ പ്രത്യേകമായി ദേവാലയങ്ങളിൽ സൂക്ഷിച്ചുവയ്ക്കുകയും അവയെ യഥാവിധി ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ അതു് പഴയ കാലങ്ങളിൽ പേഗൻജനങ്ങൾ ചെയ്തിരുന്നതുപോലെയുള്ള വിഗ്രഹാരാധന ആയിരിക്കരുതു്. ആ സ്വരൂപങ്ങൾക്കു് ദിവ്യത്വമാകട്ടെ, സ്വകീയമായ ശക്തിയാകട്ടെ ഇല്ല. അവയോടു് എന്തെങ്കിലും ആവശ്യപ്പെടുകയോ, അവയിൽ ആശ്രയിക്കുകയോ പാടില്ല. തിരുസ്വരൂപങ്ങൾക്കു നാം നൽകുന്ന ബഹുമതിയുടെ യഥാർത്ഥലക്ഷ്യം, അവയല്ല, അവ ആരെ പ്രതിനിധാനം ചെയ്യുന്നുവോ ആ പുണ്യാത്മാക്കളാണു്.

ത്രെന്തോസു് സൂനഹദോസിൽ ഈ വിഷയം സംബന്ധിച്ചു് ഇപ്രകാരം വിശദീകരിക്കുവാനിടയായതു്, 16-ാംശതകത്തിലെ പ്രോട്ടസ്റ്റൻറു മതനവീകരണക്കാർ ദേവാലയങ്ങളിലുള്ള പ്രതിമകളെ തച്ചുടയ്ക്കുന്നതിലും ചിത്രങ്ങളുടെ മേൽ വെള്ളയടിക്കുന്നതിലും ബദ്ധശ്രദ്ധരായിരുന്നതുകൊണ്ടാണു്. പ്രോട്ടസ്റ്റൻറുമിഷനറിമാർ 19-ാംശതകാരംഭത്തിൽ കേരളത്തിലെ പുത്തൻകൂർ സമുദായത്തിലേക്കു ക്ഷണിക്കപ്പെട്ടതിനും, അവരുടെ തിരുസ്വരൂപവിരുദ്ധമനോഭാവം ആ സമുദായത്തിൽ പ്രവേശിക്കുന്നതിനും മുൻപിൽ, ഇപ്പോഴത്തേതിൽ കൂടുതലായി പുണ്യവാന്മാരുടെ തിരുസ്വരൂപങ്ങൾ പുത്തൻകൂർ സമുദായത്തിലെ ദേവാലയങ്ങളിലുണ്ടായിരുന്നു. കോഴഞ്ചേരിപഴയപള്ളിയിൽ മാർത്തോമ്മാശ്ലീഹായുടെ ഒരു വലിയ സ്വരൂപമുണ്ടായിരുന്നതു് മാർത്തോമ്മാസഭയിലെ ഒരു കോശി ഉപദേശി ആയിരുന്നു വെട്ടിക്കീറിയതു് എന്ന കാര്യം ചരിത്രപ്രസിദ്ധമാണു്. നിരണം യാക്കോബായ പള്ളിയുടെ മുഖവാരത്തിൽ ഇപ്പോഴും "തമ്പുരാനെ പെററ അമ്മ"യുടെ ഒരു തിരുസ്വരൂപമുണ്ടെന്നാണു് ഓർമ്മ. പുതുപ്പള്ളി യാക്കോബായ പള്ളിയിലെ ഗീവറുഗീസുസഹദാ അങ്ങനെ കുതിരപ്പുറത്തു കയറി ശൂലമുനകൊണ്ടു സർപ്പത്തിൻെറ തലയെ തകർക്കുന്ന ചിത്രം കണ്ടാൽ, എടത്വായിലേയും എടപ്പള്ളിയിലേയും സ്വരൂപങ്ങളുടെ പ്രതിരൂപം ആർക്കാണുണ്ടാകാത്തതു്? ഇപ്പോൾ പുതുതായി പണിയുന്ന യാക്കോബായപള്ളികളിൽ തിരുസ്വരൂപങ്ങളും എണ്ണച്ചായ ചിത്രങ്ങളും മദ്ബഹായിലെ ചിത്രവേലകളും അധികമായി കാണുന്നില്ലെങ്കിലും, അങ്കമാലി മുതലായ പഴയ യാക്കോബായപള്ളികളിലെ കലാവൈഭവമേറിയ ഭക്തചിത്രങ്ങൾ കണ്ടാൽ, അവ ഒരിക്കൽ കത്തോലിക്കപള്ളികളായിരുന്നു എന്നു മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമില്ല. അവയിൽനിന്നും തിരുസ്വരൂപങ്ങൾ മാററപ്പെട്ടതു 1685-ാമാണ്ടിൽ കേരളത്തിലെ പുത്തൻകൂർ സമുദായഭരണത്തിനു വന്ന മാർ യോഹന്നാൻ എന്ന യാക്കോബായമേൽപ്പട്ടക്കാരൻെറ ഉപദേശഫലമായിട്ടാണു്. എന്നാൽ അദ്ദേഹംകൂടിത്തന്നെ, ഛായാപടങ്ങളും എഴുത്തുരൂപങ്ങളും പള്ളികളിൽ ഉപയോഗിക്കേണ്ടതും അവയ്ക്കു വണക്കം ചെയ്യേണ്ടതുമാണെന്നും അദ്ദേഹം ഉപദേശിച്ചു. അതുകൊണ്ടാണു് മുൻപുണ്ടായിരുന്ന കൊത്തുരൂപങ്ങൾ മാത്രം പഴയ യാക്കോബായപള്ളികളിൽനിന്നും അന്തർദ്ധാനം ചെയ്യുവാനിടയായിട്ടുള്ളു. അവയിൽനിന്നും നവീകരണസഭയിലേക്കു പോയ പഴയ പള്ളികൾ ചുരുക്കമാണെങ്കിലും, അപൂർവ്വം ചിലതുള്ളതിലെ എഴുത്തുരൂപങ്ങൾ മായിക്കപ്പെട്ടുപോയിട്ടുണ്ടു്. പഴയ യാക്കോബായപള്ളികളിലുണ്ടായിരുന്ന തിരുസ്വരൂപങ്ങൾ അവയുടെ തട്ടിൻപുറങ്ങളിൽ പക്ഷേ ഇപ്പോഴും കിടപ്പുണ്ടാവണം. ഇത്രയുംപ്രസ്താവിച്ചതിൽനിന്നും കത്തോലിക്കരുടെ തിരുസ്വരൂപവണക്കത്തെ യാക്കോബായക്കാർ അത്ര ബലമായി അപലപിക്കേണ്ട ആവശ്യമില്ലെന്നു ഗ്രഹിക്കാവുന്നതാണു്.

പ്രതിമകൾ ഉണ്ടാക്കി അവയെ ആരാധിക്കരുതെന്നല്ലാതെ, ശില്പകലാവിദ്യയെ നിരുപാധികമായി ദൈവം ശപിച്ചിട്ടില്ലെന്നുള്ളതിനു് വേദപുസ്തകത്തിൽ സ്പഷ്ടമായ പല തെളിവുകളുണ്ടു്. വിഗ്രഹാരാധനയ്ക്കു കുപ്രസിദ്ധി സമ്പാദിച്ചിരുന്ന ഈജിപ്തുദേശത്തിലെ വിജാതിയരുടെ ഇടയിൽനിന്നു പുറപ്പെട്ടുവന്ന ഇസ്രായേൽ മക്കളിൽ സ്വാഭാവികമായി വിഗ്രഹാരാധനാപ്രവണത പ്രത്യക്ഷപ്പെട്ടിരുന്നതുകൊണ്ടാണു്, യഹോവാ ഇങ്ങനെ ഒരു കർശനകല്പന അവർക്കു നൽകിയിരുന്നതു്. എന്നാൽ വിഗ്രഹാരാധനയ്ക്കിടയില്ലെന്നു ബോദ്ധ്യമുള്ള അവസരങ്ങളിൽ, പ്രതിമാനിർമ്മാണത്തെ ദൈവം അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയുംചെയ്തിരുന്നു. ഭയങ്കരമായ ഒരു സർപ്പദംശത്തിൽനിന്നു രക്ഷപെടുവാൻ വേണ്ടി പിച്ചളസർപ്പമുണ്ടാക്കുവാനും, ക്രോവേമാരെ ഉണ്ടാക്കി അതിവിശുദ്ധസ്ഥലത്തു സ്ഥാപിക്കുവാനും, ദൈവംതന്നെ ഈ നിയമം വിളംബരം ചെയ്തശേഷം കല്പിച്ചിട്ടില്ലയോ? അതുപോലെതന്നെ, സോളമൻരാജാവു് ഈത്തപ്പന മുതലായവയുടെ പല രൂപങ്ങളും കൊത്തുപണികളും ഉണ്ടാക്കിയതായും, പല ക്രോവേമാരെ ഉണ്ടാക്കി ദേവാലയഭിത്തികളിൽ സ്ഥാപിച്ചതായും, "കടൽ" വഹിക്കുന്നതിനു് 12 പിച്ചളക്കാളകളേയും, പീഠം താങ്ങുന്നതിനു് 2 സിംഹങ്ങളേയും പണിയിച്ചതായും, വിശുദ്ധ ഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നില്ലേ? ഇവയിൽനിന്നെല്ലാം തെളിയുന്നതു്, വിഗ്രഹാരാധനയെയല്ലാതെ ശില്പകലയെ ദൈവം വിലക്കുന്നില്ലെന്നും, പ്രത്യുത അവയുടെ ശരിയായ ഉപയോഗത്തെ ദൈവം പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും ആണു്.

യഹൂദന്മാർ ചിലപ്പോൾ പാപാവകാശങ്ങളിൽനിന്നും സ്വയം ഒഴിയുവാൻവേണ്ടി സകലവിധ വിഗ്രഹനിർമ്മാണത്തേയും വിലക്കിയിരുന്നു എന്നതു് സമ്മതിക്കപ്പെട്ടാലും, അക്കാലത്തെ യഹൂദനിയമങ്ങൾ പില്ക്കാലത്തെ ക്രൈസ്തവരെ ബാധിക്കണമെന്നില്ല. പൗലോസ് ശ്ലീഹാ (Romans VIII. 1, 2. Galatians III 23-25) നമ്മെ ശക്തിയുക്തം ഉൽബോധിപ്പിക്കുന്നതുപോലെ, ക്രിസ്ത്യാനികൾ യഹൂദന്മാരുടെ പ്രത്യേകനിയമങ്ങളിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുകയാണു്. അതുകൊണ്ടാണു് ആദിമ റോമൻ ക്രിസ്ത്യാനികൾ തങ്ങളുടെ ഭൂഗർഭദേവാലയങ്ങളിൽ(Catacombs)ക്രിസ്തുവിൻെറയും കുരിശിൻെറയും മററും ശില്പകലാവേലകൾ ചെയ്തിരുന്നതു്. അവർ ശില്പവേലയിൽ പ്രത്യേക വാസനയുള്ളവരായിരുന്നതുകൊണ്ടു് തിരുസ്വരൂപങ്ങളുണ്ടാക്കിയെങ്കിൽ, പൗരസ്ത്യർ അവരുടെ വാസനയനുസരിച്ചു് ചിത്രങ്ങളും പടങ്ങളും അവരുടെ ദേവാലയങ്ങളിൽ ഉപയോഗിക്കുവാനിടയായി എന്നു മാത്രമേയുള്ളു. മനുഷ്യപ്രകൃതിയുടെ പ്രവണതകൾ സാരാംശത്തിൽ സർവ്വത്ര ഒന്നുതന്നെയാണു്; പക്ഷേ ദേശീയ വാസനകൾ വിഭിന്നമാവാം. അങ്ങനെയാണു് പാശ്ചാത്യസഭക്കാർക്കു നീളം, വീതി, കനം ഇവയുള്ള സ്വരൂപങ്ങളുണ്ടായപ്പോൾ പൗരസ്ത്യസഭക്കാർക്കു നീളവും വീതിയും മാത്രമുള്ള ഛായാപടങ്ങളും എഴുത്തുരൂപങ്ങളും ഉണ്ടായതു്.

മനുഷ്യപ്രകൃതിയിലുള്ള ഈ കലാവാസനയാണു് നിർദ്ദോഷമായ ചിത്രകലയിലും ശില്പകലയിലും നാം ദർശിക്കുന്നതു്. അവ ആശയവിനിമയത്തിനുള്ള ഓരോ ഉപാധികൾ കൂടിയാണു്. നമ്മുടെ കുഞ്ഞുമക്കൾ പഠിക്കുന്ന ആദിമ പാഠപുസ്തകങ്ങൾ ചിത്രങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു. ഉയർന്ന ക്ലാസ്സുകളിൽപോലും ചിത്രങ്ങൾ, ഡയഗ്രങ്ങൾ, ഭൂപടങ്ങൾ, മാതൃകകൾ മുതലായ ബോധനോപകരണങ്ങൾ വിദ്യാലയങ്ങളിൽ നാം ഉപയോഗിക്കാറുണ്ടല്ലോ. അതേ മനശ്ശാസ്ത്രതത്വമുപയോഗിച്ചാണു് വിശ്വാസികളുടെ മതബോധനത്തെ മുൻനിറുത്തി, ദേവാലയങ്ങളിൽ കൊത്തുരൂപങ്ങൾ, ചിത്രങ്ങൾ മുതലായവ മനുഷ്യർ ഉപയോഗിച്ചുവരുന്നതു്. പൗരസ്ത്യയൂറോപ്പിൽ എട്ടാംശതകത്തിൽ പ്രതിമാഘാതകപാഷണ്ഡത (Iconoclastic Heresy) പടർന്നുപിടിച്ച അവസരത്തിൽ, അന്നു റോമിൽ വാണിരുന്ന ഒരു മാർപ്പാപ്പാ പ്രസ്തുത പാഷണ്ഡപ്രസ്ഥാനികളോടു് ചോദിച്ച ഒരു ചോദ്യം എൻെറ യാക്കോബായസഹോദരങ്ങളോടും ഞാൻ ചോദിച്ചുകൊള്ളട്ടെ: "Why do you hate the images? They are the poor man's books" "നിങ്ങൾ തിരുസ്വരൂപങ്ങളെ ദ്വേഷിക്കുന്നതെന്തുകൊണ്ടു്? അവ സാധുജനങ്ങളുടെ ഗ്രന്ഥങ്ങളല്ലയോ?"

—o—

ശ്യമുണ്ടെന്നു തോന്നുന്നില്ല. അദ്ധ്യയനമണ്ഡലത്തിൽ പെടുന്നവരും അല്ലാത്തവരും ഈ ചെറുഗ്രന്ഥത്തിൻെറ ഒരു പ്രതി സമ്പാദിക്കുന്നതിനും, അതു് ഒരു കൈപ്പുസ്തകമായി ഉപയോഗിക്കുന്നതിനും ശക്തിയായി ശുപാർശ ചെയ്തുകൊള്ളുന്നു.

(ജെ. പി. വി.)

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡ്ഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ

# വിവിധവൃത്താന്തങ്ങൾ

### ലക്ഷോപലക്ഷങ്ങൾ

## മാർപ്പാപ്പായോടൊത്തു പ്രാർത്ഥിച്ചു

കഴിഞ്ഞ ആഗസ്റ്റ് 15-ാംനു മദ്ധ്യാഹ്നത്തിൽ പരിശുദ്ധ മാർപ്പാപ്പാ കാസ്റ്റൽഗണ്ടോൾഫോയിലുള്ള അവിടുത്തെ കപ്പേളയിൽ മുട്ടുകുത്തി പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണമഹാമഹത്തെ അനുസ്മരിച്ച് "ത്രികാലജപം" ചൊല്ലുകയുണ്ടായി. വത്തിക്കാൻ റേഡിയോവും ഇററാലിയൻ റേഡിയോവും അതു പ്രക്ഷേപണംചെയ്തു. ലക്ഷോപലക്ഷം ജനങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും അതോടൊന്നിച്ചു പ്രാർത്ഥിച്ചു. ഇററലിയുടെ ഉത്തരഭാഗങ്ങളിൽ പ്രാർത്ഥിക്കുന്ന മാർപ്പാപ്പായെ ജനങ്ങൾ ടെലെവിഷനിൽ ദർശിക്കുകയുംചെയ്തു.

## പുതിയ തിരുകർമ്മനിയന്ത്രകർ

### നിയമിക്കപ്പെട്ടു

റവ. ഫാദേഴ്സ് അന്തോണി കരേററാ, വീറേറാ ജമീത്തി, ആഞ്ചലോ ഡി പാസ്കാലെ എന്നിവർ പോണ്ടിഫിക്കൽ തിരുകർമ്മനിയന്ത്രകസംഘത്തിലെ അംഗങ്ങളായി പരിശുദ്ധ പിതാവിനാൽ നിയമിതരായിരിക്കുന്നു. ഇവർ സൂപ്പർന്യൂമററി അംഗങ്ങളായിരിക്കും. ഈ നിയമനത്തോടെ സംഘത്തിലെ പതിവുള്ള അംഗസംഖ്യ പൂർത്തിയായിരിക്കുകയാണ്. അവരുടെ ഉദ്യോഗം മാർപ്പാപ്പാ നടത്തുന്ന കർമ്മങ്ങളുടെ നിയന്ത്രണം നിർവ്വഹിക്കുകയും കർദ്ദിനാൾ പ്രതിനിധികൾ അയക്കപ്പെടുന്ന പോണ്ടിഫിക്കൽ മിഷനുകളിലെ നോട്ടറിസ്ഥാനം വഹിക്കുകയും ചെയ്ക എന്നുള്ളതാണ്.

### വിയററ്നാമിൽ

## സ്വാതന്ത്ര്യം തടയപ്പെടുന്നു

ഉത്തരവിയററ്നാം സന്ധിവ്യവസ്ഥകൾ അനുസരിക്കുന്നുവെന്നു ഭാവിക്കുന്നുണ്ടെങ്കിലും അഭയാർത്ഥികളെ സംബന്ധിച്ചും മതസ്വാതന്ത്ര്യത്തെ സംബന്ധിച്ചും മർദ്ദനപരമായ നയങ്ങളാണ് തുടർന്നുകൊണ്ടിരിക്കുന്നതു്. ദക്ഷിണവിഭാഗത്തിൽ കടന്നു രക്ഷപ്രാപിച്ചിട്ടുള്ള അഭയാർത്ഥികൾ ഇന്റർനാഷനൽ കൺട്രോൾകമ്മീഷനു ഈയിടെ സമർപ്പിച്ച ഒരു ഹർജിയിൽ പ്രസ്താവിച്ചിരിക്കുന്നതു് അവരുടെ ബന്ധുക്കളും സ്വന്തപ്പെട്ടവരുമായി 80,000 പേരെ ഉത്തരവിയററ്നാമിൽ കമ്മ്യൂണിസ്റ്റുകൾ ബലമായി തടഞ്ഞുവച്ചിരിക്കുന്നുവെന്നാണ്. അതു കൂടാതെയും കടന്നുപോരുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നവർ കുറവല്ല. സെയ്ഗോണിൽനിന്നു ഫാദർ പാട്രിക്ക് ഒക്കോണർ എഴുതിയ ഒരെഴുത്തിൽ പറഞ്ഞിരിക്കുന്നതു്, കഴിഞ്ഞ മാർച്ചുമാസത്തിൽ പാസ്സുകിട്ടുവാൻവേണ്ടി അപേക്ഷ സമർപ്പിച്ച 4 വൈദികരും 55 സെമ്മിനാരിവിദ്യാർത്ഥികളും ഇനിയും വിടുതൽ ചെയ്യപ്പെട്ടിട്ടില്ല എന്നാണ്. ഇതിനകം അവരിൽ ഒരു വൈദികനും 12 സെമ്മിനാരിക്കാർക്കും മാത്രമേ അനുമതി ലഭിച്ചിട്ടുള്ളൂ. മേയ്മാസത്തിൽ അവരുടെ അപേക്ഷയെപ്പററി അന്വേഷണം നടത്താൻ കമ്മീഷൻ സെമ്മിനാരി സന്ദർശിച്ച അവസരത്തിൽ കമ്മ്യൂണിസ്റ്റുകൾ വിയററ്മിൻ തലസ്ഥാനത്തേക്കു സെമ്മിനാരിക്കാരെ പിടിച്ചുകൊണ്ടുപോവുകയും വിയററ്മിൻ പട്ടാളക്കാർ സിവിലിയൻവേഷത്തിൽ സെമ്മിനാരിയുടെ പുറത്തുവന്നു ഭീഷണികൾ മുഴക്കുകയും പ്രകടനങ്ങൾ നടത്തുകയുംചെയ്തു. മേയ് 20-ാംനു എല്ലാ വൈദികരും വിദ്യാർത്ഥികളും അറസ്റ്റുചെയ്യപ്പെട്ടു. അവർ ചോദ്യംചെയ്യപ്പെടുകയും കയ്യേററങ്ങൾക്കു വിധേയരാവുകയുംചെയ്തു. അവരെ പരസ്പരം വേർപെടുത്തി ക്രൂരമായ മർദ്ദനങ്ങൾ ഏല്പിച്ചതിന്റെ ഫലമായി അഭയാർത്ഥിത്വത്തിനുള്ള അപേക്ഷ പലരും പിൻവലിച്ചു. ഈദൃശപ്രവർത്തനങ്ങൾവഴി അവരുടെ മർദ്ദനനയം തുടർന്നുകൊണ്ടിരിക്കുന്ന വിയററ്മിൻ കമ്മ്യൂണിസ്റ്റുകൾ മതസ്വാതന്ത്ര്യം അനുവദിക്കുന്നതായും അഭയാർത്ഥികളെ സഹായിക്കുന്നതായും ഭാവിക്കുന്നതിന്റെ കാപട്യത്തെ ഒബ്സർവത്തോരെ റൊമാനോ എന്ന വത്തിക്കാൻപത്രം നിരൂപണം ചെയ്തിരിക്കുന്നു. ഉത്തരവിയററ്നാമിലെ 5 മെത്രാന്മാരും 300 വൈദികരും സ്വതന്ത്രരാണെന്നു പറയുന്നു. എന്നാൽ അവർ കാരാഗൃഹങ്ങളിൽ ബന്ധിതരല്ല എന്നു മാത്രമേ അതിനർത്ഥമുള്ളൂ. മെത്രാന്മാർക്കു പള്ളിസന്ദർശനം അനുവദിക്കുന്നില്ല. വൈദികർ അവരവരുടെ ഇടവകവിട്ടു പുറത്തുപോകാൻ പാടില്ല. അവരുടെ ഓരോ ചലനങ്ങളേയും നിരീക്ഷിക്കുന്നതിനു പ്രത്യേകം കാവലുണ്ട്. ചില വൈദികർക്കു താമസസ്ഥലത്തിനു പുറത്തിറങ്ങാൻപോലും അനുവാദമില്ല. കത്തോലിക്കാവിദ്യാലയങ്ങൾ അപ്രത്യക്ഷങ്ങളായിക്കഴിഞ്ഞു. പള്ളിവകവസ്തുക്കൾ കണ്ടുകെട്ടുന്നു. കത്തോലിക്കാപത്രങ്ങൾ നിരോധിക്കപ്പെട്ടു. വിശ്വാസികൾക്കു പള്ളിയിൽ പോകാൻ മുടക്കില്ല. എന്നാൽ അവിടെ തിരുകർമ്മങ്ങൾ നടക്കുന്ന സമയത്തു കുട്ടികളേയും മററും ഓരോ മീററിംഗിലും ഉല്ലാസങ്ങളിലും പങ്കെടുക്കുന്നതിനു പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് അവിടുത്തെ ഇപ്പോഴത്തെ ദയനീയസ്ഥിതി.

## നിര്യാതനായി



**റവ. ഫാദർ ജേക്കബ് തയ്യിൽ**

തിടനാട്

ഈ ഇടവക റവ. ഫാദർ ജയിക്കബ് തയ്യിൽ അവർകൾ ഇക്കഴിഞ്ഞ ആഗസ്റ്റ് 21-ാംനു ഞായറാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് ഹൃദയസ്തംഭനംമൂലം 63-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. പിറേറന്നു രാവിലെ 11 മണിക്ക് പാലാ രൂപതാദ്ധ്യക്ഷൻ തിരുമേനി വികാരി ജനറാളോടും ചാൻസലറോടുംകൂടി മൃതശരീരം സന്ദർശിച്ച് ഒപ്പീസ് നടത്തി. പരേതൻ വികാരിയായിരുന്ന തീക്കോയി, കുന്നോന്നി, പെരുങ്ങളം, ഇടമറുക് മുതലായ ഇടവകക്കാർ കൊണ്ടുവന്നിരുന്ന പള്ളിസാമാനങ്ങളുടെ അകമ്പടിയോടും, മുപ്പതോളം വൈദികരുടേയും 20-ൽപരം കന്യാസ്ത്രീകളുടേയും വൻപിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിലും ശവസംസ്കാരചടങ്ങുകൾ പരേതന്റെ സഹോദരപുത്രനായ റവ. ഫാദർ സക്കറിയാസിന്റെ പ്രധാന കാർമ്മികത്വത്തിൽ ഉച്ചതിരിഞ്ഞു 2 മണിക്കു സമാരംഭിച്ചു, വെരി റവ. ഫാദർ തോമ്മസ് വടശ്ശേരി എൽ. ഡി. ചരമപ്രഭാഷണം നടത്തി. പരേതൻ ഏഴുകൊല്ലക്കാലമായി അനാരോഗ്യംനിമിത്തം സ്വന്തഇടവകയിൽ വിശ്രമിക്കുകയായിരുന്നു.

R. I. P.

## ഇംഗ്ലീഷ് ഭാഷയിൽ ദിവ്യബലി

ഈമാസം 5-ാംനു അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ നിത്യസഹായമാതാവിന്റെ ദേവാലയത്തിനു പുറത്തായി സജ്ജീകരിച്ച അൾത്താരയിൽ ബിഷപ്പ് ഫുൾട്ടൻ ഷീൻ തിരുമനസ്സുകൊണ്ട് ആദ്യമായി ഇംഗ്ലീഷ് ഭാഷയിൽ പോണ്ടിഫിക്കൽ ദിവ്യബലി അർപ്പിച്ചിരിക്കുന്നു. പ്രസ്തുത തീർത്ഥകേന്ദ്രത്തിൽ കിഴക്കൻറീത്തുകളിൽപ്പെട്ട കത്തോലിക്കരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള തീർത്ഥാടനത്തിന്റെ പര്യവസാനപരിപാടിയായിരുന്നു അതു്. തിരുമേനി ബിസൻറയിൻ റീത്തിലാണ് ബലിയർപ്പിച്ചതു്. ലക്ഷത്തിൽപ്പരം വിശ്വാസികൾ അതിൽ പങ്കെടുത്തു. റഷ്യയുടെ മാനസാന്തരത്തിനായി ദിവ്യബലി നിയോഗിക്കപ്പെടുകയും കുർബാനയ്ക്കിടയിൽ തിരുമേനി പ്രസംഗിക്കുകയുംചെയ്തു. ജൂലൈ 14-ാംനു പൗരസ്ത്യറീത്തുകളുടെ തിരുസംഘത്തിൽനിന്നു പ്രത്യേകം നൽകപ്പെട്ട ഡിക്രിയിലാണ് ഇംഗ്ലീഷ് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകപ്പെട്ടിരിക്കുന്നതു്.

### ബൊളോഞ്ഞായിലെ പാവപ്പെട്ടവർ

## കർദ്ദിനാളിന്റെ അതിഥികൾ

ഇററലിയിലെ ഒരു കമ്മ്യൂണിസ്റ്റുകേന്ദ്രമായ ബൊളോഞ്ഞായിൽ അവിടത്തെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ലെർക്കാരോയുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധപരിപാടികൾ വിജയപൂർവ്വം പുരോഗമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈയിടെ തിരുമേനി നഗരത്തിലുള്ള അനേകായിരം സാധുക്കളെ ക്ഷണിച്ചുവരുത്തി അവിടുത്തെ ഗ്രാമവസതിയിൽവച്ചു സല്ക്കരിക്കുകയും അതിന്റെ തോട്ടങ്ങളിൽ അവർ ഒരുല്ലാസദിവസം കഴിച്ചുകൂട്ടുകയും ചെയ്തിരിക്കുന്നു. ഇററലിയിൽ ഇപ്പോൾ വേനല്ക്കാലമാകയാൽ നഗരങ്ങളിലെ ജനങ്ങൾ വിശ്രമകേന്ദ്രങ്ങളിലേക്കും മററുരാജ്യങ്ങളിലേക്കും സുഖവാസത്തിനായി പോകുന്ന വിശ്രമകാലമാണ്. സാമ്പത്തികമായ കഴിവുകേടുകൾകൊണ്ടു അതിനൊന്നും സാധിക്കാത്ത പാവപ്പെട്ടവർക്കു അതു വലിയ ഇച്ഛാഭംഗമാണ്. അതുകൊണ്ടാണ് ആർദ്രഹൃദയനായ കർദ്ദിനാൾ പാവപ്പെട്ടവർക്കുവേണ്ടി ഇപ്രകാരം ഒരുല്ലാസദിനം നിശ്ചയിച്ചതു്. തിരുമേനിതന്നെയും ഒരു പാവപ്പെട്ട തൊഴിലാളിയുടെ പുത്രനാണല്ലോ. തിരുമേനി അവിടുത്തെ അതിഥികൾക്കുവേണ്ടി പല വിനോദങ്ങളും ഏർപ്പാടുചെയ്യുകയും കുട്ടികളുമൊത്തു ഉല്ലാസപൂർവ്വം കളികളിലേർപ്പെടുകയും ചെയ്തിരുന്നു. തിരുമേനിയുടെ എതിരാളിയായ നഗരത്തിലെ കമ്മ്യൂണിസ്റ്റ് മേയർമാത്രം ഇതിലൊന്നും പങ്കെടുക്കാതെ സ്വവസതിയിൽ കഴിച്ചുകൂട്ടി. തിരുമേനിയുടെ വിജയം അദ്ദേഹത്തിന്റെ പരാജയമാണെന്നു അദ്ദേഹത്തിനുതന്നെ നല്ലവണ്ണമറിയാം.

### കത്തീഡ്രലിന്റെ നവീകരണത്തിന്

## പേപ്പൽ ആശിസ്സുകൾ

ബ്രിട്ടണിൽ ലിവർപ്പൂളിൽ ക്രിസ്തുരാജ കത്തീഡ്രൽ പുതുക്കിപ്പണിയുന്നതിനുള്ള പ്രാരംഭജോലികൾ സെപ്ററംബർ 11-ാംനു സമാരംഭിക്കുകയാണ്. പുതിയ പ്ലാൻ അംഗീകരിച്ചും ദേവാലയത്തിന്റെ വലിപ്പം ചുരുക്കിയതിൽ സന്തോഷം പ്രകടിപ്പിച്ചും ലിവർപ്പൂളിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഗോഡ്ഫ്റെ തിരുമേനിക്കു മാർപ്പാപ്പാ അയച്ചുകൊടുത്തിട്ടുള്ള ആശംസാസന്ദേശം തദവസരത്തിൽ കർദ്ദിനാൾ തിരുമേനി പരസ്യപ്പെടുത്തുന്നതാണ്. പുതിയ കത്തീഡ്രലിന്റെ ചിലവു 550 ലക്ഷം ഉറുപ്പികവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

## ഇടവകവാർത്തകൾ

(8-ാംപേജ് തുടർച്ച)

സംഗീതമത്സരത്തിൽ വിജയിയായി, ജസ്ററിസ്സ് ററി. കെ. ജോസഫിൽനിന്നും ഒരു വെള്ളിക്കപ്പ് കരസ്ഥമാക്കിയിരിക്കുന്നു. ലീല ഇതിനുമുമ്പും കാനനസൂനം മുതലായ കഥാപ്രസംഗങ്ങൾനടത്തി സ്വർണ്ണമെഡലുകളും മററും കരസ്ഥമാക്കിയിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

**അങ്കമാലി:** അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ നാമഹേതുകദിനത്തിൽ അവിടുത്തേക്ക് ഭാവുകങ്ങൾ നേരുവാൻ സ്ഥലം പെററിസെമ്മിനാരിവിദ്യാർത്ഥികൾ റവ. എമ്മാനുവേൽ പാലിയക്കുന്നന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തിരുമനസ്സിലെ മഹത്തായ സേവനങ്ങളെയും ഗുണഗണങ്ങളേയും പ്രകീർത്തിച്ചുകൊണ്ടും തിരുമനസ്സിലേക്ക് ആയുരാരോഗ്യാദി ഭാവുകങ്ങൾ നേർന്നുകൊണ്ടും റവ. മാത്യു കാച്ചപ്പിള്ളി, ബ്രദർ വറുഗീസ് കാഞ്ഞിരക്കാട്ട്, ബ്രദർ കുര്യാക്കോസ് പള്ളിക്കുന്നൻ എന്നിവർ പ്രസംഗിച്ചു. സെമ്മിനാരിക്കാരുടെ വിവിധ കലാപ്രകടനങ്ങൾ യോഗത്തെ മോടിപിടിപ്പിച്ചു.

**വൈക്കം:** എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമഹേതുകദിനം പ്രമാണിച്ച് സ്ഥലം സെൻറ് ലൂയിസ് സ്കൂൾ ഹാളിൽവച്ചു സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ ഒരു അസാധാരണയോഗം റവ. ഫാ. ജോർജ്ജ് അന്നാശ്ശേരി ബി. എ. ബി. ടി. യുടെ അദ്ധ്യക്ഷതയിൽ കൂടി. തദവസരത്തിൽ സൊഡാലിററി പ്രീഫെക്ട് മി. വറുഗീസ് താഴ്ചയിൽ പ്രസംഗിക്കയും തിരുമനസ്സിലേക്ക് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ട് "ജ്ഞാനപൂക്കൂട്ട്" വായിച്ചു സമർപ്പിക്കയും ചെയ്തു.

**എടക്കുളം:** സ്ഥലത്തെ സുപ്രസിദ്ധവൈദ്യനായ ഉഴുക്കൻ മഠത്തിപ്പറമ്പിൽ ഔസേപ്പ് വറിയതു അവർകളുടെ ഷഷ്ട്യബ്ദപൂർത്തി 21-8-55ൽ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ അനേകം പേർക്കു വിരുന്നുസല്ക്കാരവും സാധുക്കൾക്കു ദാനധർമ്മവും മററും നടത്തുകയുണ്ടായി.

**വല്ലം:** സ്ഥലം സി. വൈ. എം. എ. യുടെ ഒരു വർക്കിംഗ് കമ്മററി ആഗസ്റ്റ് 28-ാംനു പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ കൂടി. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മിച്ചനിക്ഷേപഫണ്ട് തുടങ്ങുവാൻ തീരുമാനിച്ചു. അടുത്തുതന്നെ അതിന്റെ ഉൽഘാടനം നടത്തത്തക്കവിധത്തിൽ ദ്രുതഗതിയിൽ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുവാനും ബുക്കസ്റ്റാൾ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനും ഏർപ്പാടുകൾ ചെയ്തു.

—o—



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, SEPTEMBER 7 | No. 5


## പൊതുജനവിദ്യാഭ്യാസം

ജനാധിപത്യാദർശത്തിനു ലോകത്തിൽ ചിരപ്രതിഷ്ഠ ലഭിച്ചതോടെ പൊതുജനവിദ്യാഭ്യാസത്തിന്റെ ആവശ്യകതയും അനിവാര്യമായി തീർന്നിരിക്കുകയാണ്. പൊതുജനങ്ങളുടെ വിദ്യാഭ്യാസനിലവാരം കുറേക്കൂടി ഉന്നമിച്ചിട്ടുവേണ്ടിയിരുന്നില്ലേ ജനാധിപത്യം പ്രായോഗികമാക്കപ്പെടുവാനെന്നു ആശങ്കപ്പെടുന്നവരും കുറവല്ല. പ്രായോഗികരംഗത്തിൽ ഈ അഭിപ്രായത്തിനു വളരെ പ്രസക്തിയുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ജനാധിപത്യത്തിന്റെ പേരിൽ നിരക്ഷരകുക്ഷികളായ പൊതുജനങ്ങളെക്കൊണ്ടു് ഇന്നത്തെ രാഷ്ട്രീയകസ്രത്തുകാർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ കാണുമ്പോൾ സാധാരണന്മാർക്കു ജനാധിപത്യത്തിലുള്ള വിശ്വാസംപോലും കുറഞ്ഞുപോകുന്നുണ്ടു്. അതങ്ങിനെയുമിരിക്കട്ടെ. ജനകീയവ്യവസ്ഥിതിയിൽ പൊതുജനവിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം എല്ലാവരും മനസ്സിലാക്കി ആ കുറവു നികത്താനാണു് അക്ഷീണയത്നം ചെയ്യേണ്ടതു്.

കഴിഞ്ഞ ലോകമഹായുദ്ധാനന്തരം ഉടലെടുത്ത ആലോകസംഘടനയായ യു. എൻ. ഒ. (ഐക്യരാഷ്ട്രസംഘടന) വിദ്യാഭ്യാസപരമായ അധഃസ്ഥിതിക്കു നിവാരണം വരുത്തുന്നതിനു "യുനെസ്കോ" എന്ന പേരിൽ ഒരു വിഭാഗം ഏർപ്പെടുത്തിയിട്ടുണ്ടല്ലോ. ലോകത്തിലുള്ള എല്ലാ ജനങ്ങൾക്കും തന്നെ അടിസ്ഥാനപരമായ ഒരു വിദ്യാഭ്യാസനിലവാരം പ്രദാനം ചെയ്യണമെന്നുള്ളതാണു് അതിന്റെ ലക്ഷ്യം. ഈ സംഘടനയുടെ ലക്ഷ്യനിർവ്വചനത്തിൽ ഇപ്രകാരം കാണുന്നു:- "വിദ്യാലയപരിശീലനം ലഭിച്ചിട്ടില്ലാത്ത യുവാക്കന്മാർക്കും പ്രായപൂർത്തിയായവർക്കും അവർ ജീവിക്കുന്ന സമുദായത്തിന്റെ പ്രശ്നങ്ങളെ മനസ്സിലാക്കത്തക്കവണ്ണം നൽകപ്പെടുന്ന ചുരുങ്ങിയ പൊതുവിദ്യാഭ്യാസമാണു് അടിസ്ഥാനവിദ്യാഭ്യാസം എന്ന വാക്കുകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. തന്മൂലം പൗരന്മാരെന്ന നിലയിലും വ്യക്തികളെന്ന നിലയിലും അവർക്കുള്ള അവകാശങ്ങളും കടമകളും സാമാന്യം ഭേദമായവിധത്തിൽ അവർ ഗ്രഹിക്കാറാവണം. അങ്ങനെ അവർ ഏതൊരു സമുദായത്തിന്റെ വിഭാഗമായിരിക്കുന്നുവോ അതിന്റെ സാമൂഹികമായ സുസ്ഥിതിയിലും പുരോഗതിയിലും ഫലദായകമായ വിധത്തിൽ പങ്കെടുക്കുന്നതിനു അവർക്കു കഴിയണം. കൂടാതെ, അദ്ധ്യേതാക്കളിൽ മനുഷ്യവ്യക്തിത്വത്തെപ്പറ്റിയുള്ള അവബോധത്തെ ഉത്തേജിപ്പിക്കേണ്ടതും അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ കർത്തവ്യമാണു്. ഈ അവബോധത്തിൽനിന്നത്രെ മാനവവർഗ്ഗത്തിന്റെ സാംസ്കാരികവും സാന്മാർഗ്ഗികവുമായ ഐക്യബോധം ഉൽഭൂതമാകുന്നതു്." മഹത്തായ ആദർശമാണു് ഈ പദ്ധതി ഉൾക്കൊള്ളുന്നതു്. അതിന്റെ അവശ്യാവശ്യകതയും പ്രകടമത്രെ. അതുകൊണ്ടു അജ്ഞതയോടും നിരക്ഷരതയോടും പടവെട്ടുന്നതിനു ബദ്ധശ്രദ്ധരായിരിക്കുന്ന നേതൃവ്യൂഹം നമ്മുടെ സർവ്വവിധമായ സഹകരണത്തെയും അർഹിക്കുന്നുണ്ടു്.

പൊതുജനങ്ങൾക്കു നൽകപ്പെടേണ്ട അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ മൗലികതത്വങ്ങൾ എല്ലാവരും മനസ്സിലാക്കേണ്ടതാണു്. മഹത്തായ ഈ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ അവയെ വിശദീകരിച്ചിട്ടുണ്ടു്. ഏതാണ്ടിപ്രകാരമാണു് അവരുടെ വിശദീകരണം:-

1. പൊതുവിജ്ഞാനം— എഴുത്തും വായനയും കണക്കും എല്ലാവർക്കും വശമാക്കണം. സ്വരാജ്യത്തേയും വിദേശങ്ങളേയും സംബന്ധിച്ചു് ഭൂമിശാസ്ത്രപരമായും ചരിത്രപരമായും ഒരു സാമാന്യജ്ഞാനം, വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ആരോഗ്യപാലനത്തിനാവശ്യമായ നിയമങ്ങൾ ഇവയും അറിയണം.

2. ജീവിതശാസ്ത്രം— ജീവിതത്തിന്റെ ഏതാനും മൂലതത്വങ്ങൾ ഗ്രഹിക്കുക. ഉദാഹരണം: ഞാനാരാണു്? ഒരു മനുഷ്യവ്യക്തി എന്നാൽ എന്താണു്? ഞാനെന്തിനു ജീവിക്കുന്നു? എന്റെ ജീവിതലക്ഷ്യം പ്രാപിക്കുന്നതിനു ഞാനെന്തുചെയ്യണം? ഈ ലോകത്തിനു അതിലെന്തു ചെയ്യാൻ കഴിയും?

3 സാമൂഹികബന്ധം— എന്റെ സമസൃഷ്ടങ്ങൾ ഏതെല്ലാം? അവയുമായുള്ള പരസ്പരബന്ധം? സേവനമനോഭാവം എന്താണു്? ഈ സാമൂഹികബന്ധങ്ങൾ എങ്ങിനെ പോഷിപ്പിക്കാം? കുടുംബം എന്താണു്? ഗാർഹികബന്ധം, ഉടമാവകാശം, ദേശീയവും അന്തർദേശീയവുമായ സാഹോദര്യം എന്നിവ ഉൾക്കൊള്ളുന്ന ആദർശങ്ങൾ എന്തു്? ഇവയിലെല്ലാം ഓരോ വ്യക്തികളുടെയും കർത്തവ്യങ്ങൾ ഏവ?

4. തൊഴിൽപ്രശ്നം— മനുഷ്യൻ പ്രയത്നിക്കേണ്ട ആവശ്യം? അവൻ എങ്ങിനെയെല്ലാം പണിയെടുക്കണം? അതിൽനിന്നുണ്ടാകുന്ന ഫലത്തെ സംബന്ധിച്ച അവകാശം, അതിന്റെ വിതരണം മുതലായവയെ സംബന്ധിക്കുന്ന തത്വങ്ങൾ.

5. കുടുംബം— കുടുംബമാണു് സമുദായത്തിന്റെ അടിസ്ഥാനഘടകം. തന്മൂലം അതിന്റെ അവകാശങ്ങളും കർത്തവ്യങ്ങളും ഏവയെല്ലാം? കുടുംബത്തിൽ പ്രാവർത്തികമാവും കുടുംബത്തെ ലക്ഷ്യം വച്ചും മനുഷ്യനിൽ നിക്ഷിപ്തമാകുന്ന അവകാശങ്ങൾ എന്താണു്?

6. മതം— വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽപെട്ടതാണു് മതപരിശീലനം.

ഇങ്ങനെ മനുഷ്യന്റെ വ്യക്തിഗതവും ഗാർഹികവും സാമൂഹികവുമായ എല്ലാ രംഗങ്ങളിലും ഒരു സാധാരണമനുഷ്യൻ അവശ്യം മനസ്സിലാക്കിയിരിക്കേണ്ട കാര്യങ്ങളെ സമ്യക്കായി ക്രോഡീകരിക്കുന്നതാണു് ഈ പദ്ധതി. ഒരു വ്യക്തിയുടെ സാമാന്യവിദ്യാഭ്യാസത്തിനു ആവശ്യമായ പരിപാടികളെല്ലാം അതു് ഉള്ളടക്കുന്നുണ്ടെന്നു പറയാം. പക്ഷേ സർവ്വപ്രധാനമായ ഒരു കാര്യത്തിൽ അതു വിശദവിവരങ്ങളെ പരിപൂർണ്ണം വിട്ടുകളഞ്ഞിരിക്കുകയാണു്. മതസംബന്ധിച്ചുള്ള വിജ്ഞാനം. പല മതങ്ങളെ അനുഗമിക്കുന്ന രാജ്യങ്ങളിൽ നിവസിക്കുന്നവരെ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയായതുകൊണ്ടു അതേസംബന്ധിക്കുന്ന വിശദാംശങ്ങൾ രാജ്യവ്യത്യാസങ്ങൾക്കനുസരിച്ചു കൂട്ടിച്ചേർക്കുന്നതിനു വിട്ടതാവാം. ഏതായാലും ഒരു മനുഷ്യന്റെ വിദ്യാഭ്യാസത്തിൽ അവന്റെ ആദ്ധ്യാത്മികമൂല്യങ്ങളെ മനഃപ്പൂർവ്വം അവഗണിക്കുകയാണെങ്കിൽ മറ്റെന്തെല്ലാം മേന്മകൾ അതിനുണ്ടായിരുന്നാലും അതു മഹത്തായ അവന്റെ വ്യക്തിത്വത്തെ മുഴുവനായി സ്പർശിക്കുകയില്ല എന്നു മാത്രമല്ല അതിപ്രധാനമായ ഒരു ഭാഗത്തെ അവഗണിക്കുന്നതായിരിക്കുകയും ചെയ്യും. ഈ ദുസ്ഥിതി ആധുനികലോകത്തിൽ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചു വ്യാപകമായ തോതിൽ കാണപ്പെടുന്നുണ്ടു് എന്നുള്ളതു് ശോച്യമായ ഒരു വസ്തുതയാണു്. തന്മൂലം മഹത്തായ ഈ പ്രസ്ഥാനങ്ങൾ അവയുടെ ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചു മാനവസമുദായത്തിനു നാശകാരണമായി ഭവിക്കുന്നു.

ഈ മാസത്തെ പ്രാർത്ഥനാനിയോഗങ്ങളിലൊന്നു് അജ്ഞതയ്ക്കെതിരായ സമരത്തിൽ ക്രിസ്തീയവിദ്യാഭ്യാസത്തിനു പ്രാഥമ്യം ലഭിക്കുക എന്നതാണല്ലോ. അക്രൈസ്തവർക്കു ഈ പ്രസ്താവം പ്രഥമദൃഷ്ടിയിൽ അസുഖകരമായി തോന്നിയേക്കാം. പക്ഷെ അതിന്റെ അന്തരാർത്ഥം അഭികാമ്യമാണു്. ക്രിസ്തീയവിദ്യാഭ്യാസം എന്ന വാക്കുകൊണ്ടു വിവക്ഷിക്കപ്പെടുന്നതു് ഉത്തമമായ വിദ്യാഭ്യാസത്തിന്റെ ആകത്തുകയാണു്. വിജ്ഞാനം, സദാചാരബോധം, ആദ്ധ്യാത്മികമൂല്യങ്ങളോടുള്ള ആദരവു്, മതബോധം, മുതലായി മനുഷ്യവ്യക്തിത്വത്തെ പരിപൂർണ്ണമാക്കുന്നതിനുള്ള ഘടകങ്ങൾ മാത്രമാണു് അതിലടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു ജനകീയഭരണം വിജയമടയുന്നതിനു പൊതുജനവിദ്യാഭ്യാസം അവശ്യാവശ്യമാണു്. മാതൃകാപരമായ പൊതുജനവിദ്യാഭ്യാസത്തിന്റെ ആദർശമാണു് ക്രിസ്തീയ വിദ്യാഭ്യാസം.

## പ്രസാധകക്കുറിപ്പുകൾ

### ഇന്ത്യയിലെ മിഷനറിപ്രശ്നം

ഇന്ത്യയിൽ വിദേശമിഷനറിമാർക്കു നേരിട്ടുകൊണ്ടിരിക്കുന്ന നിരവധി പ്രതിബന്ധങ്ങളെ വിശകലനംചെയ്തു "Thought" എന്ന ഡൽഹിവാരികയിൽ ഹക്കംസിങ്ങു് ഒരു ലേഖനം ഈയിടെ എഴുതിയിരുന്നു. മിഷനറിമാരോടു ഹിന്ദുക്കൾക്കുള്ള എതിർപ്പിനും വിരോധത്തിനും കാരണം മിഷനറിമാർ നിർബന്ധിച്ചു ഹിന്ദുക്കളെ ക്രിസ്തുമതത്തിൽ ചേർക്കുന്നു എന്നുള്ളതാണത്രെ. ഹിന്ദുമതമാണു് ഇന്ത്യയുടെ ദേശീയമതമെന്നും അവർ വിശ്വസിക്കുന്നു. മിഷനറിമാർ ദേശീയവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു എന്നുള്ള തെറ്റിദ്ധാരണയും അവരുടെ എതിർപ്പിനു കാരണമാകുന്നുണ്ടു്. വിദേശമിഷനറിമാർക്കു പകരം ഇന്ത്യൻ മിഷനറിമാർ ധാരാളമായി രംഗത്തേക്കിറങ്ങുകയും ഇന്ത്യൻക്രിസ്ത്യൻ സഭ ഈ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്യണമെന്നും പ്രസ്തുതലേഖനത്തിൽ ഒരുൽബോധനവും നൽകിയിട്ടുണ്ടു്. ഈ ലേഖനത്തെ വിമർശിച്ചു Soci l Action എന്ന മാസികപ്രസിദ്ധീകരിച്ചിട്ടുള്ള ഒരു കുറിപ്പു ശ്രദ്ധേയമാണു്. പ്രസ്തുതലേഖനം ഒരു കാര്യം വിട്ടുകളഞ്ഞിരിക്കുകയാണു്, അതായതു ഇന്ത്യൻ ക്രിസ്ത്യൻ മിഷനറിയുടെ മനസ്സിൽ ഈ സാഹചര്യങ്ങളിൽ സംജാതമാകുന്ന ഒരു ഭീതി ഇന്നു വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങൾ പ്രതിരോധിക്കപ്പെടുകയും അവർ വിഷമിക്കുകയുമാണു്. എന്നാൽ നാളെ ഈ മനോഭാവം സ്വദേശീയരായ മിഷനറിമാരുടെ നേരെ പ്രകടിപ്പിക്കുകയില്ലയോ? പൊതുജനങ്ങളുടെ മനോഭാവം ഇടുങ്ങിയ വർഗ്ഗീയതയിൽനിന്നു അകറ്റപ്പെടുകയും ന്യൂനപക്ഷങ്ങളുടെ നേർക്കു അനുഭാവവും സഹിഷ്ണുതയും പ്രദർശിപ്പിക്കുന്ന ജനാധിപത്യപരവും വിശാലവുമായ ആദർശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ ഭീതി സാക്ഷാൽക്കരിക്കപ്പെടുക തന്നെ ചെയ്യും.

യഥാർത്ഥ മാനസാന്തരം എന്തിലാണടങ്ങിയിരിക്കുന്നതെന്നു ഭാരതത്തിലെ ബഹുജനങ്ങൾക്കു ഇനിയും അറിഞ്ഞുകൂടാ. സ്രഷ്ടാവിനെ തേടുന്ന മനുഷ്യബുദ്ധിയുടെ ആന്തരികമായ ചലനമാണു് മാനസാന്തരത്തിലെ പ്രധാന ഘടകം. അതിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു മനുഷ്യവ്യക്തി സാഹചര്യങ്ങളെ സജ്ജമാക്കുക മാത്രമാണു് ചെയ്യുന്നതു്. സാക്ഷാൽ മാനസാന്തരത്തിന്റെ കാരണമായി നില്ക്കുന്ന ഘടകം അയാളല്ല. നിർബ്ബന്ധിച്ചു മാനസാന്തരപ്പെടുത്തുന്നു എന്നു ഇന്ത്യയിൽ നാം കേൾക്കുന്ന പല്ലവി വെറും അജ്ഞതയുടെ ഫലമാണു്. ഈ മുറവിളികൂട്ടുന്നവർ ഇന്നു വലന്നു വശായിക്കൊണ്ടിരിക്കുന്ന പൊതുജനങ്ങളുടെ ഉണർച്ചിനെപ്പറ്റിയും രാജ്യത്തിന്റെ ഏറ്റവും അപരിഷ്കൃതമായ വിഭാഗങ്ങളിൽ വസിക്കുന്നവരെപോലും ആവേശംകൊള്ളിക്കുന്ന ആത്മബോധത്തിന്റെയും സ്വാതന്ത്ര്യവാഞ്ഛയുടേയും ഉത്തേജനത്തെപ്പറ്റിയും കേവലം അന്ധന്മാരാണു്. അതുകൊണ്ടു വിദേശമിഷനറിമാരെ ഇന്ത്യയിൽനിന്നു ഉരത്തിക്കൊണ്ടോ മതപ്രചാരണസംരംഭങ്ങൾക്കു പ്രതിബന്ധങ്ങൾ വലിച്ചിട്ടുകൊണ്ടോ ഉൽബുദ്ധമായ ഒരു ജനതയുടെ ന്യായമായ മുന്നേറ്റത്തെ തടയുവാൻ ശ്രമിക്കുന്നതു ഇരുട്ടുകൊണ്ടോട്ടയടയ്ക്കുന്ന സമ്പ്രദായമാണു്. അതു വിജയിക്കുവാൻ പോകുന്നില്ല.

x x x

### അടിസ്ഥാന വിദ്യാഭ്യാസം

ബിക്കാനീറിൽ സർദർഷാർ എന്ന സ്ഥലത്തു പ്രഥമ അടിസ്ഥാനവിദ്യാഭ്യാസസർവ്വകലാശാലയ്ക്കു ആഗസ്റ്റ് 28-ാം തീയതി ഇന്ത്യൻ പ്രസിഡന്റു് ഡോ. രാജേന്ദ്രപ്രസാദ് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. തദവസരത്തിൽ ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായമനുസരിച്ചു് ഇന്ത്യയിൽ സ്ഥാപിതമാകുന്ന ഈ ഒന്നാമത്തെ ഗ്രാമീണസർവ്വകലാശാലയ്ക്കു ഭാവുകങ്ങൾ ആശംസിച്ചശേഷം അദ്ദേഹം ഗാന്ധിജിയുടെ വിദ്യാഭ്യാസപദ്ധതിയെ ഇപ്രകാരം വിശദീകരിച്ചു:-

ഇന്നു് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടി ഇന്ത്യയിലെ പഴയ വിദ്യാഭ്യാസരീതി ദേശാഭിവൃദ്ധിക്കു കേവലം ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്നു. നവീനഇന്ത്യക്കു ഒരു നവീനവിദ്യാഭ്യാസരീതി അത്യാവശ്യമാണു്.

ഗാന്ധിജിയെ മിക്കജനങ്ങളും ഒരു വിപ്ലവകാരിയായ രാഷ്ട്രയനേതാവായിട്ടേ അറിയുന്നുള്ളു. സാമൂഹ്യവും സാംസ്കാരികവുമായ തുറകളിൽ ഇന്ത്യൻ ജനതയ്ക്കു അദ്ദേഹം ചെയ്തുവെച്ച സേവനങ്ങൾ അത്രയധികം ആരും അറിയുന്നില്ല. ഏതൊരു കാര്യത്തിലും ഇന്ത്യൻജനതയുടെ യഥാർത്ഥനന്മ ഉദ്ദേശിച്ചുകൊണ്ടുള്ളതും പ്രായോഗികമായതുമായ പദ്ധതികൾ മാത്രമേ അദ്ദേഹം ഉപദേശിക്കാറുള്ളു. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾ ജീവിക്കുന്നതു് ഇന്ത്യയിലെ ഗ്രാമങ്ങളിലാണെന്നുള്ള തത്വം മുൻനിർത്തിക്കൊണ്ടു് ഒരു ഗ്രാമീണകാർഷിക സമുദായത്തിനു ഏറ്റവും യോജിച്ചതായ ഒരു വിദ്യാഭ്യാസപദ്ധതി അദ്ദേഹം വിഭാവനംചെയ്തു. അതിനെയാണു അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായമെന്നു പറയുന്നതു്.

ജീവിതവും വിദ്യാഭ്യാസവും തമ്മിൽ സജീവമായ സമ്പർക്കം സ്ഥാപിക്കുന്ന ഒരു വിദ്യാഭ്യാസരീതിയാണു് അടിസ്ഥാനവിദ്യാഭ്യാസം. ഗ്രാമീണഇന്ത്യയെ പുരോഗതിയിലേക്കു നയിക്കുന്ന ഒരു വിദ്യാഭ്യാസരീതിയായതിനാൽ അതുതന്നെയാണു് ഇന്ത്യക്കു പറ്റിയ വിദ്യാഭ്യാസമെന്നു അഭിപ്രായപ്പെടാം.

മഹാത്മജി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയനുസരിച്ചു് സാമാന്യജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദവും അവരുടെ ജീവിതസാഹചര്യങ്ങളേയും ജീവിതരീതികളേയും ഗാഢമായി സ്പർശിക്കുന്നതുമായ വിദ്യാഭ്യാസരീതി ഇന്ത്യയിലാകമാനം നടപ്പാകുന്നുവെങ്കിൽ അതു ഇന്ത്യയുടെ അഭിവൃദ്ധിമാർഗ്ഗത്തിൽ ഉറച്ച പുരോഗതിയെ കുറിക്കുന്നതായിരിക്കും.

x x x

### ഇന്ത്യനതിർത്തികൾ വിദേശമിഷനറിമാർക്കെതിരായി അടയ്ക്കുന്നുവോ?

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 8-ാം വാർഷികം പ്രമാണിച്ചു് കഴിഞ്ഞമാസത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഔദ്യോഗികഗ്രന്ഥമായ "Year Book"ൽ ഇന്ത്യയിലെ വിദേശമിഷനറി പ്രവർത്തനത്തിനെതിരായി, ഭാവിയിലുള്ള അവരുടെ പ്രവേശനത്തെ നിരോധിക്കുന്ന ഒരു പ്രഖ്യാപനം പരസ്യംചെയ്തിരിക്കുന്നു. ഇന്ത്യ അതിന്റെ അതിർത്തികൾ വിദേശമിഷനറിമാർക്കെതിരായി അടയ്ക്കുന്നുവെന്നാണു് ഇതിനർത്ഥം. ഇതിന്റെ ആന്തരാർത്ഥമെന്താണെന്നു വസ്തുതകളെ അറിഞ്ഞുകൊണ്ടിരിക്കുന്നവർക്കു ഊഹിക്കുവാൻ വിഷമമുണ്ടാകയില്ല. ഏതായാലും പ്രകീർത്തിതമായ ഇന്ത്യൻ ഭരണഘടനയുടെ ആദർശത്തിനു കടകവിരുദ്ധമായി ദൂരവ്യാപകങ്ങളായ ദുരനുഭവങ്ങളിലേക്കു വഴിതെളിക്കുന്നതിനു നാന്ദിയായി കരുതപ്പെടാവുന്ന ഈ നിയന്ത്രണം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ചതു കഷ്ടമായിപ്പോയെന്നു പറയാതെ തരമില്ല. വിഷയത്തെപ്പറ്റി ദീർഘമായി വിമർശിക്കുക പിന്നീടായിക്കൊള്ളാം.

### ജപാപ്പസ്തോലസഖ്യത്തിന്റെ സെപ്റ്റംബർ മാസത്തെ പൊതുനിയോഗം

സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾക്കു ക്രിസ്തീയമായ സമാധാനങ്ങൾ കണ്ടെത്തുന്നതിനു്.

### വേദപ്രചാരനിയോഗം

അജ്ഞതയ്ക്കെതിരായ സമരത്തിൽ ക്രിസ്തീയവിദ്യാഭ്യാസത്തിനു പ്രാഥമ്യം ലഭിക്കുന്നതിനു്.

വാരാന്ത്യവീക്ഷണം

## കാഷ്മീർപ്രശ്നം—ഇസ്രായേലും ഈജിപ്തും

[സി ഐ. ജോൺ]

മുഹമ്മദാലിയുടെ പതനത്തിനു ശേഷം കാഷ്മീർപ്രശ്നം മുൻപിലത്തേക്കാൾ കൂടുതൽ പ്രയാസകരമായിത്തീർന്നിരിക്കുകയാണ്. സമാധാനപരമായി അഥവാ സംഭാഷണങ്ങൾകൊണ്ടും മററും കാഷ്മീർപ്രശ്നത്തിനു പരിഹാരം കാണാമെന്നു് പാക്കിസ്ഥാൻെറ ഭാഗത്തുനിന്നു ഇപ്പോഴും പറയുന്നുണ്ടെങ്കിലും മുൻപിലത്തെക്കാളേറെ പ്രസ്തുതപ്രശ്നത്തിനു ഗൗരവം കൂടിവരികയാണെന്നു് പാക്കിസ്ഥാനിൽ നടന്ന മന്ത്രിസഭാമാററത്തെ സസൂക്ഷ്മം പഠിച്ചിട്ടുള്ളവർക്കറിയാം. നാലാമത്തെ മന്ത്രിസഭയാണ് ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്നതു്. നാസിമുദ്ദീൻെറ മന്ത്രിസഭയെ ബഹിഷ്കരിക്കുകയും, മുഹമ്മദാലി രാജിവയ്ക്കുകയും ചെയ്തതിൻെറശേഷം ആരും പ്രതീക്ഷിക്കാതിരുന്ന ഒരു മനുഷ്യൻ പ്രധാനമന്ത്രിയാകുകയാണിപ്പോൾ ഉണ്ടായിട്ടുള്ളതു്. ഫസലുൾഹക്കിൻെറ നേതൃത്വത്തിലുള്ള ഐ. മു. വും, സുഹ്റവർദ്ദിയുടെ നേതൃത്വത്തിലുള്ള അവാമിലീഗുമാണ് മുസ്ലീംലീഗിനെ കൂടാതെയുള്ള രണ്ടു പ്രധാനഘടകങ്ങൾ. പൂർവ്വബംഗാൾ തെരഞ്ഞെടുപ്പിൽ പ്രസ്തുത പാർട്ടികൾ ഒന്നിച്ചുനിന്നു ലീഗിനെ തോല്പിച്ചതാണ്. എങ്കിലും അവർക്കൊരു മന്ത്രിസഭ രൂപീകരിക്കുവാൻ സാധിക്കാതെപോയി. ഏറെത്താമസിയാതെ അവാമിലീഗും ഐ. മു. വും തമ്മിൽ തെററിപ്പിരിഞ്ഞു് സുഹ്റവർദ്ദി കേന്ദ്രമന്ത്രിസഭയിൽ ചേരുകയാണുണ്ടായതു്. കേന്ദ്രത്തിൽ ഒരു കൂട്ടുമന്ത്രിസഭയുണ്ടാകണം എന്ന കാര്യത്തെപ്പററി ആലോചന നടന്നുകൊണ്ടിരുന്നപ്പോൾ വീണ്ടും ചില നാടകീയസംഭവഗതികളുണ്ടായി. ഗവർണ്ണർജനറൽ ഗുലാംമുഹമ്മദ് അവധിയിൽ പ്രവേശിക്കുകയും ആഭ്യന്തരമന്ത്രിയായിരുന്ന ഇസ്കന്തർ മിഴ്സായെ ആക്ടിംഗ് ഗവർണ്ണർജനറലായി നിയമിക്കുകയുംചെയ്തു. പാക് പ്രധാനമന്ത്രിയായിരുന്ന മുഹമ്മദാലിയുടെ ആഭ്യന്തരനയത്തേയും വിദേശനയത്തേയും അതിനിശിതമായി വിമർശിച്ചിട്ടുള്ള ഒരാളാണ ഇപ്പോഴത്തെ പ്രധാനമന്ത്രി ചൗധരി മുഹമ്മദാലി. ഇസ്കന്തർ മിഴ്സായുടെ കനത്ത കൈകൾ പാക്കിസ്ഥാൻ ഭരണചക്രത്തിനു പുറകിൽ പ്രവർത്തിക്കുവാൻ തുടങ്ങിയ നാൾമുതൽ കാഷ്മീർപ്രശ്നം കൂടുതൽ ഗൗരവതരമായിത്തീർന്നതാണ്. കാഷ്മീർപ്രശ്നത്തെ സംബന്ധിച്ചു് ഒരു ഉറച്ച നയം മുഹമ്മദാലിയുടെ ഗവമെൻറിനില്ലെന്നും ഒരു പ്രശ്നത്തെ സമീപിക്കേണ്ട രീതിപോലും മുഹമ്മദാലിക്കു വശമില്ലെന്നും മുസ്ലീംലീഗുകാരും അവാമിലീഗിൽ ഭൂരിപക്ഷമാളുകളും പറഞ്ഞ അതേ സ്വരത്തിലാണ് മുഹമ്മദാലിയേക്കാൾ സ്വാധീനത പാക്കിസ്ഥാൻ ഭരണകൂടത്തിൽ ഉറപ്പിച്ചുകൊണ്ടു് ഇസ്കന്തർമിഴ്സായും മററും അതിനെ ഏററുപാടിയതു്. പാക്കിസ്ഥാൻ ടൈംസിലാണെന്നു തോന്നുന്നു, കാഷ്മീർപ്രശ്നത്തെ സംബന്ധിച്ചു് അന്നെഴുതിയ ഒരു ലേഖനത്തിൽ കാഷ്മീർ അതിർത്തിപ്രദേശത്തു് ഇന്ത്യൻ സൈന്യങ്ങളെ താവളമടിച്ചിരിക്കുന്നതു ഇന്ത്യയിലുള്ള പല നല്ലയാളുകളുടേയും വിമർശനത്തിനു വിധേയമായിട്ടുണ്ടെന്നും ലക്ഷക്കണക്കിനു രൂപാ ഇന്ത്യാഗവമെൻറ് ദൈനംദിനം അതിർത്തിപ്രദേശത്തു് ചെലവഴിക്കുന്നതിൽ ഇന്ത്യൻജനങ്ങളുടെ വ്യക്തമായ എതിർപ്പുണ്ടെന്നും എന്നാൽ അത്രയുംപോലും പ്രതിഷേധം മുഹമ്മദാലിയുടെ ഗവമെൻറിനില്ലാതെ പോകുന്നതു് കഷ്ടമാണെന്നും മററും ഒരു ലേഖനം പ്രത്യക്ഷപ്പെടുകയുണ്ടായി. അതിൻെറ പിന്നിലും മിഴ്സായും ചൗധരിയുമാണുള്ളതെന്നു അന്നു ഊഹിക്കപ്പെട്ടിരുന്നതാണ്. അമേരിക്കൻ സ്ഥാനപതിയായിരുന്ന മുഹമ്മദാലിയെ കിഴക്കൻ പാക്കിസ്ഥാനിലെ ജനങ്ങളെ പ്രീണിപ്പിക്കുന്നതിനുവേണ്ടി അമേരിക്കയിൽനിന്നു വിളിച്ചുവരുത്തി പ്രധാനമന്ത്രിയാക്കിയശേഷം മററു ഗ്രൂപ്പുനേതാക്കന്മാർ ചെയ്യുന്നതുപോലെ തനിക്കൊരു ഭൂരിപക്ഷം സൃഷ്ടിക്കുവാനുള്ള യാതൊരു സംരംഭവും മി. മുഹമ്മദാലി ചെയ്തിരുന്നില്ല. പ്രധാനമന്ത്രി പാശ്ചാത്യപര്യടനം നടത്തിക്കൊണ്ടിരുന്നപ്പോഴാണ് പാക്കിസ്ഥാനിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും പാർലിമെൻറ് പിരിച്ചുവിടുകയുംചെയ്തതു്. പ്രസ്തുത സംഭവഗതികളറിഞ്ഞു് കറാച്ചിയിലേക്കു പാഞ്ഞെത്തിയ അദ്ദേഹത്തെ വിമാനത്താവളത്തിൽനിന്നും പോലീസു് അകമ്പടിയോടുകൂടിയാണ് ഔദ്യോഗികവസതിയിലേക്കു കൊണ്ടുപോയതു്. അദ്ദേഹത്തിൻെറ ഭാര്യയെപ്പോലും ഒന്നിച്ചു കാറിൽ കൊണ്ടുപോകുവാൻ സാധിച്ചില്ല. ഈ വിധാനുഭവങ്ങൾ സഹിച്ചുകൊണ്ടാണ് മുഹമ്മദാലി പ്രധാനമന്ത്രിയായി തുടർന്നതു്. ഇസ്കന്തർമിഴ്സായുടെ ശക്തമായ കൈകളാണ് അതിൻെറയെല്ലാം പുറകിലുണ്ടായിരുന്നതു്.

അവാമിലീഗും മുസ്ലീംലീഗുമായി ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കുമെന്നും സുഹ്റവർദ്ദി പ്രധാനമന്ത്രിയാകുമെന്നും ലോകം മുഴുവൻ ഒരു സംസാരമുണ്ടായിരുന്നതാണ്. പോരെങ്കിൽ സുഹ്റവർദ്ദി സത്യപ്രതിജ്ഞ ചെയ്യുന്ന സമയംപോലും റിപ്പോർട്ടു ചെയ്തിരുന്നതുമാണ്. പക്ഷെ സംഭവം മറിച്ചായിരുന്നു. ലീഗും ഐ. മു. വും ചേർന്നു മന്ത്രിസഭ രൂപീകരിക്കുകയാണുണ്ടായതു്.

പാക് രാഷ്ട്രീയത്തിൽ വന്നിട്ടുള്ള ഈ മാററം കാഷ്മീർപ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുമെന്നതിനു് സംശയമില്ല. ഇന്ത്യക്കാർ ഗോവയിൽ സത്യാഗ്രഹം നടത്തുന്നതുപോലെതന്നെ പാക്കിസ്ഥാൻകാർ കാഷ്മീരിൽ ഒരു സത്യാഗ്രഹപരിപാടി ആസൂത്രണം ചെയ്യുവാനിടയുണ്ടു്. അതിൻെറ ചില സൂചനകൾ ലഭിക്കാതെയുമിരുന്നില്ല. അങ്ങനെയൊരു പരിപാടി പാക്കിസ്ഥാൻ കാഷ്മീരിൽ ആസൂത്രണംചെയ്യുകയാണെങ്കിൽ ഇന്ത്യാഗവമെൻറ് എന്തു നയം അവലംബിക്കുമെന്നതാണ പ്രശ്നം. എന്നാൽ ചൗധരിമുഹമ്മദാലിയുടെ പ്രസംഗങ്ങളിൽനിന്നും മററും ഇന്ത്യാ പാക് സൗഹാർദ്ദത്തിൻെറ അടയാളമല്ലാതെ മറെറാന്നും ഇപ്പോൾ വ്യക്തവുമല്ല.

### ഈജിപ്തും ഇസ്രായേലും

യഹൂദന്മാരും അറബികളും തമ്മിലുള്ള വടംവലി വളരെ നാളുകൾക്കു മുമ്പേ തുടങ്ങിയതാണ്. പാലസ്റ്റൈൻ വിഭജിച്ചാൽ ഈ വടംവലി ശമിക്കുമെന്നു പലരും വിചാരിച്ചു എന്നാൽ അനുഭവത്തിൽ ഇന്നു പാലസ്റ്റൈൻ വിഭജനംകൊണ്ടു് പ്രസ്തുത വടംവലി അവസാനിച്ചില്ല ഓരോരോ കാരണങ്ങളാൽ അതു് കൂടുതൽ രൂക്ഷതരമായിത്തീരുകയാണ്. ഇസ്രായേൽ ഒരു രാഷ്ട്രമാണോ എന്നു് ഈജിപ്തിനു തോന്നിയതാണ് വടംവലിക്കു കാരണം. ഇസ്രായേലിൻെറ ഒരു രാഷ്ട്രമെന്ന തരത്തിലുള്ള നിലനില്പു തന്നെ അംഗീകരിക്കാൻ ഈജിപ്തിനു നിവൃത്തിയില്ലാതെ വന്നിരിക്കുകയാണ്. അതു മാറാത്തിടത്തോളംകാലം തർക്കങ്ങളും കുഴപ്പങ്ങളും വർദ്ധിച്ചുവരികയേയുള്ളൂ. ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള കലാപംകൊണ്ടാണ് ഫറൂക്കരാജാവു് ബഹിഷ്കൃതനാകുവാൻ കാരണം. ഈ തർക്കത്തെ സംബന്ധിച്ചുള്ള കൂടിയാലോചനകൾ അവസാനിക്കുന്നതിനു മുൻപാണ് അടുത്തദിവസങ്ങളിൽ നടന്ന അനിഷ്ടസംഭവങ്ങൾ ഉണ്ടായതു്. പ്രസ്തുത സംഭവങ്ങൾകൊണ്ടു ആലോചന തൽക്കാലത്തേക്കെങ്കിലും തകരുകയാണുണ്ടായിട്ടുള്ളതു്. മുൻപു ഗാസാ പ്രദേശത്തു് ഉണ്ടായ അനിഷ്ടസംഭവങ്ങൾക്കു് കാരണം ഇസ്രായേലാണെന്നു പരക്കെ ഒരു സംസാരമുണ്ടെങ്കിലും ഉള്ളുകള്ളികളിലേക്കു് ചുഴിഞ്ഞിറങ്ങുമ്പോൾ അനിഷ്ടസംഭവങ്ങൾക്കു് ഇസ്രായേലിനേക്കാൾ കൂടുതൽ ഉത്തരവാദിത്വം ഈജിപ്തിനാണെന്നു കാണുവാൻ പ്രയാസമില്ല.

അമേരിക്കയിലെ വൻകിട വ്യവസായികളായ യൂദന്മാരുടെ സ്വാധീനം രൂപംപൂണ്ടതാണ് ഇസ്രായേലെന്നവാദം തികച്ചും അടിസ്ഥാനരഹിതമാണെന്നുവേണം വിചാരിക്കുവാൻ. കാരണം ഒരു സ്വതന്ത്രരാജ്യമായി ഇസ്രായേൽ നിലനില്ക്കണമെന്നുള്ള ഇസ്രായേലിലെ ജനങ്ങളുടെ അഭിവാഞ്ഛ വളരെ നാളുകളിലായി ചുടുനിശ്വാസങ്ങളാൽ ഉയർന്നിരുന്നതിൻെറ രൂപമാണ് ഇന്നത്തെ ഇസ്രായേൽ. സൗദിഅറേബ്യ മുതലായ ചില അറബിരാജ്യങ്ങളിലെ എണ്ണസങ്കേതങ്ങളിൽ അമേരിക്ക കണ്ണുവച്ചുകൊണ്ടാണ് ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കിത്തീർക്കുന്നതെന്നു പറഞ്ഞാൽ അതൊരു ഭംഗിവാക്കായിരിക്കും. യറുശലേം തലസ്ഥാനമാക്കിക്കൊണ്ടു് യഹൂദന്മാർ ഉദ്ദേശിക്കുന്ന ഒരു നാടു് കെട്ടിപ്പടുക്കുവാനുള്ള യഹൂദജനങ്ങളുടെ താല്പര്യം എത്രമാത്രം ഫലവത്താകുമെന്നു് കണ്ടുതന്നെ അറിയേണ്ടതാണെങ്കിലും വിദേശശക്തികളുടെ ഇടപെടലുകളിൽനിന്നും കഴിയുന്നതും ഒഴിഞ്ഞുനില്ക്കുവാനും യഹൂദന്മാർ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടു്. ഇസ്രായേലിൻെറ നിലനില്പിനെ ഈജിപ്തു് ഇന്നല്ലെങ്കിൽ നാളെ അംഗീകരിക്കേണ്ടതായിവരും. അതു എത്രയുംവേഗം അംഗീകരിക്കുന്നുവോ അത്രയും വേഗം കുഴപ്പങ്ങൾ അവസാനിക്കുകതന്നെ ചെയ്യും. പാക്കിസ്ഥാനിൽനിന്നു ഇൻഡ്യയിലേക്കു പ്രവഹിച്ചതുപോലെയുള്ള ഒരു അഭയാർത്ഥിപ്രവാഹമാണ് ആരബ്യ് പ്രദേശത്തു് അലഞ്ഞുതിരിയുന്നതു്. ഇവർ ഇങ്ങനെ അനാഥരായി കഴിയുക എന്നു വന്നാൽ അതൊരു കഷ്ടമാണ്. അവർക്കു യാതൊരു പിൻതുണയും ഈജിപ്തു് ചെയ്തുകൊടുക്കുന്നില്ല. ഏതായാലും ഈ പ്രശ്നത്തിനു് ഗൗരവം കൂടിവരികയാണ്. യു. എൻ. സെക്യൂരിററികൗൺസിൽ കാര്യമായി ശ്രദ്ധിക്കുന്നില്ലെങ്കിൽ വളരെയേറെ കുഴപ്പങ്ങൾക്കു് വീണ്ടും വഴിതെളിക്കാതിരിക്കുകയില്ല.

### അടുത്തയാഴ്ചയിൽ

സെപ്ററംബർ

8 വ്യാ: കന്യകാമറിയത്തിൻെറ പിറവി
9 വെ: ഗോർഗോനിയോസ്
10 ശ: നിക്കോലാവോസ് തൊലന്തിനോസ്
11 ഞാ: പന്തക്കുസ്ത 15-ാം ഞായർ മറിയത്തിൻെറ തിരുനാമം
12 തി: വി. ലെയോൺസിയൂസ്
13 ചൊ: വി. മൗറേലിയൂസ്
14 ബു: വി. കുരിശിൻെറ പുകഴ്ച



**For favours received**
Excuse delay
P. I. Thomas
Puthokaran's House
Trichur

## കത്തോലിക്കർ എന്തും വിശ്വസിക്കുന്നവരാണോ?

[വക്കീൽ സിറിയക്ക് കണ്ടത്തിൽ]

(തുടർച്ച)

സഭയുടെ സന്താനങ്ങൾക്കു മാർഗ്ഗദർശനവും പ്രബോധനവും കൂടിയേ കഴിയൂ എന്നു കത്തോലിക്കാസഭയ്ക്കറിയാം. ലോകത്തിൽ കിട്ടാവുന്നതിൽ ഏററം വിശിഷ്ടമായ മാർഗ്ഗദർശനമാണ് സഭ വിശ്വാസികൾക്കു നൽകുന്നതു്. കർദ്ദിനാളന്മാരെപ്പോലെ മേധാശക്തിയും വിവേകവുമുള്ള ഒരു സംഘം പണ്ഡിതന്മാർ വേറെയില്ല. വിവിധ തിരുസംഘങ്ങളിലെ കർദ്ദിനാളന്മാർ ഓരോരോ പ്രത്യേക വകുപ്പുകളിലിരുന്നു വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങൾ അഗാധം ചിന്തിച്ചു് സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാ തിരുമേനിക്കു് ആലോചനനൽകുന്നു. വിദ്യാദാനം ചെയ്യുന്ന ഏതൊരു മതേതരസ്ഥാപനത്തേയുംകാൾ ഓരോ വൈദികസെമ്മിനാരിയിലും വിജ്ഞാനത്തിൻെറ സകല ശാഖകളിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ടെന്നറിയുമ്പോൾ സാധാരണക്കാർ വിസ്മയിച്ചേക്കാം. ലോകത്തിലെങ്ങുമുള്ള ബുദ്ധിമാന്മാരുടെ ഒരു സംഘം, വിശ്വാസസത്യങ്ങളുടെ യുക്തിയുക്തതയെ തെളിവുകളും ന്യായങ്ങളും വച്ചുകൊണ്ടു് തികഞ്ഞ വിമർശനബുദ്ധ്യാ പരിശോധിക്കുന്നുണ്ടു്. ബുദ്ധിയുടെ സകല കഴിവുകളും അങ്ങേയററംവരെ ഉപയോഗിച്ചു് കത്തോലിക്കാ മതപ്രബോധനങ്ങൾ സത്യമാണോ എന്നവർ പരിശോധിക്കും. ആ മതത്തിൻെറ വൈശിഷ്ട്യവും പരിശുദ്ധിയും ബോദ്ധ്യമായിക്കഴിഞ്ഞാൽ അതിൻെറ പ്രബോധനങ്ങളെ ദൈവത്തിൽനിന്നെന്നപോലെ അവർ സ്വീകരിക്കും. ഇങ്ങനെ വിശ്വാസസംബന്ധമായ അനുഷ്ഠാനങ്ങളും പ്രമാണങ്ങളും സ്വീകരിക്കുന്നതു് യുക്തിക്കനുയോജ്യമായ ഒരു പരമലക്ഷ്യത്തെ മുൻനിറുത്തിമാത്രമാണ്. ഇതു് എന്തും വിശ്വസിക്കുന്ന പ്രകൃതമാണോ? പ്രത്യുത യുക്തിയുക്തമായ വിശ്വാസമല്ലയോ?

നമ്മുടെ ദൈനംദിനജീവിതത്തിൽ എത്രയോപേരെ നാം വിശ്വസിക്കുന്നു. നമുക്കു മരുന്നെടുത്തുതരുന്ന കമ്പൗണ്ടരെ നാം വിശ്വസിക്കുന്നില്ലേ? നമ്മുടെ രോഗനിർണ്ണയം ചെയ്യുന്ന ഡോക്ടരെ നാം വിശ്വസിക്കുന്നില്ലേ? നമുക്കു കണ്ണടകൾ പരിശോധിച്ചുതരുന്നവരുടെ സത്യസന്ധതയെ നാം ചോദ്യംചെയ്യുന്നില്ല. ഇങ്ങനെ പറയുവാൻ തുടങ്ങിയാൽ നമ്മുടെ ജീവിതം അപരന്മാരിൽ അർപ്പിക്കുന്ന നമ്മുടെ വിശ്വാസത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ബുദ്ധിശാലികളായ കത്തോലിക്കർക്കു ബോദ്ധ്യമുണ്ടു് കത്തോലിക്കാസഭ ദൈവസ്ഥാപിതമാണെന്നു്. ഈ നിലക്കു് തങ്ങളെ വഴിതെററിക്കുകയില്ലെന്നുള്ള പൂർണ്ണബോദ്ധ്യത്തിൽ സഭയുടെ തത്വസംഹിതകളെ ചോദ്യംചെയ്യാതെ അനുയായികൾ സ്വീകരിക്കുന്നതിലെന്താണ് തെററുള്ളതു്? വിശ്വാസസത്യങ്ങളെ സ്പർശിക്കാത്ത കാര്യങ്ങളിൽ വ്യക്തിപരമായ അഭിപ്രായങ്ങൾ പുലർത്തുന്നതിനുള്ള സ്വാതന്ത്ര്യത്തെ സഭ നിയന്ത്രിക്കുന്നുമില്ലല്ലൊ.

ഒരു കത്തോലിക്കൻെറ വിശ്വാസം അവൻെറ ചിന്താസ്വാതന്ത്ര്യത്തെ വിഘാതപ്പെടുത്തുന്നുവെന്നു് ചിലർ പറയാറുണ്ടു്. ഒരു സിവിൽ എഞ്ചിനീയറുടെ സ്വാതന്ത്ര്യം കണക്കുശാസ്ത്രം വിഘാതപ്പെടുത്തുന്നുവെന്നു പറയുന്നതുപോലെ അർത്ഥശൂന്യമാണ് ഈ ആരോപണം. സത്യത്തിനു പരിധി നിർണ്ണയിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ അതിൻെറ അർത്ഥം അബദ്ധത്തിൽ കുടുങ്ങാതിരിക്കാൻ ഒരു മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു മാത്രമാണ്. അതുകൊണ്ടാണ് സത്യമായ മതതത്വങ്ങൾ സഭ തൻെറ അനുയായികളെ പഠിപ്പിക്കുന്നതു്. സത്യം സർവ്വദാ പഥ്യമാണ്. ഇതിനു ചരിത്രംതന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു്. ചരിത്രത്തിൻെറ പല ഘട്ടങ്ങളിലും കത്തോലിക്കാ മതസിദ്ധാന്തങ്ങൾ മനുഷ്യരാശിയെ അബദ്ധസമ്പൂർണ്ണമായ ആശയപ്രവാഹത്തിൽനിന്നും രക്ഷിച്ചിട്ടുണ്ടു്.

സന്മാർഗ്ഗവും വിശ്വാസവും സംബന്ധിച്ച കാര്യങ്ങളിൽ ക്രിസ്തു തൻെറ സഭയ്ക്കു് തെററാവരം വാഗ്ദാനം ചെയ്തിട്ടുണ്ടു്. മററു കാര്യങ്ങളിൽ ചിലപ്പോൾ സഭയ്ക്കു പ്രമാദംപററിയിട്ടുണ്ടെങ്കിൽ ദിവ്യമായ പരിരക്ഷണം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മണ്ഡലത്തിൽ യാതൊരു കോട്ടവും തട്ടിയിട്ടില്ല. സഭാംഗങ്ങളിൽ ചിലരുടെ സംസാരമോ പ്രവൃത്തിയോ മാനദണ്ഡമാക്കിയല്ല സഭയെ വിധിക്കേണ്ടതു്. വ്യക്തികൾ തെററിലും അബദ്ധാചാരങ്ങളിലും അന്ധവിശ്വാസത്തിലും അപൂർവ്വമായി ഉൾപ്പെട്ടുവെന്നു വരാം. ക്രിസ്തു തൻെറ സഭയ്ക്കാണ തെററാവരം നൽകിയിട്ടുള്ളതെന്നും അതിലെ വ്യക്തികൾക്കല്ലെന്നും പ്രത്യേകം സ്മരിക്കണം. സഭയുടെ അംഗങ്ങൾ പാപമോ പ്രമാദമോ ഏശാത്തവരായിരിക്കുമെന്നു അവിടുന്നു വാഗ്ദാനം ചെയ്തിട്ടില്ല. അവിടുത്തെപ്പോലെതന്നെ സഭയേയും അവിടുന്നു ലോകത്തിൻെറ ദീപമാക്കിയിരിക്കുകയാണ്. ദീപം എന്നു പറയുന്നതും ദീപത്താൽ മാർഗ്ഗനിർദ്ദേശം ചെയ്യപ്പെടുന്നുവെന്നു പറയുന്നതും രണ്ടും

# സഭയുടെയും രാഷ്ട്രത്തിൻെറയും പുരോഗമനസംരംഭങ്ങൾ വിജയശ്രീലാളിതമാക്കുക

### എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഉൽബോധനം

എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യ ശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ നാമഹേതുകത്തിരുനാൾ പ്രമാണിച്ചു് ആഗസ്റ്റ് 28-ാംനു- കാലത്തു 11 മണിക്കു അതിമെത്രാസനാരമന ഹാളിൽവച്ചു ചേൎന്ന അനുമോദനയോഗത്തിൽ അതിരൂപതയിലെ വൈദികാവൈദികർ സമർപ്പിച്ച മംഗളപത്രത്തിനും അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സമർപ്പിക്കപ്പെട്ട ജ്ഞാനപുഷ്പമഞ്ജരികൾക്കും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ തിരുമേനി ഇപ്രകാരം ഉൽബോധിപ്പിച്ചു:

നിങ്ങൾ എന്നോടു പ്രദർശിപ്പിച്ചിരിക്കുന്ന സ്നേഹബഹുമാനാദരങ്ങൾക്കു നാം അതീവ നന്ദിയുള്ളവനാണു്. മംഗളപത്രത്തിൽ ചില നല്ല കാര്യങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. നമുക്കു നല്ല ശരീരസ്വാസ്ഥ്യമില്ലെന്നു് നിങ്ങൾക്കറിയാം. എന്നാൽ എല്ലാക്കാര്യങ്ങളും നമ്മുടെ സഹായമെത്രാൻ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും നമ്മുടെ സെക്രട്ടറി മോൺ. പുതുശേരി അവർകളും നമ്മുടെ ആലോചനയോടുകൂടി ഭംഗിയായി നിർവഹിച്ചുകൊണ്ടാണിരിക്കുന്നതു്.

പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഇന്ത്യയുടെയും സൂറിയാനി സഭയുടെയും കാര്യത്തിൽ അത്യധികം താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. നിങ്ങളുടെ മംഗളപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, സീറോ-മലബാർ ഹയരാർക്കിയുടെ അധികാരാതിർത്തി വികസിപ്പിച്ചുകൊണ്ടു്, നമ്മുടെ ആവശ്യങ്ങളും കഴിവുകളും നേരിട്ടു മനസ്സിലാക്കിയ പൗരസ്ത്യതിരുസംഘം സെക്രട്ടറി അത്യുന്നതകർദ്ദിനാൾ ടിസ്സറാങ്ങ് തിരുമേനി, തിരുസിംഹാസനത്തിൻെറ പേർക്കു കാരുണ്യപൂർവ്വം നമുക്കു ഈയിടെ അയച്ചുതന്നിട്ടുള്ള കല്പന നമ്മളോരോരുത്തരിലും ഭാരിച്ച ഒരു ചുമതലകൂടി അർപ്പിച്ചിട്ടുണ്ടു്. ആ ചുമതലകൾ യഥാശക്തി നിർവ്വഹിക്കുവാൻ നാം യത്നിക്കേണ്ടതാകുന്നു.

നമ്മുടെ മഹാനായ നേതാവു് പണ്ഡിററ് ജവഹരിലാൽ നെഹ്റുവിൻെറ നേതൃത്വത്തിൽ ഇന്ത്യയിൽ പല അഭിവൃദ്ധിപദ്ധതികൾ ആവിഷ്കരിച്ചു് പ്രായോഗികമാക്കുന്നുണ്ടു്. നമ്മുടെ മാതൃരാജ്യത്തിൻെറ സർവതോമുഖമായ പുരോഗതിയെ ലക്ഷ്യീകരിച്ചുള്ള ഈ പദ്ധതികൾ പരിപൂർണ്ണവിജയശ്രീലാളിതമാക്കുവാൻ നാം എല്ലാ വിധത്തിലും ശ്രമിക്കണം. നമ്മുടെ ദേശീയ ഗവൺമെൻറു് നമ്മുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടതൊക്കെ ചെയ്യുന്നുണ്ടു്. അങ്ങിങ്ങായി ചില വിഷമതകൾ ഉണ്ടാകുന്നുണ്ടെങ്കിലും അവ ഒററപ്പെട്ട സംഭവങ്ങളാണെന്നും അവയെല്ലാം ക്ഷണേന നീങ്ങിക്കിട്ടുമെന്നും നമുക്കാശിക്കാം.

ആദ്ധ്യാത്മിക പ്രവർത്തനങ്ങളിലും ആതുരസേവനത്തിലും ഏവരും ഉൽസുകരായിരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ഉൽബോധിപ്പിച്ചുകൊണ്ടും പൈതൃകാശിസ്സുകൾ നൽകിക്കൊണ്ടും തിരുമനസ്സിലെ ലഘുപ്രസംഗം ഉപസംഹരിച്ചു.

# പുനരൈക്യരജതജൂബിലി സ്പെഷൽ

പുനരൈക്യരജതജൂബിലി സമാപനമഹാമഹം പ്രമാണിച്ചു സത്യദീപത്തിൻെറ ഒരു സ്പെഷൽ പതിപ്പായിരിക്കും സെപ്റ്റംബർ 21-ാംനു- പുറപ്പെടുക. പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി വിനീതസേവനമനുഷ്ഠിച്ചുപോരുന്ന സത്യദീപത്തിനു ഈ മഹാ സന്തോഷത്തിൽ പങ്കുകൊള്ളുവാൻ അത്യാനന്ദമുണ്ടു്. പുനരൈക്യം വിരാജിക്കട്ടെ!

# പുനരൈക്യരജതജൂബിലിയാഘോഷ പരിപാടി

## തിരുമൂലപുരം—തിരുവല്ല

### 1955 സെപ്റ്റംബർ 11 മുതൽ 21 വരെ

11-ാംനു- പുനരൈക്യവിജയത്തിനായുള്ള നൊവേനാരംഭം. വൈകിട്ടു് 5 മണിക്കു് പതാകഉയർത്തൽ, മാർ അത്തനാസിയോസ് തിരുമനസ്സുകൊണ്ടു്.

17, 18 തീയതികളിൽ ജൂബിലിസമ്മേളനസ്ഥലമായ തിരുമൂലപുരത്തു് പണിതീർത്തിട്ടുള്ള ദേവാലയത്തിൻെറ കൂദാശാകർമ്മം. പുനരൈക്യപ്രസ്ഥാനജനയിതാവായ മാർ ഇവാനിയോസ് തിരുമനസ്സിലെ ആത്മശാന്തിക്കായി എല്ലാ ദേവാലയങ്ങളിലും ദിവ്യപൂജയും ദിവ്യകാരുണ്യസ്വീകരണവും. 11 മണിക്കു് തോമസ് മാർ ദിയസ്കോറസ് തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ പുതിയ ദേവാലയത്തിലേക്കു മാററിസ്ഥാപനം. ഉച്ചകഴിഞ്ഞു് രണ്ടരമണിക്കു് തിരുവല്ലാ ഭദ്രാസനപ്പള്ളിയിൽനിന്നു് തിരുമൂലപുരത്തേക്കുള്ള വൻപിച്ച റാലി. 4 മണിക്കു് വി. കർബാനയുടെ വാഴ്വു്. 4-30നു് ജൂബിലി പൊതുസമ്മേളനം.

19-ാംനു- രാവിലെ 8 മണിക്കു് ഭക്തസംഘടനാംഗങ്ങൾക്കായുള്ള വി. കുർബാനയും പൊതുദിവ്യകാരുണ്യസ്വീകരണവും. ഉച്ചകഴിഞ്ഞു് 3-30നു് മലങ്കരകത്തോലിക്കാ കോൺഗ്രസിൻേറയും വിവിധ ഭക്തസംഘടനകളുടേയും പൊതുസമ്മേളനം.

20-ാംനു- ബാലദിനം. പുനരൈക്യപ്രസ്ഥാനത്തിൻെറ വിജയത്തിനായി എല്ലാ ദേവാലയങ്ങളിലും വി. കുർബാന. 8 മണിക്കു് ജൂബിലിപ്പന്തലിൽ കുട്ടികൾക്കായുള്ള വി. കുർബാനയും പൊതുദിവ്യകാരുണ്യസ്വീകരണവും. ഉച്ചകഴിഞ്ഞു് 4 മണിക്കു് ബഥനിമഠം ചാപ്പലിൽനിന്നു് ജൂബിലിപ്പന്തലിലേക്കു് ദിവ്യകാരുണ്യപ്രദക്ഷിണം.

21-ാംനു- രാവിലെ 5-30നു് മാർ സെവേരിയോസ് തിരുമനസ്സിലെ ആത്മശാന്തിക്കായി നവീനദേവാലയത്തിൽ മൂന്നുമ്മേൽ കുർബാന. പതിമൂന്നുമണിക്കൂർ ആരാധനയും ജൂബിലിസമാപനചടങ്ങുകളും.

19-ാംനു- രാവിലെ മാർ ദിയസ്കോറസ് തിരുമനസ്സിലെ ആത്മശാന്തിക്കായുള്ള വി. കുർബാനയും, 17, 18, 19 എന്നീ തീയതികളിൽ വൈകുന്നേരം 7-30 മുതൽ പ്രസംഗയോഗവും സിനിമാപ്രദർശനവും ഉണ്ടായിരിക്കുന്നതാണു്.

ജൂബിലിക്കമ്മററി കൺവീനർ, തിരുവല്ല.

## ചരമവാർത്തകൾ

**തിടനാടു്:** ഈ ഇടവക വേലംപാമ്പിൽ ദേവസ്യാ ജോസഫു് ഓഗ: 24-ാംനു- ബുധനാഴ്ച 26 ാമത്തെ വയസ്സിലും, പാറയിൽ ചാക്കോ സ്കറിയാ ഓഗ: 26-ാംനു- വെള്ളിയാഴ്ച 45-ാമത്തെ വയസ്സിലും കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മങ്ങൾ റവ. ഫാ. ജോസഫു് പൊരുന്നോലിൽ അവർകളുടെ കാർമ്മികത്വത്തിൽ യഥാവിധി നടത്തപ്പെട്ടു.

**വൈക്കം:** ഈ ഇടവക പൂത്തനങ്ങാടിയായ പെരുവനഞ്ചേരിൽ പരേതനായ ഇട്ടൂപ്പു ഭാര്യ മറിയം 63-ാമത്തെവയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. പരേതയുടെ സഹോദരപുത്രൻ ബ: കോസ്മോസ് T. O. C. D. യുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടെയും ഒരു വൻപിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും സ്ഥലം പള്ളിസിമിത്തേരിയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.

**ചെമ്പു:** ഈ പള്ളി ഇടവക തേരേഴത്തു് ഉലഹന്നാൻ ഉലഹന്നാൻ ആഗസ്റ്റ് 25-ാംനു- 74-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു.

**കൊരട്ടി:** ഈ പള്ളിയിൽ കപ്യാരായിരുന്ന ശ്രീ പള്ളിപ്പാട്ടു് അന്താണി ലോനപ്പൻ 80-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 25-ാംനു- വ്യാഴാഴ്ച ചരമം പ്രാപിച്ചു. പിറേറദിവസം പല വൈദികരുടേയും, ഒരു വലിയ ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം നിർവഹിക്കപ്പെട്ടു.

**അന്തീനാടു്:** ഈ പള്ളി ഇടവക കുന്നുമ്പുറത്തു ആഗസ്തി അവുസേപ്പു വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ആഗസ്റ്റ് 28-ാംനു- രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം 29-ാംനു- കാലത്തു റവ. ഫാദർ മാത്യു വെള്ളിയാംകണ്ടം അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു ബ: വൈദികരുടേയും അനേകം ജനങ്ങളുടേയും സാന്നിദ്ധ്യത്തിലും, നടത്തപ്പെട്ടു. അനേകം സാധുക്കൾക്കു മൃഷ്ടാന്നഭോജനവും പണവും ദാനം ചെയ്യപ്പെട്ടു. R. I. P.

## 30-ാം ചരമദിനം



മിസ്സിസ് കുഞ്ഞന്നമ്മ മാത്യു പഞ്ഞിക്കാരൻ
ചേർത്തല

മുട്ടം (ചേർത്തല) ഇടവകയിലെ ഒരു പ്രമുഖ കുടുംബാംഗമായ വക്കീൽ മി. മാത്യു പഞ്ഞിക്കാരൻ അവർകളുടെ പത്നി ശ്രീമതി കുഞ്ഞന്നമ്മ തൻെറ 68-ാമത്തെ വയസ്സിൽ 1955 ആഗസ്റ്റ് 9-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പരേതയുടെ ആത്മശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. J. P

By Rev. Mother Annetta Panjikaran & Silamma Abraham.

---

രണ്ടാണല്ലോ. മാർപ്പാപ്പതൊട്ടു കീഴോട്ടു് സഭയിലെ വെറും ഒരു സാധാരണക്കാരൻവരെ പാപം ചെയ്തേക്കാം. അപ്രമാദിത്വവും പാപവിഹീനത്വവും ഒന്നല്ല. സഭയ്ക്കു അപ്രമാദിത്വമുണ്ടു്. കാരണം ദൈവപുത്രനായ ക്രിസ്തുവാണു് സഭയുടെ അദൃശ്യതലവൻ. അവിടുന്നു എപ്പോഴും സഭയോടുകൂടെയുണ്ടു്. സഭയിലെ അംഗങ്ങൾ സൽഗ്ഗുണങ്ങളോ ദുർഗ്ഗുണങ്ങളോ ഉള്ളവരെന്നു പരിഗണനകൂടാതെ സഭ സർവ്വദാ സത്യമേ പഠിപ്പിക്കുകയുള്ളുവെന്നും അവിടുന്നു ഉറപ്പുനൽകിയിട്ടുണ്ടു്. ക്രിസ്തു അവിടുത്തെ വാഗ്ദാനം അക്ഷരംപ്രതി പാലിക്കുന്നുവെന്നു വിശ്വസിക്കുന്നതുകൊണ്ടു് കത്തോലിക്കർ അന്ധവിശ്വാസികളാകുന്നതെങ്ങനെ? അവിടുത്തെ സഭയിൽ പരിപൂർണ്ണവിശ്വാസം അർപ്പിക്കുന്നതുകൊണ്ടു് കത്തോലിക്കർ എന്നും കണ്ണടച്ചു വിശ്വസിക്കുന്നവരാകുന്നതെങ്ങനെ? കത്തോലിക്കർ അവരുടെ ബുദ്ധിയുടെ സകല കഴിവുകളും ഉപയോഗിച്ചു് സഭയിൽക്കൂടി ക്രിസ്തുവാണോ പഠിപ്പിക്കുന്നതെന്നു കണ്ടുപിടിക്കും. അങ്ങനെയെങ്കിൽ ആ സഭയെ അനുസരിക്കുന്നതിൽ അവർ യുക്തിയുക്തമായും ബുദ്ധിപൂർവ്വമായും പ്രവർത്തിക്കുകയാണു്.

## ഇടവകവാർത്തകൾ

**തൃശൂർ:** സ്ഥലം കർമ്മലീത്താ കോവേന്തയിൽ ആഗസ്റ്റ് 27-ാംനു- ശനിയാഴ്ച പാട്ടുകുർബാന, വാഴ്വു്, പ്രസംഗം എന്നിവയോടുകൂടി ജൂബിലിചടങ്ങുകൾ ഉൽഘാടനം ചെയ്യപ്പെട്ടു. പ്രാസംഗികൻ ബ. ജെനേസിയൂസച്ചനായിരുന്നു. ഉച്ചതിരിഞ്ഞു് ലദീഞ്ഞിനുശേഷം കുട്ടികൾക്കു മധുരപലഹാരവിതരണവും അനന്തരം ദീപക്കാഴ്ചയോടുകൂടി മെഴുകുതിരിപ്രദക്ഷിണവും നടത്തപ്പെട്ടു. ഞായറാഴ്ച കാലത്തു് ആഘോഷമായ പാട്ടുകുർബാന, വാഴ്വു്, ലാക് ആലാഹാ എന്നിവയ്ക്കുശേഷം റവ. ഫാ. വിക്റ്റർ റ്റി. ഒ. സി. ഡി. പ്രസംഗം നടത്തി. ഉച്ചതിരിഞ്ഞു് നാലരമണിക്കു് റവ. ഫാ. എയിമാർഡു് ആൻറു പാർട്ടിയുടെ കഥാപ്രസംഗവും അനന്തരം പൊതുയോഗവും നടത്തപ്പെട്ടു. വെരി റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളിയായിരുന്നു അദ്ധ്യക്ഷൻ. റവ. ഫാദർ സെബാസ്റ്റ്യൻ തേർമഠം എം. ഒ. എൽ., ശ്രീ ഇ. കെ. പോൾ ബി. എസ്സ്സി., ബി. എൽ., പി. ഏ പൗലോസ്, ഇ. കെ. മേരി എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികളും യോഗത്തിനിടയ്ക്കു നടത്തപ്പെട്ടു. “പീററർ തോമസ്” എന്ന പ്രഹസനം സ്ഥലത്തെ ആൾട്ടർ ബോയിസ് അസോസിയേഷൻകാർ തന്മയത്വത്തോടെ അഭിനയിച്ചു. 29-ാംതീയതി തിങ്കളാഴ്ച 13 മണി ആരാധന നടത്തി. സമാപനചടങ്ങിൽ റവ. ഫാ. ഐപ്പു് ഇരിമ്പൻ ബി. എ. ഡി. ഡി. പ്രസംഗിച്ചു. 30-ാംനു- മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങളും നടന്നു.

**നെയ്യശേരി:** എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമഹേതുകത്തിരുനാൾപ്രമാണിച്ചു 11 മണിക്കു സ്ഥലം സ്കൂൾ ഹാളിൽവച്ചു റവ. ഫാദർ ഐസക്കു പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. സാഹിത്യവിശാരദ് പി. എൽ. ജോർജ്ജ്, കുമാരി കെ. ജെ ഏലിക്കുട്ടി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു. മീററിങ്ങിനുശേഷം കുട്ടികൾക്കു് മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയുണ്ടായി.

**ഒല്ലൂർ:** സ്ഥലം എം. സി. എസ്. എൽ. ൻെറ ആറാംവാർഷികദിനം ആഗസ്റ്റ് 28-ാംനു- ഞായറാഴ്ച കൊണ്ടാടിയിരിക്കുന്നു. റവ. ഫാദർ അബ്രാഹം കിഴക്കൂടൻ രാവിലെ 8 മണിക്കു് പതാക ഉയർത്തി. ഉടനെ അംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും ആഘോഷമായ പാട്ടുകുർബാനയും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞു് 4 മണിക്കു് നടന്ന യോഗത്തിൽ തൃശ്ശൂർസ മുനിസിപ്പൽ ചെയർമാൻ ശ്രീ സി. എം. ജോസഫ് എം. എ. എൽ എൽ. ബി. ആദ്ധ്യക്ഷം വഹിച്ചു. ഡയറക്ടർ മി. ആൻറണി മാളിയേക്കൽ സദസ്സിനു സ്വാഗതമരുളി. തേവര കോളേജ് ലക്ചറർ ശ്രീ ആൻറണി ജോസഫ് എം. എ. പ്രസംഗിച്ചു. സമ്മാനദാനവും “വിജയി” എന്ന മാസികാപ്രസിദ്ധീകരണവും ഉണ്ടായിരുന്നു. യോഗാനന്തരം “മരിയാ ഗൊരേററി” എന്ന സംഗീതനാടകത്തിലെ ചില ഭാഗങ്ങൾ അഭിനയിക്കപ്പെട്ടു.

**പാലയൂർ:** സ്ഥലം ഫൊറോനപള്ളിയിൽ പ. കന്യകാമറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും പ്രമാണിച്ചു ആഗസ്റ്റ് 15-ാംനു- ടി പള്ളിയിലെ വിൻസെൻറു ഡി പോൾ സംഘം വകയായി ആയിരത്തോളം സാധുക്കൾക്കു അരിയും കഞ്ഞിയും ദാനം നൽകിയിരിക്കുന്നു.

**കടിക്കാട്ടൂർ:** സ്ഥലത്തെ കരിമ്പനക്കളം മിഡിൽസ്കൂളിൽ 1-ാം ഫാറത്തിൽ പഠിക്കുന്ന പതിനൊന്നു വയസ്സുള്ള വിദ്യാർത്ഥിനി കുമാരി ലീല കോട്ടയം Y. M. C. A. യുടെ ആഭിമുഖ്യത്തിൽ നടത്തിയ അഖിലകേരള

(ശേഷം 5-ാംപേജിൽ)

വിമർശനവീഥി

# മാർക്സിന്റെ പ്രവചനങ്ങൾ

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

കമ്മ്യൂണിസത്തിന്റെ ലക്ഷ്യമായ കമ്മ്യൂണിസ്റ്റ് സമുദായം വേഗം ആഗതമാകുമെന്നാണ് മാർക്സിന്റെ പ്രധാന പ്രവചനം. മററു പ്രവചനങ്ങൾ ഇതേ സംബന്ധിച്ചതും, കമ്മ്യൂണിസ്റ്റ്സമുദായസ്ഥാപനത്തിന്റെ വിവിധ ദശകളെയും പരിപാടികളെയും സംബന്ധിച്ചതുമാണ്. ലോകത്തിൽ മുതലാളിമാർ തൊഴിലാളിമാർ എന്നീ രണ്ടു വർഗ്ഗക്കാർ മാത്രമേ ഉണ്ടായിരിക്കുകയുള്ളു; ഈ രണ്ടു വർഗ്ഗക്കാർക്കും നടുവിൽ മൂന്നാമതൊരു വർഗ്ഗത്തിനു്, അതായതു് ഇടത്തരക്കാർക്കു്, സ്ഥാനമില്ല; മുതലാളിമാരുടെ സംഖ്യ ക്രമേണ കുറഞ്ഞും തൊഴിലാളിമാരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുംവരും; ലോകത്തിലുള്ള ധനം മുഴുവൻ ചുരുക്കംചില മുതലാളിമാർമാത്രം കപടനയങ്ങളാൽ കരസ്ഥമാക്കി മററുള്ളവരെയെല്ലാം അവരുടെ അടിമകളും വേലക്കാരുമാക്കും; സാധുക്കൾ അവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും സഹിക്കവയ്യാതെ മുതലാളിമാർക്കെതിരായി വിപ്ലവത്തിനാരംഭിക്കും; വിപ്ലവം ഏററവും വ്യവസായീകരിച്ച രാജ്യങ്ങളിൽ തുടങ്ങി ലോകത്തിന്റെ മററു ഭാഗങ്ങളിലേക്കു പകരും; എപ്പോഴും ശത്രുതയിലേപ്പെട്ടിരിക്കുന്ന ഈ രണ്ടു വർഗ്ഗക്കാർ തമ്മിലുള്ള യുദ്ധം ഒടുവിൽ തൊഴിലാളികളുടെ വിജയത്തിൽ കലാശിക്കും; വിജയശ്രീലാളിതരായ തൊഴിലാളികൾ മുതലാളിത്വത്തെ നശിപ്പിച്ചു് തങ്ങളുടെ സർവ്വാധിപത്യം സ്ഥാപിക്കും; ഈ തൊഴിലാളിസർവ്വാധിപത്യത്തിൽനിന്നു കമ്മ്യൂണിസ്റ്റ്സമുദായം ഉത്ഭവിക്കും; കമ്മ്യൂണിസ്റ്റ്സമുദായത്തിൽ വർഗ്ഗഭേദമോ ഉച്ചനീചത്വമോ ഉണ്ടായിരിക്കുകയില്ല; ഏററവും അഭികാമ്യമായ ഒരു പറുദീസാ ആയിരിക്കും അതു്—ഇവയാണ് ചുരുക്കത്തിൽ മാർക്സിന്റെ പ്രധാനപ്രവചനങ്ങൾ.

മാർക്സിന്റെ ഈ പ്രവചനങ്ങളൊന്നും ഇതേവരെ നിറവേറിയിട്ടില്ല; ഇനി നിറവേറുന്ന ലക്ഷണങ്ങളൊന്നും കാണുന്നുമില്ല. മാർക്സ് പറയുന്നതുപോലെ മുതലാളികളും തൊഴിലാളികളുമെന്ന രണ്ടു വർഗ്ഗക്കാർ മാത്രമല്ല ലോകത്തിലുള്ളതു്. ഇടത്തരക്കാർ ഇന്നു ലോകത്തിൽനിന്നു് അന്തരിച്ചിട്ടില്ല, നേരേമറിച്ചു് അവരുടെ സംഖ്യയാണ് വർഷംതോറും വർദ്ധിച്ചുവരുന്നതു്. ബഹുഭൂരിപക്ഷക്കാരായ സാധാരണജനങ്ങൾ പട്ടിണിയാൽ വലയുന്ന തൊഴിലാളികളുമല്ല, അമിതധനം ശേഖരിച്ചു് സുഖലോലുപമായ ജീവിതം നയിക്കുന്ന മുതലാളികളുമല്ല. ഇന്നത്തെ തൊഴിലാളികളിൽ അനേകംപേർ സമുദായത്തിലെ ഇടത്തരം വർഗ്ഗത്തിൽ ഉൾപ്പെടുന്നു. അമേരിക്ക, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിലെ വ്യവസായശാലകളിൽ ജോലിചെയ്യുന്നവർക്കു് നല്ല ശമ്പളം കിട്ടുന്നുണ്ടു്. ഈ ശമ്പളം അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൃപ്തികരമായി ജീവിക്കുവാൻ മാത്രമല്ല, ഭാവി ആവശ്യങ്ങൾക്കായി നിക്ഷേപിക്കുവാനും ഉതകുന്നുണ്ടു്. തൊഴിലാളിസംഘടനകളുടെയും മററും ഫലമായി അവരുടെ സാമ്പത്തികസ്ഥിതി ഉയർന്നുവരുന്നു.

ഇതുപോലെതന്നെ മുതലാളിമാരുടെ എണ്ണം കുറയുന്നതിനുപകരം വർദ്ധിച്ചുവരികയാണ്. ഇന്നു് വ്യവസായശാലകളും കൃഷിത്തോട്ടങ്ങളുമുള്ളവർ അനവധിയാണ്. കുറെവർഷംമുമ്പു് തൊഴിലാളികളായിരുന്നവർപോലും ഇന്നു് വ്യവസായശാലകളുടെയും കൃഷിസ്ഥലങ്ങളുടെയും ഉടമസ്ഥന്മാർ ആയിട്ടുണ്ടു്. മുതലാളിമാരും തൊഴിലാളികളും അന്യോന്യം ശത്രുക്കളാണെന്നു പറയുന്നതിലും യാതൊരു വാസ്തവവുമില്ല. വസ്തുക്കളുടെ ഉല്പാദനത്തിനു് രണ്ടുകൂട്ടരുടെയും സഹായം അത്യാവശ്യമാണ്. അന്യോന്യം സഹകരിക്കാതെ തനിച്ചുനില്ക്കുന്നതു് രണ്ടുകൂട്ടർക്കും ഹാനികരമാണെങ്കിൽ അവർ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതു് അവർക്കും സമുദായത്തിനും നല്ലതാണ്. വാസ്തവത്തിൽ കമ്മ്യൂണിസത്തിന്റെ ആഗമനത്തിനുമുമ്പുവരെ മുതലാളിമാരും അവരുടെ കീഴിൽ ജോലിചെയ്തിരുന്ന തൊഴിലാളിമാരും തമ്മിൽ വലിയ ശത്രുതയൊന്നും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അവർ സാധാരണ ഐകമത്യത്തിലാണ് ജീവിച്ചിരുന്നതു്. തങ്ങളുടെ മുതലാളിമാരുടെ ധനത്തിലും അഭ്യുന്നതിയിലും അഭിമാനംകൊള്ളുന്ന തൊഴിലാളിമാർ ഇന്നു അനേകംപേരുണ്ടു്. ചുരുക്കത്തിൽ മാർക്സിന്റെ വർഗ്ഗമത്സരത്തെക്കുറിച്ചുള്ള നൂതനസിദ്ധാന്തമാണ് തൊഴിലാളിമാരും മുതലാളിമാരും തമ്മിലുള്ള ശത്രുതയ്ക്കു കാരണമാക്കിയതെന്നു് ബെർട്രാൻഡ് റസ്സൽ പറയുന്നു. കൂടാതെ കൂടുതൽ വ്യവസായീകരിച്ച രാജ്യങ്ങളിൽ ആദ്യം വിപ്ലവം തുടങ്ങുമെന്ന ദീർഘദർശനം വാസ്തവമായിരുന്നെങ്കിൽ തൊഴിലാളിമാരുടെ വിപ്ലവം ഇംഗ്ലണ്ടിലായിരുന്നു ആരംഭിക്കേണ്ടിയിരുന്നതു്. എന്നാൽ അവിടെ ഇപ്രകാരമൊരു വിപ്ലവം ഇതുവരെയും സംഭവിച്ചിട്ടില്ല. നേരേമറിച്ചു് വ്യവസായപുരോഗമനം സിദ്ധിക്കാത്ത കർഷകരുടെ രാജ്യമായിരുന്ന റഷ്യയിലാണ് വിപ്ലവമുണ്ടായതു്.

മാർക്സിന്റെ മററു പ്രവചനങ്ങളെപ്പോലെ കമ്മ്യൂണിസ്റ്റ്സമുദായത്തെക്കുറിച്ചുള്ള ദീർഘദർശനവും നിറവേറുന്ന യാതൊരു ലക്ഷണവും ഇനിയും കാണുന്നില്ല. കമ്മ്യൂണിസ്റ്റ്സമുദായം മാർക്സിന്റെ വെറും സ്വപ്നമാണ്. നാം ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നിടത്തോളം കാലം അതു് അപ്രാപ്യമായിത്തന്നെ സ്ഥിതിചെയ്യും. മാർക്സിന്റെ ഈ പ്രവചനം മനുഷ്യനു് പരിപൂർണ്ണസുഖമനുഭവിക്കുവാൻ ആഗ്രഹമുണ്ടെന്നു് എടുത്തുകാണിക്കുന്നു. ഇതാണ് മതത്തിന്റെ അടിസ്ഥാനമെന്നും നാം മുമ്പു പ്രസ്താവിച്ചു. നാം പാപവഴികളെ ഉപേക്ഷിച്ചു് സത്യമതനിയമങ്ങളനുസരിച്ചു് ദൈവസ്നേഹത്തിൽ വളർന്നാൽ നമ്മുടെ മരണശേഷം നിത്യാനന്ദഭാഗ്യമായ മോക്ഷരാജ്യത്തിലേക്കു് ദൈവം നമ്മെ ആനയിക്കും. അപ്പോൾമാത്രമേ നമ്മുടെ ആഗ്രഹങ്ങളെല്ലാം നിറവേറുകയുള്ളു. മാർക്സിന്റെ സ്വപ്നലോകമായ വർഗ്ഗഭേദമില്ലാത്ത സമുദായത്തിലും മനുഷ്യന്റെ ദുഃഖദുരിതങ്ങൾക്കു ശമനമുണ്ടാകുകയില്ലെന്നു് എഫ്. ജെ. ഷീഡ് പറയുന്നു. "മനുഷ്യജീവനു് മോട്ടോർ വാഹനങ്ങളിൽനിന്നുണ്ടാകുന്ന അപകടങ്ങൾ തുടർന്നുകൊണ്ടിരിക്കും; തന്റെ സ്നേഹഭാജനമായ ഭാര്യയുടെയോ മക്കളുടെയോ മരണം മനുഷ്യനെ സന്താപത്തിൽ മുഴുക്കും; സ്നേഹിതന്മാരുടെ വഞ്ചനയും മനുഷ്യനു സങ്കടമുളവാക്കുന്ന മററു പല തിന്മകളും ആ സമുദായത്തിലും ഉണ്ടായിരിക്കും."

ഭൂലോകപറുദീസായായ കമ്മ്യൂണിസ്റ്റ്സമുദായം ശീഘ്രം വരും, അതിനായി തൊഴിലാളികളെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിക്കണം എന്ന മാർക്സിന്റെ ആഹ്വാനം ആത്മാർത്ഥമായി വിശ്വസിക്കുന്നവർ ഇന്നുണ്ടോ എന്നു സംശയമാണ്. മാർക്സിനു് ഈ അമളി പററുവാനുള്ള കാരണമെന്താണ്? ഗ്രേ (Alexander Gray) എന്ന ഗ്രന്ഥകാരൻ ഇതിനുത്തരമായി ഇപ്രകാരമെഴുതുന്നു:- "മാർക്സ് പലപ്പോഴും സ്വപ്നം കാണുകയായിരുന്നു; അദ്ദേഹം ഈ ലോകത്തെ വിട്ടു് ഒരു സ്വപ്നലോകത്തിൽക്കൂടിയാണ് സഞ്ചരിച്ചിരുന്നതു്. അതിനാൽ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ സാക്ഷാൽ ജീവിതത്തിനും മനുഷ്യബുദ്ധിക്കും ഉപരിയായി സ്ഥിതിചെയ്യുന്നു." കാര്യൂ ഹൻടിന്റെ (R. N. Carew Hunt) വാക്കിൽ, മാർക്സിന്റെ വർഗ്ഗമത്സരം, കമ്മ്യൂണിസ്റ്റ്സമുദായം എന്നു തുടങ്ങിയ നൂതന ആശയങ്ങളെല്ലാം "അനിയന്ത്രിതഭാവനാശക്തിയുടെയും പാണ്ഡിത്യക്കുറവിന്റെയും ഫലമാണ്."

ഇപ്രകാരം തത്വശാസ്ത്രജ്ഞൻ, പ്രവാചകൻ, സമുദായോദ്ധാരകൻ എന്നീ നിലകളിൽ മാർക്സ് പൂർണ്ണപരാജയമടഞ്ഞിരിക്കുന്നു. കഴിഞ്ഞ ഉപന്യാസങ്ങളിൽ കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രവും അതിന്റെ പ്രധാന ആശയങ്ങളും വിവരിച്ചു് അവയെ നാം ഖണ്ഡിച്ചു. നിരീശ്വരത്വത്തിന്മേലും ഭൗതികവാദത്തിന്മേലും അടിയുറച്ച കമ്മ്യൂണിസത്തിൽനിന്നും യാതൊരു നന്മയും നമുക്കു പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. കമ്മ്യൂണിസം മനുഷ്യന്റെ എല്ലാവക പുരോഗമനത്തിനും എതിരായി നില്ക്കുന്നു; അതു മനുഷ്യന്റെ ഏററവും അഭിമാനകരമായ സ്വാതന്ത്ര്യത്തെ ഹനിച്ചു് അവനെ മൃഗതുല്യമാക്കുന്നു. ഇന്നു് അജ്ഞരായ സാധുക്കളുടെ ഇടയിൽ കമ്മ്യൂണിസത്തിനു് ഒരു സ്ഥാനമുണ്ടെങ്കിൽ അതു് കമ്മ്യൂണിസ്റ്റുകാരുടെ വഞ്ചനയുടെയും കപടതന്ത്രങ്ങളുടെയും ഫലമാണ്. എന്നാൽ അവരെയും അധികനാൾ വഞ്ചിക്കുവാൻ സാധിക്കുകയില്ല; ഇന്നല്ലെങ്കിൽ നാളെ അവർ കമ്മ്യൂണിസത്തിന്റെ തനിനിറം മനസ്സിലാക്കും. അപ്പോൾ അവരുടെ അബദ്ധം അവർ ഏററുകൊണ്ടു് കമ്മ്യൂണിസത്തിനുവേണ്ടി പോരാടുന്നതിനുപകരം അവർ അതിനെ തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചു് എതിർക്കും. മനുഷ്യന്റെ സകല

ആദ്ധ്യാത്മികവീഥി

# ജ്ഞാനവായന

ദൈവത്തിന്റെ വത്സലമക്കളേ,

"ആദ്ധ്യാത്മിക ഗ്രന്ഥപാരായണ"മെന്നോ മറോ ഇന്നത്തെ ലേഖനത്തിനു പേരുകൊടുക്കാമായിരുന്നു. എങ്കിലും കേട്ടുപരിചയമുള്ള ഒരു പഴയ വാക്കുതന്നെ ഇരിക്കട്ടെ എന്നു വച്ചതാണ്.

നമ്മുടെ മനസ്സിനിണങ്ങിയ, നമുക്കു വേണ്ട ഉപദേശങ്ങൾ തരുന്നതിനു് പ്രാപ്തിയും സമയവും സൗകര്യവുമെല്ലാമുള്ള ആത്മപിതാക്കന്മാരെ ലഭിക്കാൻ ചിലപ്പോൾ സാധിച്ചെന്നുവരുകയില്ല. ഇനി അഥവാ ലഭിക്കുന്നെങ്കിൽതന്നെയും അവരെ ആവശ്യാനുസരണം സമീപിക്കുന്നതിനുള്ള സമയമോ സൗകര്യമോ നമുക്കുണ്ടായില്ലെന്നുവരാം. പ്രസ്തുത ന്യൂനതകൾ കുറെയെല്ലാം പരിഹരിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമാണ് ജ്ഞാനവായന.

നാം എത്രതന്നെ നല്ല പുസ്തകങ്ങൾ വായിച്ചിരുന്നാലും ആത്മപിതാവിന്റെ ഉപദേശം വല്ലപ്പോഴുമെങ്കിലും, പ്രത്യേകിച്ചു എന്തെങ്കിലും ഗൗരവമായ തീരുമാനം ചെയ്യുന്നതിനു മുൻപു സ്വീകരിക്കണമെന്നുള്ളതു നിർബന്ധമാണ്. എന്നിരുന്നാലും ഉത്തമഗ്രന്ഥങ്ങൾക്കു ആത്മപിതാവിനില്ലാത്ത ചില ഗുണങ്ങളെല്ലാമുണ്ടു്.

ഒന്നാമതുതന്നെ എല്ലായ്പോഴും അവയെ നമ്മോടുകൂടി കൊണ്ടുനടക്കുകയും സൂക്ഷിക്കുകയും ചെയ്യാം. നമുക്കു സൗകര്യമുള്ള ഏതു സമയത്തുവേണമെങ്കിലും, യാത്രയിലോ വീട്ടിലായിരിക്കുമ്പോഴോ, രാത്രിയോ പകലോ എവിടെവച്ചും അവയിൽനിന്നു നമുക്കുപദേശം ആരായാം.

കൂടാതെ ഒരു മനുഷ്യനു മുഖത്തുനോക്കി നമ്മോടുപറയാൻ വിഷമം തോന്നാവുന്ന പല വിഷയങ്ങളെ സംബന്ധിച്ചും ഉദ്ബോധനം നൽകുന്നതിനു ഗ്രന്ഥങ്ങൾക്കു സാധിക്കും.

മാത്രമല്ല നമുക്കാവശ്യമുള്ള സകല സംഗതികളും ഒന്നും വിടാതെ പറഞ്ഞുതരുന്നതിനു ആർക്കും കഴിഞ്ഞെന്നു വരുകയില്ല. നല്ല പുസ്തകങ്ങൾ വളരെക്കാലം പണിപ്പെട്ടു എഴുതപ്പെട്ടിട്ടുള്ളവയാകയാൽ നാം അറിഞ്ഞിരിക്കേണ്ട എല്ലാ സംഗതികളുംതന്നെ വേണ്ടവണ്ണം ക്രമീകരിച്ചു അവയിൽ പ്രതിപാദിച്ചുകാണും.

നല്ല ആദ്ധ്യാത്മികഗ്രന്ഥങ്ങൾ വഴി ദൈവംതന്നെ നമ്മോടു സംസാരിക്കുന്നതായി കരുതാമെന്നാണു ദൈവശാസ്ത്രജ്ഞന്മാർ പറയുന്നതു്.

മേല്പറഞ്ഞ കാരണങ്ങളാൽ പുണ്യമായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാംതന്നെ ജ്ഞാനവായനയ്ക്കായി കുറെസമയം പ്രതിദിനം മാററിവയ്ക്കാറുണ്ടു്. സന്യാസികൾക്കു് പ്രതിദിനജ്ഞാനവായന നിർബന്ധിതവുമാണ്.


അടുത്ത ദിവസം ജ്ഞാനവായനയ്ക്കുള്ള പുസ്തകങ്ങളെപ്പററി പറയാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## നവദമ്പതികൾ



ആലുവാ മുനിസിപ്പൽ ചെയർമൻ ശ്രീ യു. ജെ. മത്തായിയുടെ പുത്രി ശ്രീമതി ഗ്രേസും, കാവാലത്തുചിറയിൽ ശ്രീ തോമസിന്റെ പുത്രൻ ശ്രീ ജോയിയും.




സിസ്റ്റർ അൽഫോൻസായുടെ മദ്ധ്യസ്ഥതയാൽ രോഗം സുഖപ്പെട്ടതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

Lilly Joe

തിരുസഭാചരിത്രം 81

# തിരുസഭയും കിരാതവർഗ്ഗങ്ങളും

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

ഇനിയും പ്രതികൂലസാഹചര്യങ്ങളേയും സഭയ്ക്കുണ്ടായ കോട്ടങ്ങളേയുംപററി ചിന്തിക്കാം. സഭയും കിരാതന്മാരുമായുണ്ടായ പ്രഥമ സമ്പർക്കത്തിൽ ക്രിസ്തുമതത്തിൻെറ ആദ്ധ്യാത്മികമൂല്യങ്ങളും ഉന്നതമായ പരിശുദ്ധിയും കിരാതന്മാരുടെ അനിയന്ത്രിതമായ പ്രാകൃതസ്വഭാവത്തിനടിപ്പെട്ടു പോകുമെന്നു ശങ്കിക്കേണ്ടിയിരുന്നു. ആദ്യഘട്ടത്തിൽ ആദ്ധ്യാത്മികമൂല്യങ്ങൾക്കു അല്പം കോട്ടം സംഭവിക്കാതിരുന്നില്ല. പ്രകൃത്യാ തന്നെ ഇന്ദ്രിയഗോചരമായ വസ്തുക്കളിലാണ് അവർക്കു കൂടുതൽ താല്പര്യമുണ്ടായിരുന്നതു്. ബുദ്ധിയും ഭാവനയുംകൊണ്ടുമാത്രം ഗ്രഹിക്കാവുന്ന കാര്യങ്ങൾ അവരെ അത്രയ്ക്കു ആകർഷിച്ചിരുന്നില്ല. ഈ സ്വഭാവം അവരുടെ പ്രാർത്ഥനകളിലും മതാനുഷ്ഠാനങ്ങളിലും പ്രതിഫലിച്ചു. അപരിമേയമായ ശക്തിയും മഹത്വവും നിറഞ്ഞ ദൈവത്തിൻെറ സന്നിധിയിൽ പ്രാർത്ഥനകൾ അർപ്പിക്കുന്നതിനെക്കാൾ പുണ്യവാന്മാരോടു പ്രാർത്ഥിക്കുന്നതിനാണ് അവർ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നതു്. കാരണം പുണ്യവാന്മാരുടെ ശവകുടീരങ്ങളിൽ ദൃഷ്ടിയുറപ്പിക്കുവാനും അവരുടെ തിരുശേഷിപ്പുകളെ സ്പർശിക്കുവാനും ഈ കിരാതഭക്തന്മാർക്കു സാധിച്ചിരുന്നു. ദൈവമാകട്ടെ അവർക്കു അദൃശ്യനും അപ്രാപ്യനുമായിരുന്നു. കിരാതന്മാരുടെ ഈ സ്ഥാനംതെററിയ ആരാധനയും പ്രാർത്ഥനകളും പലപ്പോഴും അന്ധവിശ്വാസത്തിൻെറ ഏററവും നിഷിദ്ധങ്ങളായ പ്രകടനങ്ങളായി അധഃപതിച്ചിരുന്നു. ഭൂതപൂജ, പ്രേതോച്ചാടനം, മന്ത്രവാദം തുടങ്ങിയ പല ദുരാചാരങ്ങൾക്കും അവരുടെയിടയ്ക്കു് പ്രചാരം സിദ്ധിക്കയുണ്ടായി. മദ്ധ്യയുഗങ്ങളിൽ സഭയ്ക്കു നേരിടേണ്ടിവന്ന ഒരു ഗൗരവപ്രശ്നമായിരുന്നു ഇതു്. എന്നാൽ തിരുസ്സഭ കിരാതന്മാരുടെ മാനസികമായ കഴിവിനൊത്തവണ്ണമുള്ള പ്രബോധനരീതികൾ നടപ്പിലാക്കിക്കൊണ്ടു് ഈ ദുരാചാരങ്ങളെ ക്രമേണ നിർമ്മാർജ്ജനം ചെയ്യുകയും അവരുടെ ആദ്ധ്യാത്മികനിലവാരം ഉയർത്തുകയുംചെയ്തു.

കൂടാതെ ഈ നൂതനവർഗ്ഗങ്ങളുടെ ജീവിതാദർശം ശക്തിയിലും അക്രമത്തിലും അധിഷ്ഠിതമായിരുന്നു. പ്രതിയോഗികളെ ബലംപ്രയോഗിച്ചു് അടിപ്പെടുത്തുകയും അവരുടെ വസ്തുവകകൾ പിടിച്ചെടുക്കുകയും ചെയ്യുകയെന്നതു ഏററവും സ്തുത്യർഹമായ ഒരു ജീവിതധർമ്മമായിട്ടാണ് അവർ കരുതിയിരുന്നതു്. മതസംബന്ധമായ കാര്യങ്ങളിലും ഈ രീതിതന്നെ അവർ അനുവർത്തിച്ചു. സഭയുടെ വസ്തുക്കൾ ബലമായി കരസ്ഥമാക്കുക, വൈദികാധികാരസ്ഥാനങ്ങളിൽ അനധികൃതമായി കയറിപ്പററുക മുതലായ ദുർനടപടികൾ ക്രിസ്തുമതം സ്വീകരിച്ചതിനുശേഷവും ഫ്രാങ്കുകളുടെ ഇടയ്ക്കു സർവ്വസാധാരണമായിരുന്നു.

കിരാതന്മാരുടെ പരിഗണനയിൽ ഒരു വ്യക്തിയുടെ മഹനീയതയുടെ മാനദണ്ഡം അയാളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണവും യുദ്ധരംഗത്തു് അയാൾക്കു പ്രയോഗിക്കുവാൻ കഴിയുന്ന ശക്തിയുടെ വലുപ്പവുമായിരുന്നു. ഈ മാനദണ്ഡം സഭാകാര്യങ്ങളിലും സ്വീകൃതമായതിൻെറ ഫലമായി മദ്ധ്യയുഗങ്ങളിലെ മെത്രാന്മാർ വമ്പിച്ച ഭൂസ്വത്തുടമസ്ഥന്മാരും പടയാളികളുമായി പരിവർത്തനം പ്രാപിക്കുന്നതു കാണാം. തദ്ഫലമായി പൗരോഹിത്യപദവിക്കു് അനുയോജ്യമല്ലാത്തതായ പല രംഗങ്ങളിലും പ്രവർത്തിക്കുവാൻ അവർ നിർബന്ധിതരായിത്തീരുകയുംചെയ്തു.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപു്.

ജർമ്മൻവർഗ്ഗങ്ങളുടെ നേതൃത്വത്തിൽ രൂപമെടുത്ത ക്രൈസ്തവരാജ്യങ്ങളുടെ ഒരു പ്രത്യേകത മതവും രാജ്യകാര്യങ്ങളും തമ്മിലുണ്ടായ ദൃഢമായ ഏകീഭാവമാണ്. മതത്തിനു് ഭരണമണ്ഡലത്തിലും പൗരജീവിതത്തിൻെറ എല്ലാ സരണികളിലും സാർവ്വത്രികമായ സ്വാധീനം ചെലുത്തുവാൻ സാധിച്ചു. മതം രാഷ്ട്രത്തോടു ദൃഢബന്ധം പുലർത്തിക്കൊണ്ടു് ലൗകികവ്യാപാരങ്ങളെയെല്ലാംനിയന്ത്രിച്ചിരുന്നു. ഈ വ്യവസ്ഥിതിയിൽനിന്നും സംജാതമായ സാംസ്കാരികമായ ഏകീഭാവം മദ്ധ്യയുഗങ്ങളുടെ ഒരു വലിയ നേട്ടമായിരുന്നുവെന്നുള്ളതിൽ സംശയമില്ല. ആധുനികകാലത്തെപ്പോലെ ജീവിതം മതപരം, രാഷ്ട്രീയം, തൊഴിൽപരം എന്നിങ്ങനെ പല കള്ളികളായി വേർതിരിക്കപ്പെട്ടിരുന്നില്ല. മതാത്മകമായ ഒരടിസ്ഥാനത്തിൽ ജീവിതത്തിനു ഒരു ഏകീകൃതസ്വഭാവം കൈവന്നിരുന്നു. എന്നാൽ ആദ്ധ്യാത്മികത്വവും ലൗകികത്വവും തമ്മിലുള്ള ഈ വേഴ്ചയിൽ ആദ്ധ്യാത്മികകാര്യങ്ങൾ ലൗകികശക്തിക്കു് കീഴ്പ്പെട്ടുപോകുവാൻ ഇടയുണ്ടായിരുന്നു. പ്രത്യേകിച്ചും ജർമ്മൻവർഗ്ഗങ്ങൾക്കു് അവരുടെ ലൗകികമായ ശക്തിയുടെ കഴിവുകളിൽ അതിരുകടന്ന വിശ്വാസവുമുണ്ടായിരുന്നല്ലോ. ലൗകികാധികാരവും സഭയുടെ ആദ്ധ്യാത്മികാധികാരവും തമ്മിൽ പലപ്പോഴും തീവ്രമായ ശക്തിമത്സരം നടക്കുന്നതായും നമുക്കു കാണാം. കാലാന്തരത്തിൽ യൂറോപ്പിൽ ദേശീയസഭകൾ (National Churches) രൂപമെടുത്തതും ആദ്ധ്യാത്മികത്വത്തെ ലൗകികാധികാരത്തിനു വിധേയമാക്കുവാനുള്ള വാസനയുടെ ഫലമായിട്ടാണ്.

ജർമ്മൻവർഗ്ഗങ്ങൾ പ്രകൃത്യാതന്നെ സാർവ്വത്രികത്വത്തെ (Universalism) ക്കാൾ കൂടുതലായി അവരുടെ വർഗ്ഗീയമായ (tribal) പ്രത്യേകഭാവത്തെ (particularism) യാണ് ഇഷ്ടപ്പെട്ടിരുന്നതു്. തിരുസ്സഭയും കിരാതവർഗ്ഗങ്ങളുമായുള്ള വേഴ്ചയുടെ ആദ്യഘട്ടത്തിൽ അവർക്കു പറയത്തക്ക സംസ്കാരമോ ബുദ്ധിവികാസമോ ഇല്ലായിരുന്നു. പശ്ചിമയൂറോപ്പിൻെറ നാഥന്മാരായിത്തീർന്ന ഈ ജനപദങ്ങൾക്കു് വിജ്ഞാനവും സംസ്കാരവും നൽകുകയെന്നതു് ചരിത്രപരമായ ഒരാവശ്യമായിരുന്നു. ഈ മഹൽസംരംഭത്തിൻെറ നിർവ്വഹണം കത്തോലിക്കാസഭ സ്വയം ഏറെറടുക്കുകയും അതിൽ പ്രശസ്തമായ വിജയം കൈവരിക്കുകയുംചെയ്തു.

ജർമ്മൻവർഗ്ഗങ്ങൾക്കു് ബുദ്ധിപരമായ പക്വതയും സ്വാതന്ത്ര്യബോധവും പ്രദാനംചെയ്യുക എന്നതായിരുന്നു സഭയുടെ വിദ്യാഭ്യാസപരിപാടിയുടെ ഒരു പ്രധാനലക്ഷ്യം. മദ്ധ്യയുഗങ്ങളിൽ കൂടി ഈ പരിപാടി പുരോഗമിക്കുകയും ജർമ്മൻവർഗ്ഗങ്ങളുടെ നൈസർഗ്ഗികമായ കഴിവുകളും വാസനകളും പൂർണ്ണമായ വളർച്ചയെ പ്രാപിക്കയുംചെയ്തു. ഒരുകാലത്തു് കിരാതന്മാരെന്നു കരുതപ്പെട്ടിരുന്ന ജർമ്മൻവർഗ്ഗങ്ങൾ അനന്തരശതാബ്ദങ്ങളിൽ വിജ്ഞാനം, കല, ശാസ്ത്രം തുടങ്ങിയ മണ്ഡലങ്ങളിൽ അത്ഭുതകരമായ നേട്ടങ്ങളുടെ അവകാശികളായിത്തീർന്നു. വിദ്യാഭ്യാസം മുഖേന വികസിതങ്ങളായിത്തീർന്ന അവരുടെ കഴിവുകൾ തിരുസ്സഭയുടെ പ്രവർത്തനപരിപാടികൾക്കും ലക്ഷ്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ പ്രയോഗിക്കപ്പെട്ടിരുന്നിടത്തോളംകാലം സഭയുടെ അഭിവൃദ്ധിക്കും ശക്തിവർദ്ധനവിനും അതു സഹായകമായിരുന്നു. ഇങ്ങനെ തിരുസ്സഭയും ജർമ്മൻവർഗ്ഗങ്ങളും കൂടിയുള്ള സഹവർത്തിത്വത്തിൻെറ ഫലമായിട്ടാണ് മദ്ധ്യയുഗങ്ങളിലെ ഏററവും ഭാസുരമായ കാലഘട്ടം ഉടലെടുത്തതു്.

എന്നാൽ കാലാന്തരത്തിൽ ജർമ്മൻവർഗ്ഗങ്ങളിൽ അന്തർലീനമായിക്കിടന്നിരുന്ന വ്യതിരിക്തവാസനകൾ (particularist tendencies) ശക്തിപ്രാപിക്കുവാൻതുടങ്ങി. തിരുസ്സഭ അവർക്കു നൽകിയ ബുദ്ധിവികാസവും സ്വതന്ത്രചിന്താശക്തിയും അവരുടെ വർഗ്ഗീയമായ പ്രത്യേക സ്വഭാവവിശേഷങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനും വർഗ്ഗീയമായ അഭിനിവേശങ്ങൾ സാധിക്കുന്നതിനുമായി അവർ വിനിയോഗിക്കുവാൻതുടങ്ങി. ആദ്യശതകങ്ങളിലെ യഹൂദവൽക്കരണവാദികൾ ക്രിസ്തുമതത്തെ യഹൂദാചാരമുറകൾകൊണ്ടു ബന്ധിക്കുവാൻ ശ്രമിച്ചതുപോലെ ജർമ്മൻവർഗ്ഗങ്ങൾ തിരുസ്സഭയുടെമേൽ അവരുടേതായ ഒരു പ്രത്യേകമുദ്ര പതിപ്പിക്കുവാൻ ശ്രമിച്ചു. ഈദൃശമായ വ്യതിരിക്തവാസനകൾ ശക്തിപ്രാപിച്ചതിൻെറ ഫലമായി തിരുസ്സഭയുടെ സാർവ്വത്രികത്വം ശിഥിലമായിത്തീരുകയും അവളുടെ ശക്തി ക്ഷയോന്മുഖമാവുകയുംചെയ്തു. മദ്ധ്യയുഗങ്ങളുടെ അന്ത്യപാദത്തിലാണ് ഈ പരിവർത്തനം സംഭവിച്ചതു്. ഏകവും സാർവ്വത്രികവുമായ തിരുസ്സഭയുടെ പ്രതിനിധികളായ വൈദികരുടെ നേതൃത്വത്തിൽ വളർന്നു പുഷ്ടിപ്രാപിച്ച ഏകീകൃതമായ ഒരു സംസ്കാരത്തിൻെറ സ്ഥാനത്തു് ബഹുവിധങ്ങളായ ദേശീയ (national) സംസ്കാരങ്ങൾ പ്രത്യക്ഷപ്പെട്ടു. സംസ്കാരമണ്ഡലത്തിലെ നേതൃത്വം വൈദികരിൽനിന്നും വ്യതിരിക്ത (particularist) വാസനകളോടുകൂടിയ അൽമേനികളിലേക്കു നീങ്ങി. സഭയുടെ സാർവ്വത്രികത്വത്തെ ശിഥിലമാക്കിക്കൊണ്ടുള്ള ഈ ഗതി രാഷ്ട്രീയം, കല, സാഹിത്യം തുടങ്ങിയ സരണികളിലേക്കു വ്യാപിച്ചതിൻെറ ഫലമായിട്ടാണ് Humanism, Renaissance (നവോത്ഥാനം) തുടങ്ങിയ പ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചതു്. ദേശീയമായ ചേരിതിരിവിനുള്ള പ്രവണതകൾ മതരംഗത്തു ചെലുത്തിയ പ്രാബല്യം ഹേതുവായിട്ടാണ് 16-ാം നൂററാണ്ടിലെ മതപരിഷ്കരണവിപ്ലവം (Reformation) പൊട്ടിപ്പുറപ്പെട്ടതും.

അങ്ങനെ മദ്ധ്യയുഗങ്ങളുടെ മഹനീയതയ്ക്കു വമ്പിച്ച സംഭാവനകൾ നൽകിയ ജർമ്മൻവർഗ്ഗങ്ങൾ അവരുടെ വർഗ്ഗീയമായ വ്യതിരിക്തവാസനകൾമൂലം ഒടുവിൽ സഭയുടെ സാർവ്വത്രികമായ ഐക്യത്തെ ശിഥിലമാക്കുകയും തിരുസ്സഭാഗാത്രത്തിൽ ദാരുണമായ ക്ഷതങ്ങൾ ഏല്പിച്ചതായ പ്രസ്ഥാനങ്ങൾക്കു കളമൊരുക്കുകയും ചെയ്യുകയുണ്ടായി.

—o—

## മി. പി. ജെ. സെബാസ്റ്റ്യൻ

### കത്തോ. കോൺഗ്രസ് പ്രസിഡണ്ടു്

കത്തോലിക്കാ കോൺഗ്രസിൻെറ ഇലക്ഷൻബോർഡു് ആഗസ്റ്റ് 28-ാംനു ഉച്ചകഴിഞ്ഞു് 4 മണിക്കു് കോട്ടയത്തു കോൺഗ്രസ് ഹെഡാഫീസിൽ യോഗം ചേർന്നു് വിവിധ തെരഞ്ഞെടുപ്പു കേന്ദ്രങ്ങളിൽനിന്നും ലഭിച്ച റിപ്പോർട്ടുകളും ബാലററു് പേപ്പറുകളും പരിശോധിച്ചു. ആകെ 529 സമ്മതിദായകരാണ് വോട്ടുചെയ്യേണ്ടതായി ഉണ്ടായിരുന്നതു്. ഇവരിൽ 355 പേർ വോട്ടുചെയ്യുകയുണ്ടായി. ഒരു വോട്ടു തള്ളപ്പെട്ടു. 261 വോട്ടുകൾ മി.



പി. ജെ. സെബാസ്റ്റ്യനും, 93 വോട്ടുകൾ ഷെവലിയർ തര്യതു കുഞ്ഞിത്തൊമ്മനും കിട്ടുകയാൽ മി. പി. ജെ. സെബാസ്റ്റ്യൻ അഖിലകേരളകത്തോലിക്കാ കോൺഗ്രസിൻെറ അടുത്ത പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി ബോർഡ് പ്രഖ്യാപനം ചെയ്തിരിക്കുന്നു. വിവിധ കേന്ദ്രങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 24 കൗൺസിലർമാരുടെ തെരഞ്ഞെടുപ്പും ബോർഡ് അംഗീകരിക്കുകയുണ്ടായി.

—o—



## നീർവീഴ്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടുമ്പോഴായും, രക്തം കലന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശ്ശസ്സും) മൂലം ഉദരത്തിലുള്ള വായുവിൻെറ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കുടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ടു് നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതിക്കുകയും ചെയ്യുമ്പോഴാണ് തുമ്മൽ, മൂക്കിൽനിന്നുള്ള വെള്ളം (കഫം) വരവു്, മൂക്കടപ്പു്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവു്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ടു് (രക്തവാതം), കഴുത്തു്, പുറം മുതലായ അംഗങ്ങളിൽ കഴപ്പു്, വായ, മൂക്ക്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തം വരവു് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്കു്), ചുമച്ചു്കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടു കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്തു്, തടിപ്പു്, കുരു, നീരു്, കുഷ്ഠം തുടങ്ങിയവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണ്. ഉഷ്ണാധിക്യത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണ് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽനിന്നുതന്നെ ഉഷ്ണാധിക്യത്തിൽ നിന്നാണ് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലൊ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിയ്ക്കാത്തതുകൊണ്ടാണ് പലക്കും തങ്ങളുടെ ആയുഷ്കാലം മുഴവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണ്.

### നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം തുടങ്ങിയവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിൻെറ ദൃഷ്ടാന്തമാണ് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാതൈലം" ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശ്ശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

### നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കായ്ക നിമിത്തം ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നൊ, രണ്ടൊ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പു്, നീരു് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ചു് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, ഉപ്പു്, പുളി, എരിവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററ അന്നപാനങ്ങളേയും, പ്രവൃത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ചു് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളവയും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണ്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്ക് | 2–0–0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് | 4–0–0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്ക് | 3–0–0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, പാലക്കാടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ,** നെല്ലായി.

ആഖ്യായിക




അദ്ധ്യായം 9

## 'നിങ്ങളുടെ പിതാവു കൃപാലുവാകുന്നതുപോലെ നിങ്ങളും കൃപാലുക്കളാകുവിൻ'

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

രാത്രിയിൽ കട്ടിയായി മഞ്ഞു പെയ്തു. വിശുദ്ധ നഗരത്തിലെ തെരുവുകൾ ഹിമാവൃതമായി. കഠോരമായ ഹേമന്തത്തിൽപോലും ഒരസാധാരണകാഴ്ച. കിഴവന്മാർ കിടുകിടാ വിറച്ചു ഇടുങ്ങിയ തെരുവുകളിൽക്കൂടി സഞ്ചരിച്ചപ്പോൾ കൊച്ചുകുട്ടികൾ സംഘം ചേർന്നാഹ്ലാദിച്ചു. അവർ കളിക്കുകയും ചിരിക്കുകയും മഞ്ഞുകട്ടി കിട്ടുന്നിടത്തെല്ലാം ചെയ്യാറുള്ളതുപോലെ മഞ്ഞുകൊണ്ടു് പന്തുണ്ടാക്കി പരസ്പരം എറിയുകയും ചെയ്തു. ബഥാനിയായിൽ തന്റെ മിത്രങ്ങളോടൊന്നിച്ചു് ശാബദു് കഴിക്കണമെന്നായിരുന്നു അരിമത്ത്യൻ ജോസഫ് കരുതിയതു്. അതിരാവിലെ സ്വവസതിയിൽനിന്നിറങ്ങി അദ്ദേഹം നഗരവീഥികൾ അതിദ്രുതം സഞ്ചരിച്ചു. ദേവാലയക്കുന്നിനു സമീപം പഴയ മതിൽ കടന്നുകഴിഞ്ഞപ്പോൾ കണ്ടതു് യറുശലേമിലെ കുട്ടികളിൽ ഒരു നല്ലഭാഗം അവിടെ സമ്മേളിച്ചു് ആഹ്ലാദഭരിതരായി വിനോദസമരം നടത്തുന്നതായിരുന്നു. ഇസ്രായേൽജനം നാട്ടിൻപുറങ്ങളിൽനിന്നു് ധാരാളം വിശുദ്ധനഗരത്തിൽ സന്നിഹിതരാകാറുള്ള പ്രധാന ഉത്സവാവസരങ്ങളിൽപോലും ഉണ്ടാകാത്ത കോലാഹലമായിരുന്നു അവിടെ. ഉന്മേഷഭരിതരായ കുട്ടികൾക്കു് മാത്രം ഉണ്ടാക്കുവാൻ കഴിയുന്ന രീതിയിലുള്ള ശബ്ദവും ബഹളവും. അവർ സംഘം ചേർന്നു് സമരം നടത്തി. ചെളിപൂണ്ട ചെറുകരങ്ങളിൽ പെട്ടു് കോട്ടം തട്ടിയ ഹിമകന്ദുകങ്ങൾ ആലിപ്പഴംകണക്കെ ആകാശം നിറഞ്ഞു.

അവിടെ വെറും വിനോദസമരമല്ല നടന്നതെന്നു ജോസഫിനു പെട്ടെന്നു് മനസ്സിലായി. ഒരുഭാഗത്തുള്ള കുട്ടികൾ ദാവീദിൻ നക്ഷത്രം ധരിച്ചിരുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ ആ കൂട്ടർ ഏറ്റുമുട്ടലിനു സന്നദ്ധരായി. ആഞ്ഞടുക്കുന്നതായും മററവർ തട്ടും ഒഴിഞ്ഞുമാറിയും കഴിയുന്നതായും ബോദ്ധ്യപ്പെട്ടു. കുഴപ്പം ബാലലോകത്തിലും വ്യാപിച്ചല്ലോയെന്നോർത്തു ജോസഫ് ചിന്താകുലനായി. ഇങ്ങനെയായാൽ എവിടെ അവസാനിക്കും? കുട്ടികളുടെ ഉന്മേഷപ്രകടനത്തിൽ ആദ്യംതോന്നിയ ആനന്ദംജോസഫിൽനിന്നു മാഞ്ഞു മറഞ്ഞു. അദ്ദേഹം ഉന്മേഷരഹിതനായി പന്തേറു കൊള്ളാതെ കഴിയുവാൻ ഭവനഭിത്തികൾക്കടുത്തുമാറി യാത്രതുടർന്നു.

അന്തോനിയാ അട്ടത്തിന്റെ ഭാഗത്തുനിന്നു ഒരു സംഘം റോമൻഭടന്മാർ കബാത്തുമുറയ്ക്കു നടന്നുവരുന്നുണ്ടായിരുന്നു. കൈകാലുകളിൽ വലിയ ഭാഗം നഗ്നമായിരുന്ന അവരുടെ അവസ്ഥ ശോചനീയമെന്നു തോന്നി. മൂക്കും മുഖവുമൊക്കെ മഞ്ഞേററു് നീലനിറം പൂണ്ടിരുന്നു. മൊത്തത്തിൽ അമളി പററിയ ഭാവം. ഇററലിയുടെ തെക്കൻപ്രദേശങ്ങളിൽനിന്നു് വന്ന അവർക്കു ഈ ചില്ലറമഞ്ഞു് അത്യധികം ശീതകമായി തോന്നിയിരിക്കണം. സേനാവിഭാഗം അടുത്തു വന്നപ്പോൾ മഞ്ഞുകട്ടികൾകൊണ്ടുള്ള കുട്ടികളുടെ വിനോദസമരം പെട്ടെന്നവസാനിച്ചു. കുട്ടികൾ അമ്പരന്നു് തെരുവിന്റെ ഇരുവശങ്ങളിലേക്കും മാറി ഭടന്മാരുടെ പടക്കോപ്പുകളും അവരിൽ നേതാവിന്റെ കരത്തിൽ കണ്ട ഊരിയ വാളും അവരുടെ വിനോദരസത്തിനു് വിരാമമിട്ടു. നാഡിഞരമ്പുകൾ സ്തംഭിപ്പിച്ചു. ഒരു കെട്ടിടത്തിന്റെ കല്പടകൾക്കടുത്തുചെന്നു ജോസഫ് നിൽക്കുകയായിരുന്നു ഭടന്മാർ അടുത്തുവന്നപ്പോൾ. വിദേശികളായ ഭടസംഘത്തെ കണ്ടതോടെ അദ്ദേഹത്തിന്റെ മനഃപ്രയാസം വർദ്ധിച്ചവശനായി. കുട്ടികൾ തിങ്ങിക്കൂടിയ ഒരിടത്തുനിന്നു പെട്ടെന്നു ഒരു ഹിമഗോളം ഉയർന്നു. അതു് ഊക്കോടെ പാഞ്ഞു് സൈനികനേതാവിന്റെ മുഖത്തു് പതിക്കുന്നതും ജോസഫ് കണ്ടു.

ശതാധിപൻ ധൃതിയിൽ മുഖത്തുനിന്നു് മഞ്ഞു തുടച്ചെറിയുകയും അടുത്തു കണ്ട കുട്ടിയെ ലക്ഷ്യമാക്കി വാൾ വീശുകയും അരക്ഷണത്തിൽ കഴിഞ്ഞു. ഒരാർത്തനാദം, കുട്ടികളുടെ പരക്കംപാച്ചിൽ, തെരുവിന്റെ വിജനാവസ്ഥ! വെട്ടേററു നിലംപതിച്ച ബാലൻ, ശതാധിപന്റെ ആജ്ഞയനുസരിച്ചു് നിശ്ചലരായിത്തീർന്ന ഭടന്മാർ, പുരവാതിലിനു സമീപം തൂണുപോലെ മരവിച്ചുനിന്ന ജോസഫ്, ഇവർമാത്രം തെരുവിൽ അവശേഷിച്ചു. കുട്ടിയുടെ നിണമണിഞ്ഞു് ശോണവർണ്ണമേന്തിയ മഞ്ഞും അവൻ വീണ സ്ഥലത്തു കാണപ്പെട്ടു.

ശതാധിപൻ താണസ്വരത്തിൽ ആജ്ഞ നൽകിയതിനെത്തുടർന്നു് ഭടന്മാർ ജോസഫിനെ വളഞ്ഞു. "ഈ കുസൃതിക്കൂട്ടത്തിന്റെ നേതാവു! ഞങ്ങളോടുകൂടി വരു, മടിച്ചാൽ തല താഴെപോകാം."

ജോസഫ് പ്രശാന്തത വിടാതെ സംസാരിച്ചു: "ശതാധിപാ, താങ്കൾ തെററിദ്ധരിക്കുന്നു. ഞാൻ യാദൃച്ഛികമായി ഇതിലെ കടന്നുപോകുകയായിരുന്നു. നിങ്ങൾക്കെന്നെ തടവുകാരനാക്കുവാൻ പാടില്ല." അദ്ദേഹം കീശയിൽനിന്നു് വൃത്താകാരത്തിലുള്ള ഒരു ലോഹക്കഷണമെടുത്തു ശതാധിപനെ കാണിച്ചു. അതിന്റെ ഒരു വശത്തു് ഗരുഡന്റെ ചിത്രവും മറുവശത്തു് പ്രൊക്കുറയിററുടെ പേരും കൊത്തിയിരുന്നു. പ്രൊക്കുറയിററുടെ ഉററമിത്രങ്ങൾക്കു നൽകാറുണ്ടായിരുന്ന ഒരു രക്ഷാസാധനമായിരുന്നു അതു്. ശതാധിപൻ അതിന്റെ ശക്തിക്കധീനനായി.

"നിങ്ങൾ ആരാണു്?" അയാൾ ചോദിച്ചു.

"അരിമത്ത്യായിലെ ജോസഫ് എന്നാണു് എന്റെ പേരു്. നിങ്ങൾ കാണുന്നതുപോലെ ഞാൻ പ്രൊക്കുറയിററുടെ ഒരു സ്നേഹിതനാണു്."

"സംഭവം കണ്ടില്ലേ?"

"ഉവ്വ്, ഞാൻ കണ്ടു."

"എന്നെ ആക്രമിച്ചതും:"

"ഒരു കുട്ടി—മഞ്ഞുകട്ടികൊണ്ടു്."

"അതെന്തെങ്കിലുമാകട്ടെ."

"ആ പയ്യനെ കൊല്ലുവാൻമാത്രം കാര്യമുണ്ടായോ?" ജോസഫ് ചോദിച്ചു.

"തീർച്ചയായും."

"അതു്, യാതൊരു തെററും ചെയ്യാത്തവനെ?"

"അതൊക്കെ കിടക്കട്ടെ. കഴിവുള്ളവിധത്തിൽ ഞങ്ങളുടെ, ഭടന്മാരുടെ, അഭിമാനം സംരക്ഷിച്ചുകൊള്ളണമെന്നു് ഞങ്ങൾക്കു നിഷ്കർഷമായ ആജ്ഞ ലഭിച്ചിട്ടുണ്ടു്. ഏതായാലും ഈ സംഭവം സംബന്ധിച്ചു നിങ്ങൾ എന്റെ ഭാഗം സാക്ഷിയാണു്."

ജോസഫ് നൽകുന്ന മറുപടി കേൾക്കുവാൻ ശതാധിപൻ കാത്തുനിന്നില്ല. അയാൾ ഏതോ ആജ്ഞ നൽകി. ഭടന്മാർ വീണ്ടും അണിനിരന്നു മഞ്ഞിൽക്കൂടി അടിവെച്ചു് പാദശബ്ദമുണ്ടാക്കി കടന്നുപോകയുംചെയ്തു.

അനക്കമില്ലാതെ കഴിഞ്ഞ കുട്ടിയുടെ ശരീരത്തിനടുത്തു്, കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച ഒരു സ്ത്രീ, അവർ കണ്ണീർപൊഴിച്ചു് കരഞ്ഞലച്ചു. ജോസഫ അവരെ സമീപിച്ചു കുട്ടിയുടെ തോളിൽ ആഴത്തിൽ വെട്ടേററിരുന്നു. തന്റെ വസ്ത്രത്തിൽനിന്നു് ഒരുഭാഗം കീറിയെടുത്തു് മുറിവു കെട്ടുവാൻ സ്ത്രീ ശ്രമിച്ചു.

"നിങ്ങളുടെ കുട്ടിയാണോ?" ജോസഫ് ചോദിച്ചു.

സ്ത്രീ തലകുലുക്കി. ജോസഫ് മുറിവു പരിശോധിച്ചു. "മുറിവു് മരണകരമല്ല. നിങ്ങൾക്കു കുട്ടി നഷ്ടപ്പെടുകയില്ല." ജോസഫ് ആ മാതാവിനെ ആശ്വസിപ്പിച്ചു. പിന്നീടു് തന്റെ പക്കലുണ്ടായിരുന്ന അഴുക്കില്ലാത്ത ഒരു കഷണം തുണിയെടുത്തു് മുറിവു കെട്ടി. അപ്പോഴേക്കും കുട്ടി കൈകാലുകൾ അനക്കിത്തുടങ്ങി.

"നിങ്ങൾക്കു പണം കുറവാണു് അല്ലേ?" ജോസഫ് ചോദിച്ചു.

"ഞാൻ വിധവയാണു്. ഇതു കൂടാതെ മൂന്നു കുഞ്ഞുങ്ങളുണ്ടു്."

"ഞാൻ അരിമത്ത്യൻ ജോസഫാണു്. മൂന്നു ദിവസത്തിനുശേഷം വീട്ടിലേക്കു വന്നാൽ നിങ്ങൾക്കു അരിപ്പൊടിയും എണ്ണയും തരുന്നതിനേർപ്പാടുചെയ്യാം. കുട്ടിയെ ഒരു പുരോഹിതന്റെ പക്കൽ കൊണ്ടുപോയി ആവശ്യമായ ചികിത്സകൾ ചെയ്യണം. ഇതാ, അതിനുള്ള പണം. പുരോഹിതന്റെ പക്കൽ പോകാതിരിക്കരുതു്. ഇവിടെനിന്നു ദേവാലയത്തിലേക്കധികം ദൂരമില്ലല്ലോ."

പണം വാങ്ങുകയിൽ വിസ്മയഭരിതയായ മാതാവു് ദാതാവിനെ തുറിച്ചുനോക്കി. ദുരിതമുദ്ര ആഴത്തിൽ പതിഞ്ഞിരുന്ന അവളുടെ മുഖത്തു് ക്ഷണികമായ പ്രഭാപൂരം വിലസി.

"ഞങ്ങൾക്കുചെയ്ത ഈ ഉപകാരത്തിനു് സനാതനൻ അങ്ങേക്കു സമ്മാനം നൽകട്ടെ" എന്നു വിനയമസൃണമായ സ്വരത്തിൽ ആ വിധവ ആശംസിച്ചു. കുട്ടിയെ ഇരുകൈകളിൽ കോരിയെടുത്തു് ദേവാലയം ലക്ഷ്യമാക്കി ഉടൻ അവിടെനിന്നു പുറപ്പെട്ടു.

അപ്പോഴേക്കും കുറെ ആളുകൾ തെരുവിൽ പ്രത്യക്ഷരായി, മഞ്ഞിന്മീതെ കാണപ്പെട്ട ചോരക്കട്ടിനെ ഉററുനോക്കി വിമർശിക്കുകയായി. അരിമത്ത്യൻ ജോസഫ് സഞ്ചാരം തുടർന്നു. ദിനപ്രകാശവും അത്യുസുന്ദരമായ ആകാശവും ജോസഫിൽ ഉളവാക്കിയ ആനന്ദം പാടെ നശിച്ചു. ഇസ്രായേലിന്റെ ക്ലേശഭാരം തന്റെ തോളിൽ കുന്നിച്ചു് തന്നെ കീഴോട്ടമർത്തുന്നതായി ആ സമുദായാഭിമാനിക്കു തോന്നി. സ്വന്തം അസ്വാസ്ഥ്യം റോമൻ ശതാധിപന്റെ ക്രൗര്യം, നിർദ്ദോഷിയായ ബാലന്റെ രക്തധാര, വിധവയുടെ ദാരിദ്ര്യം ഇവയിൽനിന്നു മാത്രം ഉൽഭൂതമല്ലെന്നു ജോസഫിനു ബോദ്ധ്യംവന്നു. മറെറാരു കാരണംകൂടിയുണ്ടു്. അതെന്തെന്നോ? മുറിവേററ ബാലൻ ദാവീദിൻ നക്ഷത്രം ധരിച്ചിരുന്നു. "ബറാബാസ് യുവജനസംഘം! കഷ്ടം! സാധുക്കളായ ബാലന്മാർ!!" എന്നിങ്ങനെയായിരുന്നു ജോസഫിന്റെ ആത്മഗതം. ഒരു പെരുങ്കള്ളനിൽനിന്നു്, ഒരു പൊതുജനദ്രോഹിയിൽനിന്നു്, സ്വസമുദായത്തിനു മോചനം ലഭിക്കുമെന്നു് ജനങ്ങൾ വിശ്വസിക്കണമെങ്കിൽ അവരുടെ സ്ഥിതി എത്ര ഭയാനകമായി കഷ്ടാരിഷ്ടങ്ങളിൽ അണ്ടുപോയിരിക്കണം!

(തുടരും)

(12-ാംപേജ് തുടർച്ച)

പീററർ:- ക്രിസ്ത്യാനിയായ ഒരുത്തനോടു് ഇതൊന്നും പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. ഓഹോ! മനസ്സിലായി. ആ നിരീശ്വരപ്രസ്ഥാനക്കാരുടെ പുറകെ നടക്കുന്നതിന്റെ ഫലമാണിതു്. സ്നേഹിതാ, ഇതു നന്നല്ല. ഒന്നാമതായി നാം ദൈവത്തെ സ്നേഹിക്കണം." പീററർ പള്ളിയിലേക്കു പോയി.

ജോസഫ് കുളിച്ചു, കുറേനേരം കളിച്ചു. എങ്കിലും പീററരുടെ വാക്കുകൾ അവന്റെ മനസ്സിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. അവൻ ചിന്തിച്ചു. വീണ്ടും വീണ്ടും ചിന്തിച്ചു. അവന്റെ പ്രവൃത്തിയെപ്പററിയുള്ള അനുതാപം ഹൃദയത്തിൽ തിരതല്ലി. കുളിനിർത്തി അവൻ പള്ളിയിലേക്കോടി. വഴിക്കുവെച്ചു പള്ളിയിൽനിന്നും മടങ്ങിവരുന്ന പീറററെ ജോസഫ് കണ്ടുമുട്ടി.

ജോസഫ്:- (പീറററിനെ തടഞ്ഞിട്ടു് കരഞ്ഞുകൊണ്ടു്) ഹാ! പീററർ, നില്ക്കൂ! സ്നേഹിതാ, സ്നേഹിതന്റെ മാതൃക എന്റെ ആത്മാവിന്റെ കണ്ണുകൾക്കു വെളിച്ചം തന്നിരിക്കുന്നു. അന്ധകാരത്തിൽ മൂടപ്പെട്ട എന്റെ ആത്മാവിനെ, കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട എന്റെ ആത്മാവിനെ, പീററർ നീ വെളിച്ചത്തിലേക്കു് അല്ല, പ്രശാന്തസുന്ദരമായ, ആനന്ദസന്ദായകമായ, ഒരു ഭാവിയിലേക്കു തുറന്നുവിട്ടിരിക്കുന്നു. ഹാ! എന്റെ ദൈവമേ! സ്നേഹിതാ, എനിക്കു പള്ളിയിൽ പോകണം. ഹാ! ദൈവമേ! എന്നോടു ക്ഷമിക്കേണമേ. പീററർ നമുക്കു പള്ളിയിലേക്കു പോകാം. അടുത്ത കുർബാനകണ്ടു് എനിക്കു ദൈവത്തോടുള്ള കടമ നിറവേററണം. അവർ കൈകോർത്തുപിടിച്ചു് പള്ളിയിലേക്കു പോയി.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | | |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |



Reg. M. No. 2895

# Sathya Deepam

Vol. 29 Ernakulam, September 7, 1955 No. 5

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഇന്നെല്ലാവക്കും നേതാവാകാൻ വലിയകൊതിയാണ്. കുട്ടികൾക്കും, പ്രായമായവക്കും. നേതൃത്വം കിട്ടുന്നതു നല്ലതാണ്. പക്ഷെ അതു കിട്ടേണ്ടവിധത്തിൽ കിട്ടണം; ഉപയോഗിക്കേണ്ടവിധത്തിൽ ഉപയോഗിക്കണം. "ചട്ടമ്പി"ത്തരംകൊണ്ടു നേതാവായി കുസൃതിത്തരങ്ങൾക്കു ചരടുപിടിക്കുന്ന നേതൃത്വമാണ് ഇന്നു കുട്ടികളുടെ ഇടയിൽ സാധാരണമായി കാണുന്നതു്. അതുകൊണ്ടുണ്ടാകുന്ന ദൂഷ്യങ്ങൾ ബാലലോകത്തെ മുഴുവനും ബാധിക്കുകയും ചെയ്യുന്നുണ്ടു്. ഡോമിനിയുടെ നേതൃത്വം അതല്ലായിരുന്നു. സൽഗ്രന്ഥപാരായണം, ആരോഗ്യദായകമായ കളികൾ, അനുസരണാപാലനം എന്നിങ്ങനെയുള്ള സൽപ്രവൃത്തികളിലായിരുന്നു ആ നേതൃത്വം പരിലസിച്ചിരുന്നതു്. നമുക്കും ഈ നേതൃത്വത്തിനുവേണ്ടി ശ്രമിക്കരുതോ?

വല്യേട്ടൻ.




## വന്നിടുന്നു ഞാൻ

("മാരിവില്ലൊളി......" എ. മ.)

വന്നിടുന്നു ഞാൻ, വന്നിടുന്നു ഞാൻ
ജീവനാഥനിൽ വാഴുവാൻ,
വന്നിടുന്നു ഞാൻ, വന്നിടുന്നു ഞാൻ
നിത്യശാന്തിയിൽ വാഴുവാൻ,
ക്രിസ്തുരാജ! നിൻ പാദസേവനം
ചെയ്തു നിത്യം വസിക്കുവാൻ,
ക്ലേശപൂർണ്ണമാം ജീവിതത്തിന്റെ
ഭാരമൊന്നു കുറയ്ക്കുവാൻ,
കാപട്യം നിറയുന്നൊരീലോക-
ജീവിതം ധന്യമാക്കുവാൻ,
പുഞ്ചിരിപ്പൂതുപൂക്കളായ് നിന്റെ
മുമ്പിൽ വന്നു നിരക്കുവാൻ,
വന്നിടുന്നു ഞാൻ, സ്നേഹഗാനങ്ങൾ
പാടി നിന്നിൽ ലയിക്കുവാൻ,
മോഹനസ്വപ്നം കണ്ടു കണ്ടു നിൻ
മാധുര്യം നുകർന്നിടുവാൻ,
സ്നേഹമേറും നിൻ ഹൃത്തുപൂകിയെൻ
തപ്തമാനസം പാടുവാൻ,
പൂനിലാവിൽ നിൻ പുഞ്ചിരിപ്രഭ
തൂകിയങ്ങു ലസിക്കുവാൻ,
പുണ്യസൂനം നിറച്ചു മാനസം
സ്നേഹരാജനായ് നൽകുവാൻ,
ജീവിതത്തിന്റെ കൂരിരുട്ടിലും
സ്നേഹസിന്ധുവിൽ മുങ്ങുവാൻ (വന്നി....

(By S. K. K. R.)

### 37-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മരണം

### പ്രശ്നം നമ്പ്ര് 38

(തോമസ് കല്ലറയ്ക്കൽ, മുക്കാട്ടുകര)

രണ്ടു സ്ഥാനങ്ങളുള്ള ഒരു സംഖ്യ. പത്താംസ്ഥാനത്തെ (ആദ്യത്തെ) അക്കം ഒന്നാംസ്ഥാനത്തെ അക്കത്തേക്കാൾ അഞ്ചു കൂടുതലാണ്. രണ്ടക്കങ്ങളുടേയും ഗുണനഫലത്തിന്റെ നാലിരട്ടിയാകണമെങ്കിൽ പ്രസ്തുതസംഖ്യയോടു 13 കൂടി കൂട്ടണം. സംഖ്യപറയാമോ?

(ഉത്തരം അടുത്തതിൽ)

### 2. എന്റെ പേർ പറയാമോ?

(ജോസഫ് താവളം, ചങ്ങനാശേരി)

എന്റെ ശരീരത്തിൽ എട്ടു വാരിയെല്ലും ഒരു നട്ടെല്ലുമുണ്ടു്;

എന്റെ നിറം കറുകറുത്തതാണ്;

കുതിരപ്പുറത്തുതന്നെയാണ് എന്റെ സവാരിയും വിശ്രമവും;

ചിലർ എന്നെ ഒരാഡംബരവസ്തുവായി കൊണ്ടുനടക്കുന്നു;

എന്നെ വിട്ടൊഴിയുവാൻ പാടില്ലാത്ത ആവശ്യങ്ങൾ എല്ലാവക്കുമുണ്ടാകും;

എന്നെക്കൊണ്ടു ചെയ്യുന്ന കസ്സർത്തുകൾക്കു കൈയും കണക്കുമില്ല;

തല കീഴാക്കിപ്പിടിക്കും, തല മേലാക്കിപ്പിടിക്കും, കുത്തിനടക്കും, വീശിനടക്കും, വട്ടംപിടിച്ചു കൊണ്ടുനടക്കും, വഴിയിലിട്ടു മീതെ കയറിയിരിക്കും. ഒന്നിലും എനിക്കൊരു വഴക്കുമില്ല.

എന്റെ പേരിനു രണ്ടക്ഷരം. ഒന്നാമക്ഷരം കമുകുമരത്തിൽ കാണാം, രണ്ടാമക്ഷരം വീട്ടുവാടകയിൽ കിട്ടും.

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## പീററുടെ പ്രേഷിതത്വം

(എം. എം. ജോൺ എരമല്ലൂർ, വയസ്സ് 15)

വസന്തകാലത്തിലെ സമത്വസുന്ദരമായ ഒരു സുപ്രഭാതം. കിളികൾ വൃക്ഷക്കൊമ്പുകളിലിരുന്നു് ചില അവ്യക്തഗീതങ്ങൾ പാടുകയാണ്. കളകളാരവം പുറപ്പെടുവിച്ചുകൊണ്ടു് കാട്ടാറുകൾ മന്ദംമന്ദം ഒഴുകുന്നു. മന്ദമാരുതനേററു് ചെടികൾ തലയാട്ടുന്നു. കിഴക്കേ ചക്രവാളത്തിൽ ഇളംചുവപ്പുനിറത്തിലുള്ള മേഘപടലങ്ങൾകൊണ്ടു് ചില ചിത്രങ്ങൾ വരച്ചിരിക്കുന്നതു കാണാം. സൂര്യൻ പ്രകാശകതിരുകൾ പരത്തിക്കൊണ്ടു് മന്ദംമന്ദം ഉയർന്നുവരുന്നുണ്ടു്. ബാലാക്കന്റെ പ്രകാശമേററു് വയലുകളിലെ നെന്മണികൾ പവിഴംപോലെ തിളങ്ങുന്നു.

അങ്ങകലെ ഒരു കുളത്തിൽ രണ്ടുമൂന്നു ബാലന്മാർ സോല്ലാസം കളിച്ചുകൊണ്ടിരിക്കുന്നു. ആനന്ദസന്ദായകമായ അവരുടെ കളി കണ്ടിട്ടു്, കുയിലുകൾ പാടാതിരുന്നില്ല, സൂര്യൻ പുഞ്ചിരിക്കാതിരുന്നില്ല.

അതാ പള്ളിയിലെ മണിനാദം മുഴങ്ങുന്നു. ഉടൻ പീററർ കരയ്ക്കുകയറി പോകുവാൻ ധൃതികൂട്ടി. അപ്പോൾ സ്നേഹിതനായ ജോസഫ്:- പീററർ നീ എവിടെ പോകുകയാണ്?

പീററർ:- ഞാൻ പള്ളിയിൽ പോകുന്നു.

ജോസഫ്:- എടാ മണ്ടാ, നീയല്ലാതെ ഈ കുളിയും കളിയും മുടക്കി പള്ളിയിൽ പോകുമോ? വരൂ നമുക്കു കളിക്കാം.

പീററർ:- ഇല്ല, എനിക്കു പള്ളിയിൽ പോകണം. പള്ളിയിൽ പോകാതെ കളിക്കുന്നതു ദൈവകല്പനയ്ക്കു എതിരാണ്. അതുകൊണ്ടു ഞാൻ പോകുന്നു.

ജോസഫ്:- ഇതൊക്കെ നിന്നോടു് ആരുപറഞ്ഞു.

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1